# TRICHUR ARCHDIOCESAN BULLETIN


2025 മെയ് | വാല്യം: 92 | ലക്കം: 05




യേശു പിതാവിലേക്കുള്ള വഴി (യോഹ 14, 6)

*From* : Editor, Trichur Archdiocesan Bullettin, Catholic Archbishop's House,
Thrissur, Kerala - 680 005 Ph: 0487-2333325, 2338203, 2333542





മെയ് 1ന്

മെത്രാഭിഷേക വാർഷികം ആഘോഷിക്കുന്ന

**മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും**

**മാർ ജേക്കബ് തൂങ്കുഴി പിതാവിനും**

## പ്രാർത്ഥനാശംസകൾ

Trichur
Archdiocesan
Bulletin
TAB

ESTD:1934

മെയ് 2025

ലക്കം: 05 | വാല്യം: 92

05

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur
*Chief Editor*
**Fr. Francis Aloor**
*Executive Editor*
**Fr. Shijo Chiriyankandath**
*Design*
smritidesin.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

## ഉള്ളടക്കം

| | |
|---|---|
| സന്ദേശം | 4 |
| സന്ദേശം | 10 |
| സർക്കുലർ | 16 |
| സർക്കുലർ | 19 |
| സർക്കുലർ | 22 |
| കച്ചേരിക്കാര്യം | 25 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 29 |
| സഹായമെത്രാന്റെ പരിപാടികൾ | 30 |
| നാളാഗമം | 32 |
| നാമകരണ നടപടികൾ | 38 |
| വൈദികർ | 42 |
| സന്യസ്തർ | 44 |
| സാമ്പത്തിക കാര്യാലയം | 51 |
| വിശ്വാസ പരിശീലനം | 52 |
| സ്ഥാപനങ്ങൾ | 59 |
| സംഘടനകൾ | 68 |



## 1 സന്ദേശം

### പരിശുദ്ധ പിതാവ്
### ഫ്രാൻസിസ് പാപ്പാ

No. 4098/K-5/KCBC/OL/DS
11.04.2025

**ദൈവവിളികൾക്കായുള്ള 62-ാമത്
ആഗോള പ്രാർഥനാദിനത്തിൽ
പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ
നൽകുന്ന സന്ദേശം**
(മേയ് 11, 2025)

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവവിളികൾക്കായുള്ള ഈ 62-ാമത് പ്രാർഥനാദിനത്തിൽ നിങ്ങളുടെ ജീവിതങ്ങൾ ഉദാരമായി സമർപ്പിക്കുന്ന ഒരു ദാനമായി തീർത്തുകൊണ്ട് പ്രത്യാശയുടെ തീർഥാടകരാകാൻ ഞാൻ നിങ്ങളെ സന്തോഷപൂർവം ക്ഷണിക്കാൻ ആഗ്രഹിക്കുന്നു.

ദൈവം നമ്മുടെ ഹൃദയത്തിൽ വിതയ്ക്കുന്ന ഒരു അമൂല്യ ദാനമാണ് ദൈവവിളി; സ്വയം പരിത്യജിച്ചിട്ട് സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും ഒരു യാത്രയ്ക്കായി ഇറങ്ങിപ്പുറപ്പെടാനുള്ള ക്ഷണമാണത്. സഭയിലെ ഓരോ ദൈവവിളിയും- അല്മായ, അഭിഷിക്ത, സമർപ്പിത ദൈവവിളികൾ- ഈ ലോകത്തിനും തന്റെ മക്കളിൽ ഓരോരുത്തർക്കും ദൈവം നൽകുന്ന പ്രത്യാശയുടെ അടയാളങ്ങളാണ്.

ഒട്ടേറെ യുവതീയുവാക്കന്മാർ തങ്ങളുടെ ദൃഷ്ടി ഭാവിയിലേക്ക് തിരിക്കുമ്പോൾ ഇക്കാലത്ത് ദുഃഖിതരാണ്. തങ്ങളുടെ തൊഴിൽ സാധ്യതയെക്കുറിച്ച് ചിന്തിക്കുമ്പോൾ പലപ്പോഴും അവർക്ക് അരക്ഷിതാവസ്ഥ അനുഭവപ്പെടുന്നു; ആഴത്തിലുള്ള സ്വത്വപ്രതിസന്ധിയും അവർക്കുണ്ടാകുന്നു; അത് അർഥത്തെയും മൂല്യങ്ങളെയും സംബന്ധിച്ച പ്രതിസന്ധിയാണ്; ആശയക്കുഴപ്പം സൃഷ്ടിക്കുന്ന ഡിജിറ്റൽ ലോകത്തിലെ സന്ദേശങ്ങൾ പ്രസ്തുത പ്രതിസന്ധിവർധിപ്പിക്കുന്നതേയുള്ളൂ. ദരിദ്രരോടും മുതലെടുക്കപ്പെടാവുന്നവരോടും (vulnerable) കാണിക്കുന്ന അനീതി, സ്വയം സംതൃപ്തവും സ്വയം കേന്ദ്രീകൃതവും ആയ ഒരു സമൂഹത്തിന്റെ നിസ്സംഗത, യുദ്ധത്തിന്റെ ക്രൂരത എന്നിവ യുവജനങ്ങൾ തങ്ങളുടെ ഹൃദയങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന ജീവിത സാക്ഷാത്കാരത്തെ സംബന്ധിച്ച പ്രത്യാശയ്ക്കു ഭീഷണിയായി നിലകൊള്ളുന്നു. എന്നിരുന്നാലും, മനുഷ്യഹൃദയത്തെ അറിയുന്ന കർത്താവ് നമ്മുടെ അനിശ്ചിതാവസ്ഥയിൽ നമ്മെ ഉപേക്ഷിക്കുന്നില്ല. നമ്മൾ സ്നേഹിക്കപ്പെട്ടവരും വിളിക്കപ്പെട്ടവരും പ്രത്യാശയുടെ തീർത്ഥാടകരായി അയക്കപ്പെട്ടവരും ആണെന്നു നാം അറിയണമെന്ന് അവിടന്ന് ആഗ്രഹിക്കുന്നു.

സഭയുടെ മുതിർന്ന അംഗങ്ങളായ നാം, പ്രത്യേകിച്ച് പുരോഹിതർ, യുവജനങ്ങളുടെ വിളിയുടെ പാതയിൽ അവരെ അംഗീകരിക്കാനും അത് വിവേചിച്ചറിയാനും അവരെ അനുഗമനം ചെയ്യാനും വിളിക്കപ്പെട്ടിരിക്കുന്നു. യുവജനങ്ങളായ നിങ്ങൾ, നിങ്ങളുടെ ഭാഗത്തുനിന്ന് ആ പാതയിൽ ഇറങ്ങിത്തിരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു; അത് പരിശുദ്ധാത്മാവിനോടൊപ്പമാണ് നടത്തേണ്ടത്; അവിടന്നാണ് നിങ്ങളുടെ ജീവിതങ്ങൾ സ്നേഹത്തിന്റെ സമ്മാനങ്ങൾ ആക്കാനുള്ള ആഗ്രഹം നിങ്ങളിൽ ജനിപ്പിക്കുന്നത്.

**നമ്മുടെ പ്രത്യേകവിളി ആശ്ലേഷിക്കുന്നത്**

പ്രിയ യുവജനമേ, ''നിങ്ങളുടെ യൗവനം ഒരു 'ഇടക്കാല വേള' അല്ല. നിങ്ങൾ ദൈവത്തിന്റെ 'ഇപ്പോൾ' ആണ്'' (ക്രിസ്തു ജീവിക്കുന്നു [Christus Vivit], 178). ജീവൻ എന്ന ദാനം ഉദാരവും വിശ്വസ്തവുമായ ഒരു പ്രത്യുത്തരം ആവശ്യപ്പെടുന്നു എന്നു മനസ്സിലാക്കുക. കർത്താവിന്റെ വിളിയോടു സന്തോഷപൂർവ്വം പ്രത്യുത്തരിച്ച യുവവിശുദ്ധരെയും വാഴ്ത്തപ്പെട്ടവരെയും നോക്കുക. ഉദാഹരണത്തിന്, ലീമായിലെ വിശുദ്ധ റോസാ, വിശുദ്ധ ഡോമിനിക് സാവിയോ, വിശുദ്ധ കൊച്ചുത്രേസ്യ, വ്യാകുലമാതാവിന്റെ വിശുദ്ധ ഗബ്രിയേൽ, ഉടൻതന്നെ വിശുദ്ധരായി ഉടനെ പ്രഖ്യാപിക്കപ്പെടുന്ന കാർലോ അകിറ്റീസ്, പിയർ ജോർജോ ഫ്രസാത്തി എന്നിവർ ഉൾപ്പെടെയുള്ളവരെ. ഉത്ഥിതനായ നാഥനുമായുള്ള തങ്ങളുടെ സൗഹൃദം

വഴിയായി അവർക്കു തങ്ങളുടെ ദൈവവിളി യഥാർഥ സന്തോഷ ത്തിലേക്കുള്ള പാതയായി അനുഭവപ്പെട്ടു. യേശുവിന്റെ വചനങ്ങൾ നാം കേൾക്കുമ്പോഴെല്ലാം നമ്മുടെ ഉള്ളിൽ നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കും (ലൂക്കാ 24:32 കാണുക). അപ്പോൾ നമുക്ക് നമ്മുടെ ജീവിതങ്ങൾ ദൈവത്തിനായി സമർപ്പിക്കാനുള്ള ആഗ്രഹം ജനി ക്കുന്നു. സ്വാഭാവികമായും, നമ്മെ അവിടന്ന് ആദ്യം സ്നേഹിച്ച സ്നേഹത്തിനു പ്രതിസ്നേഹം നൽകാൻ ഏറ്റവും അനുയോജ്യമായ ജീവിതപന്ഥാവ് നാം ആഗ്രഹിക്കുന്നു.

ഹൃദയത്തിന്റെ ആഴങ്ങളിൽ ഒരിക്കൽ തിരിച്ചറിയപ്പെട്ടു കഴിഞ്ഞാൽ, ഓരോ ദൈവവിളിയും സ്നേഹിക്കാനും ശുശ്രൂഷിക്കാ നുമുള്ള പ്രചോദനം നൽകുന്നു; അത് സ്വയം അഭിവൃധിപ്പെടുത്താ നുള്ള മാർഗമായിരിക്കില്ല, മറിച്ച് പ്രത്യാശയുടെയും സ്നേ ഹത്തിന്റെയും പ്രകാശനമായിട്ടായിരിക്കും അനുഭവപ്പെടുന്നത്. ഓരോ സ്ത്രീ യുടെയും പുരുഷന്റെയും ആനന്ദത്തിനായുള്ള ദൈവത്തിന്റെ പദ്ധതിയോടു ചേർന്നുപോകുന്നതാണ് ദൈവവിളിയും പ്രത്യാശയും; അതിൽ ഓരോരുത്തരും തങ്ങളുടെ ജീവിതങ്ങൾ അന്യർക്കുവേണ്ടി നൽകാനായി പേരുചൊല്ലി വിളിക്കപ്പെട്ടവരാണ് (സുവിശേഷത്തിന്റെ സന്തോഷം [Evangelii Gaudium], 268 കാണുക). ഏതു പാത സ്വീകരി ക്കാനാണ് ദൈവം തങ്ങളെ വിളിക്കുന്നതെന്ന് അറിയാൻ വളരെ യേറെ യുവതീയുവാക്കന്മാർ ആഗ്രഹിക്കുന്നു. വൈദിക ശുശ്രൂഷ യിലേക്കും സമർപ്പിതജീവിതത്തിലേക്കും തങ്ങൾ വിളിക്കപ്പെട്ടി രിക്കുന്നു എന്നു ചിലപ്പോഴെങ്കിലും ചിലർ ആശ്ചര്യകരമാംവിധം കണ്ടെത്തുന്നു. മറ്റുചിലർ വിവാഹത്തിലേക്കും കുടുംബജീവിതത്തി ലേക്കുമുള്ള വിളിയുടെ സൗകുമാര്യത കണ്ടെത്തുന്നു; അതായത്, പൊതുനന്മയ്ക്കും തങ്ങളുടെ സുഹൃത്തുക്കൾക്കും പരിചയക്കാർ ക്കും ഇടയിൽ വിശ്വാസത്തിന്റെ ജീവിതത്തിനുവേണ്ടിയുള്ള സാക്ഷ്യം നൽകാനുള്ള വിളി.

ദൈവത്തിന്റെ പരിപാലനയിൽ ഊന്നിനിന്നുകൊണ്ടുള്ള പ്രത്യാശയാൽ പ്രചോദിതമാണ് ഓരോ ദൈവവിളിയും. ക്രൈസ് തവരെ സംബന്ധിച്ചിടത്തോളം പ്രത്യാശ എന്നത് കേവലം മാനുഷികമായ ശുഭാപ്തി വിശ്വാസത്തിനും ഉപരിയാണ്: നമ്മുടെ ഓരോരുത്തരുടെയും ജീവിതങ്ങളിൽ പ്രവർത്തനനിരതമായിരിക്കുന്ന ദൈവത്തിലുള്ള വിശ്വാസത്തിന്റെ സുനിശ്ചിതത്ത്വത്തിലാണ് അത് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്. സുവിശേഷത്തോടു വിശ്വസ്ത മായിരിക്കാനുള്ള ദൈനംദിനമുള്ള ശ്രമവും പ്രാർഥനയും വിവേചി ച്ചറിയലും ശുശ്രൂഷയുംവഴിയാണ് ദൈവവിളികൾ പരിപക്വമാകുന്നത്.

പ്രിയപ്പെട്ട യുവസുഹൃത്തുക്കളേ, ദൈവത്തിലുള്ള പ്രത്യാശ

നമ്മെ നിരാശരാക്കുന്നില്ല. എന്തെന്നാൽ, തങ്ങളുടെ ജീവിതങ്ങൾ അവിടത്തെ കരങ്ങളിൽ ഭരമേല്പിച്ചവരുടെ ഓരോ കാൽവെപ്പിലും അവിടന്ന് അവരെ അനുഗമനം ചെയ്യുന്നു. ധൈര്യപൂർവം തങ്ങളുടെ ജീവിതങ്ങൾ ക്രിസ്തുവിനു സമർപ്പിക്കുന്നവരും അങ്ങനെ ശിഷ്യരും പ്രേഷിതരും ആയിരിക്കുന്നതിൽ സന്തോഷിക്കുകയും ചെയ്യുന്ന പ്രത്യാശയുടെ തീർഥാടകരായ യുവജനങ്ങളെ നമ്മുടെ ലോകത്തിന് ആവശ്യമുണ്ട്.

**നമ്മുടെ ദൈവവിളിയുടെ പാത വിവേചിച്ചറിയുന്നത്**

വിവേചിച്ചറിയലിന്റെ ഒരു സഞ്ചാരത്തിന്റെ അനന്തരഫലമായിട്ടാണ് നമ്മുടെ ദൈവവിളി നാം കണ്ടെത്തുന്നത്. എന്നാൽ, ആ സഞ്ചാരം ഒറ്റയ്ക്കുള്ള ഒന്നല്ല; അത് വികസിതമാകുന്നത് ഒരു ക്രൈസ്തവ സമൂഹത്തിലാണ്; ആകയാൽ അത് ആ ക്രൈസ്തവസമൂഹത്തിന്റെ ഭാഗമാണ്.

പ്രിയ സുഹൃത്തുക്കളേ, തിടുക്കത്തിൽ തീരുമാനങ്ങൾ എടുക്കാൻ ലോകം നിങ്ങളെ പ്രേരിപ്പിക്കുന്നു; നിങ്ങളുടെ ഹൃദയത്തോടു സംസാരിക്കുന്ന ദൈവത്തോടു തുറന്നിരിക്കുന്ന നിശബ്ദത അനുഭവിക്കുന്നതിൽനിന്നു നിരന്തരമുള്ള ഗർജനംവഴി നിങ്ങൾ തടസ്സപ്പെടുത്തപ്പെടുന്നു. എന്നാൽ, അല്പനേരം വിരാമം ഇടാൻ ധൈര്യപ്പെടുക; അത് നിങ്ങളുടെ ഹൃദയം നിങ്ങളോട് എന്തു പറയുന്നു എന്നു കേൾക്കാനും ദൈവത്തിനു നിങ്ങളെക്കുറിച്ചുള്ള സ്വപ്നം എന്താണെന്ന് മനസ്സിലാക്കാനും ആണ്. പ്രാർത്ഥനയിലെ നിശബ്ദത അനിവാര്യമാണ്; നമ്മുടെ ജീവിതങ്ങളുടെ പ്രത്യേക സാഹചര്യങ്ങളുടെ മധ്യേ ദൈവത്തിന്റെ വിളികേൾക്കാൻ പഠിക്കാനും അതിനു ബോധപൂർവവും സ്വതന്ത്രവുമായ രീതിയിൽ പ്രത്യുത്തരം നൽകാനും പ്രാർഥനയുടെ നിശബ്ദത അനിവാര്യമാണ്.

നമുക്കെല്ലാവർക്കും പ്രത്യാശയുടെ തീർഥാടകർ ആയിത്തീരാൻ സാധിക്കുമെന്ന് പ്രാർഥനാപൂർവമായ ധ്യാനം നമുക്കു മനസ്സിലാക്കിത്തരുന്നു; അത് സാധ്യമാകുന്നത് നാം നമ്മുടെ ജീവിതങ്ങളെ ഒരു ദാനമായി സമർപ്പിക്കുമ്പോഴാണ്; അതായത്, ലോകത്തിന്റെ ഭൗതികവും അസ്തിത്വപരവുമായ പ്രാന്തപ്രദേശങ്ങളിൽ വസിക്കുന്നവരായവരുടെ ശുശ്രൂഷയ്ക്കായി നാം നമ്മെത്തന്നെ എല്ലാറ്റിനും ഉപരിയായി പ്രതിഷ്ഠിക്കുമ്പോൾ. ഒഴിവാക്കപ്പെട്ടവരും മുറിവേറ്റവരും തിരസ്കൃതരുമായി അനുഭവപ്പെടുന്ന നമ്മുടെ ഒട്ടനവധി സഹോദരീസഹോദരന്മാരുടെ രോദനം കേട്ടില്ലെന്നു നടിക്കാൻ ദൈവത്തിന്റെ വിളി കേൾക്കുന്നവർക്കാവില്ല. എവിടെയൊക്കെ പ്രകാശവും സമാശ്വാസവും ഏറ്റവും ആവശ്യം ആയിരിക്കുന്നുവോ അവിടെയൊക്കെ ക്രിസ്തുവിന്റെ സാന്നിധ്യമായി മാറുക എന്ന

നമ്മുടെ ദൗത്യത്തിൽ നമ്മുടെ വിളി നമ്മെ ഉറപ്പിച്ചുനിർത്തുന്നു. വളരെ സവിശേഷമായവിധത്തിൽ, തങ്ങളുടെ സാമൂഹ്യവും ഉദ്യോഗപരവുമായ പ്രതിജ്ഞാബദ്ധതവഴിയായി ദൈവരാജ്യത്തിന്റെ ''ഉപ്പും പ്രകാശവും പുളിമാവും'' ആകാൻ അല്മായവിശ്വാസികൾ വിളിക്കപ്പെട്ടിരിക്കുന്നു.

**ദൈവവിളികളെ അനുഗമനം ചെയ്യുന്നത്**

അതിനാൽ, അജപാലകരും ദൈവവിളി നിയന്താക്കളും (vocation directors), ഏറെ പ്രത്യേകിച്ച് അദ്ധ്യാത്മിക ഗുരുക്കൾ, താല്പര്യ പൂർവം യുവജനങ്ങളെ പ്രത്യാശയിലും ക്ഷമയിലും ആശ്രയ ബോധ ത്തിലും അനുഗമനം ചെയ്യണം; അത് ദൈവത്തിന്റെ തന്നെ ബോധ നവിദ്യ (pedagogy) പ്രതിഫലിപ്പിക്കുന്ന ഒരു രീതിയായിരിക്കും. അവരെ ആദരപൂർവവും സഹിഷ്ണുതയോടും ശ്രവിക്കുന്നതിന് അവർ തയ്യാറായിരിക്കണം. അവർ വിശ്വാസമർപ്പിക്കാൻ കഴിയുന്ന വരും ജ്ഞാനികളും സഹായികളായ നിയന്താക്കളും തങ്ങളുടെ സഞ്ചാരത്തിൽ ദൈവത്തിന്റെ സാന്നിധ്യത്തിന്റെ അടയാളങ്ങൾ എപ്പോഴും തിരിച്ചറിയാൻ കഴിവുള്ളവരുമായി യുവജനങ്ങൾക്കു അവരെക്കുറിച്ചു തോന്നേണ്ടിയിരിക്കുന്നു.

മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും പ്രവർത്തനമേഖ ലകളിലുമുള്ള ദൈവവിളികളെ പരിപോഷിപ്പിക്കാനായി എല്ലാത്തരം ശ്രമങ്ങളും കൈക്കൊള്ളണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു; അങ്ങനെ കർത്താവിന്റെ ശബ്ദത്തോട് ആത്മീയമായ തുറവുകാട്ടാൻ വ്യക്തികൾ സഹായിക്കപ്പെടണം. അതിനാൽ, വിദ്യാഭ്യാസപരവും അജപാലനപരവുമയ പദ്ധതി തയ്യാറാക്കുമ്പോൾ ദൈവവിളികളെ അനുഗമനം ചെയ്യാൻ അനുയുക്തമായ നടപടിക്രമങ്ങൾ ഉൾചേർ ക്കേണ്ടത് അനിവാര്യമാണ്.

ആത്മവിശ്വാസത്തോടും പ്രത്യാശയോടും കർത്താവിനോട് 'അതെ' എന്നു പറയാൻ കഴിവുള്ള അജപാലകരെയും സമർപ്പിത രെയും പ്രേഷിതരെയും വിവാഹിതരെയും സഭയ്ക്ക് ആവശ്യമുണ്ട്. ഒരു ദൈവവിളി എന്നത് ഹൃദയത്തിന്റെ അഗാധത്തിൽ സൂക്ഷിച്ചു വച്ചിരിക്കേണ്ട ഒരു നിധിയല്ല; മറിച്ച് വിശ്വസിക്കുകയും സ്നേഹിക്കു കയും പ്രത്യാശിക്കുകയും ചെയ്യുന്ന ഒരു സഭാസമൂഹത്തിൽ അത് വളരുകയും ബലപ്പെടുത്തപ്പെടുകയും ചെയ്യുന്നു. ഒരാൾക്കും ഒറ്റയ്ക്ക് ദൈവത്തിന്റെ വിളിയോടു പ്രത്യുത്തരിക്കാനാവില്ല; എന്തെ ന്നാൽ നമുക്കെല്ലാവർക്കും നമ്മുടെ സഹോദരീസഹോദരന്മാരുടെ പ്രാർഥനയും പിന്തുണയും ആവശ്യമാണ്.

പ്രിയപ്പെട്ടവരേ, സഭ പുതിയ ദൈവവിളികൾക്ക് ജന്മം നൽകു മ്പോൾ അവൾ സജീവവും ഫലദായകവും ആണ്. പലപ്പോഴും

നമ്മുടെ ലോകം, അത് അറിയാതെതന്നെ, പ്രത്യാശയുടെ സാക്ഷികളെ അന്വേഷിക്കുന്നു; ക്രിസ്തുവിനെ അനുഗമിക്കുന്നത് യഥാർത്ഥ സന്തോഷത്തിന്റെ ഉറവിടം ആണെന്ന് അപ്രകാരം ഉള്ളവർ തങ്ങളുടെ ജീവിതങ്ങൾവഴി പ്രഘോഷിക്കുന്നു. അതിനാൽ, തന്റെ വിളവിലേക്ക് പുതിയ ജോലിക്കാരെ അയക്കണമേ എന്നു കർത്താവിനോട് അപേക്ഷിക്കുന്നതിൽ നാം ക്ഷീണിതരാകരുത്; വലിയ സ്നേഹത്തോടെ അവിടന്ന് തുടർന്നും അവരെ വിളിച്ചുകൊണ്ടിരിക്കുന്നു. പ്രിയപ്പെട്ട യുവജനങ്ങളേ, കർത്താവിനെ പിഞ്ചെല്ലാനുള്ള നിങ്ങളുടെ ശ്രമങ്ങളെ ഞാൻ സഭയുടെ മാതാവും ദൈവവിളികളുടെ മാതാവും ആയ മറിയത്തിന്റെ മാധ്യസ്ഥത്തിനു ഭരമേല്പിക്കുന്നു. സുവിശേഷത്തിന്റെ പാതയിൽ പ്രത്യാശയുടെ തീർഥാടകരായി മുന്നേറിക്കൊണ്ടിരിക്കുക. എന്റെ ആശിർവാദവുമായി ഞാൻ നിങ്ങളെ അനുധാവനം ചെയ്യുന്നു; നിങ്ങൾ എനിക്കുവേണ്ടികൂടെ പ്രാർഥിക്കുക.

**ഫ്രാൻസിസ് പാപ്പാ**

ജെമല്ലി ആശുപത്രി, റോമാ, മാർച്ച് 19, 2025

---

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം പി.ഒ.സി.,
കൊച്ചി – 682 025

*പരിഭാഷ: ഡോ. ജേക്കബ് പ്രസാദ്*

ദുഃഖം സന്തോഷമായി മാറും

**സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും; എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും; എന്നാൽ, നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും.**
**(യോഹ 16, 20)**

## 2 സന്ദേശം

### പി.ഒ.സി.
### കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം

No. 4100/K-5/KCBC/OL/DS
16.04.2025

### മെയ്ദിന സന്ദേശം 2025

കേരള കത്തോലിക്കാ മെത്രാൻ
സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ
മെയ്ദിന സന്ദേശം 2025
ജൂബിലി വർഷം: ''പ്രത്യാശ നമ്മെ
നിരാശപ്പെടുത്തുന്നില്ല'' (റോമ 5:5)

ഈശോയിൽ പ്രിയപ്പെട്ട തൊഴിലാളി സഹോദരങ്ങളേ,

എല്ലാവർക്കും തൊഴിലാളി ദിനത്തിന്റെയും തൊഴിലാളിയായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാളിന്റെയും ആശംസകൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

1) ആഗോള തിരുസ്സഭ ജൂബിലി വർഷാചരണത്തിന്റെ നിറവിലാണ്. ''പ്രത്യാശയുടെ തീർത്ഥാടകർ എന്നതാണ് ജൂബിലി വർഷത്തിന്റെ പരിചിന്തന വിഷയം. ജൂബിലിയുടെ ഭാഗമായി 2025 മെയ് 1 മുതൽ 4 വരെയുള്ള ദിവസങ്ങളിൽ റോമിൽ വെച്ച് തൊഴിലാളികളുടെ ജൂബിലി വർഷം പ്രത്യേകമായി ആചരിക്കപ്പെടുകയാണ്. ''ഒത്തൊരുമ, പങ്കാളിത്തം, പ്രേഷി

ത്വം'' എന്നീ ആശയങ്ങളെ ആധാരമാക്കി 2021 മുതൽ 2024 വരെ നീണ്ടുനിന്ന സിനഡൽ സഭയ്ക്കായുള്ള മെത്രാൻ സിനഡ് സമാപിച്ചത് ഇക്കഴിഞ്ഞ ഒക്ടോബർ മാസത്തിലാണ്. സിനഡൽ തീരുമാനങ്ങൾ എല്ലാ തലങ്ങളിലും നടപ്പിലാക്കാനുള്ള തയ്യാറെടുപ്പിലാണ് തിരുസ്സഭ. ഈ രണ്ട് മഹാസംഭവങ്ങളുടെ സവിശേഷ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ തൊഴിലാളി ദിനം ആചരിക്കുന്നത്. വിവിധ തലങ്ങളിൽ തൊഴിലാളികളുടെ ഒത്തുചേരലുകൾക്കുള്ള വേദികളും സംവിധാനങ്ങളും രൂപപ്പെടുത്താനും, തിരുസ്സഭയുടെ സാമൂഹിക ശുശ്രൂഷയിൽ തൊഴിലാളികൾക്കു കൂടുതൽ പങ്കാളിത്തം നല്കി, യേശുവിന്റെ പ്രേഷിതരായി രൂപപ്പെടുത്താനും അവരെ പ്രത്യാശനിർഭരരാക്കി മുന്നോട്ട് നയിക്കാനും ഈ വർഷത്തെ തൊഴിലാളി ദിനാചാരണം നമ്മെ പ്രചോദിപ്പിക്കുന്നു.

2) അമേരിക്കയിലെ ചിക്കാഗോയിൽ, പ്രതിദിന തൊഴിൽ സമയം എട്ടുമണിക്കൂറായി നിജപ്പെടുത്തുന്നതിനായി തൊഴിലാളികൾ നടത്തിയ സംഘടിത മുന്നേറ്റത്തിന്റെ ഓർമ്മ പുതുക്കൽ എന്ന നിലയിലാണ് അന്താരാഷ്ട്ര തൊഴിലാളി ദിനമായി മെയ് 1 ആചരിക്കാൻ തുടങ്ങിയത്. പിന്നീട് ഇതര തൊഴിൽ അവകാശങ്ങൾക്കുംവേണ്ടി തൊഴിലാളികൾ നടത്തിയ വലിയ സംഘടിതപോരാട്ടത്തിന്റെ ചരിത്രം ഓർമ്മിക്കുന്നതിനും, അതോടൊപ്പം സമൂഹത്തിനു തൊഴിലാളികൾ നല്കിവരുന്ന സംഭാവനകളെ ആദരിക്കുന്നതിനും കൂടിയാണ് അന്താരാഷ്ട്ര തൊഴിലാളി ദിനം ആചരിക്കുന്നത്. മെയ്ദിനത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടാണ് പരിശുദ്ധ പിയൂസ് പന്ത്രണ്ടാമൻ പാപ്പ 1955-ൽ മേയ് 1 തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായി കൂടി പ്രഖ്യാപിച്ചത്. ഇന്ന് തൊഴിലാളികളുടെ അവകാശങ്ങളുടെയും ഐക്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പ്രതീകമാണ് മെയ് 1.

3) ഇന്ത്യയിലെ തൊഴിൽശക്തിയുടെ എണ്ണം 59 കോടിയെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇവരിൽ അൻപത്തിയഞ്ചര കോടിയിലധികം (94 ശതമാനം) പേരും അസംഘടിത തൊഴിലാളികൾ ആണ്. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ മാർഗരേഖ പ്രകാരം തൊഴിലെടുക്കുന്ന എല്ലാവർക്കും അന്തസ്സുള്ള തൊഴിൽ ലഭിക്കേണ്ടതായുണ്ട്. ന്യായമായ വേതനം, തൊഴിൽ സംരക്ഷണം, സാമൂഹിക സുരക്ഷ, നിയമപരിരക്ഷ, എന്നിവയാണ് അന്തസ്സുള്ള തൊഴിലിന്റെ അടിസ്ഥാന ഘടകങ്ങൾ. അന്തസ്സുള്ള തൊഴിൽ ലഭിക്കാത്ത തൊഴിലാളി വിഭാഗത്തെയാണ് അസംഘടിത തൊഴിലാളികൾ അഥവാ അനൗപചാരിക തൊഴിലാളികൾ എന്നു വിളിക്കുന്നത്. ഇന്ത്യൻ

തൊഴിൽശക്തിയിലെ 46 ശതമാനത്തിലധികം പേരും കാർഷിക മേഖലയിലാണ് തൊഴിലെടുക്കുന്നത്. അഞ്ച് ഏക്കറിൽ താഴെ കൃഷിഭൂമി സ്വന്തമായിട്ടുള്ള നാമമാത്ര-ചെറുകിടകർഷകരെയും അസംഘടിത തൊഴിലാളി വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യയിലെ അസംഘടിത തൊഴിലാളികളിലെ വലിയ വിഭാഗം കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം എന്നിവ ഉൾപ്പെട്ട പ്രാഥമിക മേഖലയിലാണ് ജീവനോപാധി കണ്ടെത്തുന്നത്. ഏതാണ്ട് നൂറ്റിയിരുപത്തഞ്ചോളം വിഭാഗം തൊഴിലാളികളെ അസംഘടിത തൊഴിലാളികളായി കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ, കെട്ടിടനിർമ്മാണ തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, വാണിജ്യ കേന്ദ്രങ്ങളിലെ ജീവനക്കാർ, വാഹന തൊഴിലാളികൾ, കുടിയേറ്റ തൊഴിലാളികൾ, സ്വയം തൊഴിൽ കണ്ടെത്തുന്നവർ ഈ ലിസ്റ്റിലെ പ്രധാനവിഭാഗമാണ്. യൂബർ, സൊമാറ്റോ തുടങ്ങിയ മേഖലകളിൽ തൊഴിലെടുക്കുന്ന ജിഗ് തൊഴിലാളികൾ/പ്ലാറ്റ്ഫോം തൊഴിലാളികൾ എന്ന പുതിയ വിഭാഗം തൊഴിലാളികളെയും അസംഘടിത വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4) വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യമാണ് ഇന്ത്യ എന്നത് അഭിമാനകരമാണ്. രാജ്യത്തിന്റെ വളർച്ചയെ സംബന്ധിച്ച് അന്താരാഷ്ട്ര തലങ്ങളിലുള്ള പല റിപ്പോർട്ടുകളിലും അഭിനന്ദനങ്ങൾ ഏറ്റുവാങ്ങി യിട്ടുണ്ട്. 2025 ഫെബ്രുവരി മാസത്തിൽ International Monitary Fund (IMF). പ്രസിദ്ധീകരിച്ചതനുസരിച്ച് ലോകത്തിലെ ഏറ്റവും വലിയ സമ്പത്ത് വ്യവസ്ഥയിൽ അഞ്ചാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. യു. കെ., ഫ്രാൻസ്, ഇറ്റലി, കാനഡ തുടങ്ങിയ രാഷ്ട്രങ്ങൾ ഇന്ത്യയേക്കാൾ പിന്നിലാണ്. 2024 ലെ യു. എൻ. ഡി. പി റിപ്പോർട്ടനുസരിച്ച് ലോകത്താകമാനം 110 കോടി ദരിദ്രർ ആണുള്ളത്. അതിൽ 23.4 കോടി ദരിദ്രർ വസിക്കുന്നത് ഇന്ത്യയിലാണ്. അതായത് ലോകത്തിൽ ഏറ്റവും കൂടുതൽ ദരിദ്രർ നിവസിക്കുന്ന രാഷ്ട്രം ഇന്ത്യയാണ്. രാഷ്ട്രം കൈവരിക്കുന്ന നേട്ടങ്ങൾ താഴെത്തട്ടിലേക്ക് ആനുപാതികമായി വിനിമയം ചെയ്യപ്പെടുന്നില്ല എന്നതാണ് ഇന്ത്യ അഭിമുഖീകരിക്കുന്ന വലിയ പ്രശ്നം. ഇതിന്റെ മുഖ്യകാരണമായി സാമ്പത്തിക വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നത് ഇന്ത്യൻ തൊഴിൽ ശക്തിയിലുള്ള അസംഘടിതാവസ്ഥയാണ്. അസംഘടിത തൊഴിലാളികളാണ് ഇന്ത്യയിലെ ദരിദ്രർ. തൊഴിൽ ലഭ്യതക്കുറവ്, കുറഞ്ഞ വേതനം, സാമൂഹിക സുരക്ഷയില്ലായ്മ, സമഗ്രമായ നിയമ പരിരക്ഷയില്ലായ് എന്നിവയാണ് അസംഘടിത തൊഴിലാളികളെ കൂടുതൽ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നത്. അസംഘടിത

തൊഴിലാളികളുടെ വരുമാനം ഉയർത്തുവാൻ ഏറെ സഹായകരമായ മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കും ഇതര സാമൂഹിക സുരക്ഷാ പദ്ധതികൾക്കും മതിയായ വകയിരുത്തൽ ഇല്ലാതെ പോകുന്നതും ഇന്ത്യൻ ദാരിദ്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ കാര്യക്ഷമത കുറച്ചിട്ടുണ്ട്. പദ്ധതികളും പ്രഖ്യാപനങ്ങളും ധാരാളം ഉണ്ടെങ്കിലും കാര്യക്ഷമമായി നടപ്പിലാക്കപ്പെടുന്നില്ല എന്നതാണ് യാഥാർഥ്യം. അർഹമായത് നിഷേധിക്കുകയും പ്രതിഷേധങ്ങളെ അവഗണിക്കുകയും ചെയ്യുന്ന സമീപനമാണ് സർക്കാരുകൾ സ്വീകരിക്കുന്നത്. മുഖ്യധാരാ ട്രേഡ് യൂണിയനുകൾ കടമ നിർവ ഹിക്കുന്നതിൽ പരാജയപ്പെടുകയോ അധികാരികൾക്ക് കീഴ്പ്പെടു കയോ ചെയ്തിരിക്കുന്നു. ഭരണാധികാരികളും, രാഷ്ട്രീയ കക്ഷികളും, കേന്ദ്രട്രേഡ് യൂണിയനുകളും അസംഘടിത തൊഴിലാളികളുടെ പ്രശ്നങ്ങൾ ഗൗരവതരമായി പരിഗണിക്കണം.

5) അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷ ഉറപ്പാ ക്കാനുള്ള വിവിധ പദ്ധതികളിലൂടെയും നിയമനിർമ്മാണങ്ങളി ലൂടെയും രാജ്യത്തിനു തന്നെ മാതൃകയാകാൻ കേരളത്തിനു സാധിച്ചിട്ടുണ്ട് എന്നത് അഭിമാനകരമാണ്. എന്നാൽ തൊഴിലാളി അനുകൂല സംസ്ഥാനം എന്ന കേരളത്തിനു ചാർത്തപ്പെട്ടിട്ടുള്ള സല്പേരിനു ഇന്നു കളങ്കം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അസം ഘടിത തൊഴിലാളികൾക്ക് നൽകേണ്ട പെൻഷൻ ഉൾപ്പടെയുള്ള നിരവധി ആനുകൂല്യങ്ങൾ കുടിശ്ശികയായിരിക്കുകയാണ്. സാധാരണ തൊഴിലാളികൾ നടത്തുന്ന അവകാശ സമരങ്ങളോട് നിഷേധാത്മക നിലപാടുകളാണ് അധികാരികൾ സ്വീകരിക്കാറുള്ളത്. അവകാശ സമരങ്ങളെ കേൾക്കാനും പരിഹാരം കാണാനും ജനാധിപത്യ സർക്കാരു കൾക്ക് കഴിയേണ്ടതുണ്ട്. അഭ്യസ്ഥവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ യുവജനങ്ങളെ നാടുവിടാൻ പ്രേരിപ്പിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനം, ഉല്പന്നങ്ങളുടെ വിലക്കുറവ് എന്നിവ മൂലം കാർഷിക-മത്സ്യബന്ധന മേഖലകൾ വലിയ പ്രതിസന്ധിയിലാ യിരിക്കുന്നു. കൂടാതെ മലയോര മേഖലയിലെ വന്യജീവികളുടെ ആക്രമണം, കടലിൽ നിന്നും മണ്ണുഖനനം ചെയ്യാനുള്ള പുറപ്പാട് എന്നിവ കൂനിന്മേൽ കുരു എന്നതു പോലെ ആയിരിക്കുന്ന സാഹ ചര്യത്തിൽ തൊഴിലാളി സൗഹൃദ സംസ്ഥാനം എന്ന പദവി വീണ്ടെ ടുക്കാൻ സംസ്ഥാന സർക്കാരും, രാഷ്ട്രീയ കക്ഷികളും, ട്രേഡ് യൂണിയനുകളും ഒത്തൊരുമിച്ച് ശ്രമിക്കേണ്ടിയിരിക്കുന്നു.

6) ഈ ജൂബിലി വർഷത്തിൽ അസംഘടിത തൊഴിലാളികൾക്ക് പ്രത്യാശ പകർന്നു നൽകാൻ തിരുസ്സഭാ മാതാവ് എല്ലാ ക്രൈസ്തവരെയും ആഹ്വാനം ചെയ്യുന്നു. ‘‘ഈ കാലഘട്ടത്തിലെ മനുഷ്യരുടെ,

പ്രത്യേകിച്ച് ദരിദ്രരോ ഏതെങ്കിലും വിധത്തിൽ ദുരിതമനുഭവിക്കുന്നവരോ ആയവരുടെ സന്തോഷങ്ങളും പ്രതീക്ഷകളും ദുഃഖങ്ങളും ഉത്കണ്ഠകളും, ക്രിസ്തുവിന്റെ അനുയായികളുടെ സന്തോഷങ്ങളും പ്രതീക്ഷകളും ദുഃഖങ്ങളും ഉത്കണ്ഠകളും തന്നെയാണ്.'' (സഭ ആധുനിക ലോകത്തിൽ, 1) എന്നതാണ് തിരുസഭയുടെ കാഴ്ചപ്പാട്. 'ദൈവത്തിലേക്ക് നാം ദൃഷ്ടികൾ ഉയർത്തുമ്പോൾ, ചരിത്രത്തിലെ ദുരന്തങ്ങളിൽ നിന്ന് അത് നമ്മെ അകറ്റുന്നില്ല. പകരം, അത് നമ്മുടെ ചുറ്റുമുള്ളവരുടെ കഷ്ടപ്പാടുകളിലേക്ക് കൂടി നമ്മുടെ കണ്ണുകൾ തുറക്കുന്നു''. (ഫ്രാൻസിസ് പാപ്പ, സിനഡിന്റെ അന്തിമ പ്രസ്താവന നമ്പർ 2).

7) കെസിബിസി ലേബർ കമ്മീഷന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെൻറ് കെ.എൽ.എം. സിബിസിഐ ലേബർ കമ്മീഷന്റെ ഔദ്യോഗിക സംഘടനയായ വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരള റീജണൽ ഘടകമാണ്. ഗഘങ ന്റെയും തൊഴിലാളി ഫോറങ്ങളുടെയും യൂണിറ്റുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കപ്പെടണം. KLM വഴി എല്ലാ തൊഴിലാളികളെയും ഏതെങ്കിലും സാമൂഹിക സുരക്ഷാ പദ്ധതികളുടെ ഭാഗമാക്കണം. തൊഴിലാളികളുടെ വരുമാന സുരക്ഷ ഉറപ്പാക്കാനും, സമ്പാദ്യശീലം വർദ്ധിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം. തൊഴിലാളി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനായി അല്മായർക്ക് പരിശീലനം നൽകി അവരെ സജ്ജരാക്കണം. മെയ് ദിനാചരണത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും പ്രത്യേക പരിപാടികൾ ആവിഷ്കരിക്കണം.

8) ജൂബിലി വർഷസന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ പറഞ്ഞിട്ടുള്ളതുപോലെ, 'ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ പോലും ഇല്ലാത്ത കോടിക്കണക്കിന് ദരിദ്രർക്ക് പ്രത്യാശ നൽകണമെന്ന് ഞാൻ പൂർണ്ണഹൃദയത്തോടെ അപേക്ഷിക്കുന്നു. പുതിയ തരത്തിലുള്ള ദാരിദ്ര്യത്തിന്റെ നിരന്തരമായ വേലിയേറ്റത്തിന് മുമ്പ്, നമുക്ക് എളുപ്പത്തിൽ നിരാശരാകാനും നിസ്സംഗരാകാനും കഴിയും. എന്നിരുന്നാലും, ലോകത്തിന്റെ ചില ഭാഗങ്ങളിൽ മാത്രമല്ല, നമുക്ക് ചുറ്റും ഇപ്പോൾ നേരിടുന്ന നാടകീയമായ സാഹചര്യങ്ങൾക്ക് നേരെ നാം കണ്ണടയ്ക്കരുത്'... നമ്മൾ മറക്കരുത്. ദരിദ്രർ എല്ലായ്പ്പോഴും ഇരകളാണ്, കുറ്റപ്പെടുത്തേണ്ടവരല്ല' (ജൂബിലി വർഷസന്ദേശം,15).

**ഉപസംഹാരം**

''ശിമയോൻ പറഞ്ഞു: ഗുരോ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഞങ്ങൾക്ക് ഒന്നും കിട്ടിയില്ല. എങ്കിലും നീ പറഞ്ഞതനുസരിച്ച്

ഞാൻ വലയിറക്കാം. വലയിറക്കിയപ്പോൾ വളരെയേറെ മത്സ്യങ്ങൾ അവർക്ക് കിട്ടി. അവരുടെ വല കീറിത്തുടങ്ങി' (ലൂക്ക 5:5,6). പ്രിയ തൊഴിലാളി സഹോദരങ്ങളെ, നിരവധി പ്രതിസന്ധികളിലൂടെയാണ് നമ്മുടെ കുടുംബങ്ങൾ കടന്നു പോകുന്നതെന്നറിയാം. വിശുദ്ധ ശെമയോൻ പത്രോസിനെ പോലെ പ്രത്യാശയോടെ ദൈവാനുഗ്രഹത്തോടെ നമുക്ക് മുന്നേറാം. തൊഴിലാളിമദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപ എല്ലാവരിലും ഉണ്ടാകട്ടെ.

കെ.സി.ബി.സി ലേബർ കമ്മീഷനുവേണ്ടി,

**+ ബിഷപ്പ് ഡോ. സെൽവിസ്റ്റർ**
**പൊന്നുമുത്തൻ**
*ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ*

**+ ബിഷപ്പ് മാർ ജോസ്**
**പൊരുന്നേടം**
*വൈസ് ചെയർമാൻ,*
*കെ.സി.ബി.സി,*
*ലേബർ കമ്മീഷൻ*

**+ ബിഷപ്പ് മാർ ജോർജ്**
**മഠത്തികണ്ടത്തിൽ**
*വൈസ് ചെയർമാൻ,*
*കെ.സി.ബി.സി,*
*ലേബർ കമ്മീഷൻ*

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം,
കൊച്ചി–682 025

---

NB: 2025 ഏപ്രിൽ 27 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഇതു വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# 1 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

955/ 2025 C- 3
02.04.2025

### അജപാലനപദ്ധതി

ഈശോ മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ അതിരൂപതയുടെ 2025–2026 വർഷത്തെ അജപാലനപദ്ധതി പ്രസിദ്ധീകരിക്കുകയാണ്. 'പ്രത്യാശയിൽ വളരുന്ന തീർത്ഥാടക വിശ്വാസ സമൂഹം' എന്നതാണ് 2025– 26 വർഷത്തെ അജപാലന പ്രവർത്തന വിഷയമായി നാം തിരഞ്ഞെടുത്തിരിക്കുന്നത്. 2025 ജൂബിലി വർഷമായി സാർവ്വത്രികസഭയും 2026 സമുദായശാക്തീകരണ വർഷമായി സീറോ മലബാർ സഭയും ആചരിക്കുന്നതിനാൽ ഈ അജപാലനപദ്ധതിയിൽ അവയുമായി ബന്ധപ്പെട്ട കാര്യങ്ങൾകൂടി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**വിശ്വാസ ജീവിതത്തിലെ വെല്ലുവിളികളും പരിഹാരമാർഗ്ഗങ്ങളും**

നമ്മുടെ അതിരൂപതയുടെ ഈ വർഷത്തെ അജപാലന പ്രവർത്തന ഇടപെടൽ മേഖലയായി അതിരൂപത അസംബ്ലി നിർദ്ദേശിച്ചിട്ടുള്ളത് 'വിശ്വാസ ജീവിതത്തിലെ വെല്ലുവിളികളും പരിഹാരമാർഗ്ഗ

ങ്ങളും' എന്നതാണ്. അതിരൂപത അസംബ്ലിയുടെ നിരീക്ഷണങ്ങൾ അനുസരിച്ച് വിശ്വാസജീവിതം നേരിടുന്ന ഈ കാലഘട്ടത്തിലെ വെല്ലുവിളികളെ തിരിച്ചറിയാനും അതിന് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനും കഴിയുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ഒരു അജപാലന പദ്ധതിയാണ് നമ്മൾ തയ്യാറാ ക്കുന്നത്. ആധുനിക കാലഘട്ടത്തിന്റെ മാറ്റങ്ങളും, വിശ്വാസ ജീവിതത്തെ ആഴപ്പെടുത്തുന്ന ബോധ്യങ്ങളുടെ കുറവും വിശ്വാസ ജീവിതത്തെ തകർക്കുന്ന അമിതശാസ്ത്രവിശ്വാസവും, മനുഷ്യന്റെ സ്വതന്ത്രജീവിതത്തിന് ക്രൈസ്തവവിശ്വാസം തടസമാണെന്ന കാഴ്ചപ്പാടും ഒരു പരിധിവരെ നമ്മുടെ കുടുംബങ്ങളെയും വ്യക്തിജീവിതങ്ങളെയും അപകടകരമായി ബാധിച്ചിട്ടുണ്ട്. ആയതിനാൽ യഥാർത്ഥമായ വിശ്വാസത്തെ വ്യാഖ്യാനിക്കാനും തെറ്റിദ്ധാരണകളെ തിരുത്താനും കഴിയുന്ന പ്രവർത്തനങ്ങൾ ഈ അജപാലന പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നുണ്ട്.

**2025 – ജൂബിലി വർഷം**

'പ്രത്യാശയുടെ തീർത്ഥാടകർ' എന്നതാണല്ലോ ഈ ജൂബിലി വർഷത്തിലെ ആപ്തവാക്യം. ദൈവപുത്രനായ ക്രിസ്തുവിന്റെ പിറവി മനുഷ്യകുലത്തിന് സമ്മാനിച്ചത് പ്രത്യാശയുടെ ജീവിത വഴികളും ദൈവസ്നേഹത്തിന്റെ ആഴവുമാണ്. ''പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'' (റോമ. 5:5) എന്ന തിരുവചനത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് ജീവിതത്തിന്റെ സമസ്ത മേഖലകളിലും ക്രിസ്തുവിൽ പ്രത്യാശയർപ്പിച്ച് മുന്നേറുന്ന തീർത്ഥാടകസമൂഹത്തെ വാർത്തെടുക്കാൻ കഴിയുംവിധമുള്ള പ്രവർത്തനങ്ങളാണ് നാം ഈ വർഷത്തിൽ ആസൂത്രണം ചെയ്യേണ്ടത്.


**2026 – സമുദായ ശാക്തീകരണവർഷം**

സീറോമലബാർ സിനഡിന്റെ നിർദ്ദേശപ്രകാരം, 2026 സമുദായ ശാക്തീകരണ വർഷമായി ആചരിക്കുവാൻ നാം ഒരുങ്ങുകയാണ്. സീറോ മലബാർ സഭ പാർശ്വവത്കരിക്കപ്പെടുന്ന ഒരു സഭാ സമൂഹമായി മാറികൊണ്ടിരിക്കുന്നു. നമ്മുടെ സഹോദരങ്ങളുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും ദുർബലപ്പെടുന്ന കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നതിനും ഒന്നിച്ച് പ്രവർത്തിക്കുന്നതിനുള്ള സഹിഷ്ണുത മനോഭാവം നാം നമ്മിൽത്തന്നെ വളർത്തിയെടുക്കേണ്ടതാണ്. വിശ്വാസ ജീവിതത്തെ ശക്തിപ്പെടുത്താൻ നാം പരിശ്രമിക്കുന്നതോടൊപ്പം സാമൂഹ്യജീവിതത്തെ മെച്ചപ്പെടുത്താനും നമുക്ക് കഴിയണം. സമുദായത്തെ ഒരുമിച്ച് നിറുത്തി ക്രിസ്തീയ മൂല്യങ്ങൾ ചോർന്നു പോകാതെ വ്യക്തി ജീവിതവും കുടുംബ ജീവിതവും നയിക്കാൻ കഴിയുന്ന സുരക്ഷിതമായ സാഹചര്യം

ഒരുക്കുക എന്നത് അതീവ ഗൗരവമായ വിഷയമാണ് എന്ന് ശ്രദ്ധിക്കുമല്ലോ,

2025–2026 കാലഘട്ടത്തിനായി തയ്യാറാക്കുന്ന ഈ അജപാലനപദ്ധതി ക്രൈസ്തവസമുദായത്തിന്റെ എല്ലാ മേഖലകളിലും ഉന്നതി കൈവരിക്കുവാൻ നമ്മെ സഹായിക്കട്ടെ. നിങ്ങളേവരെയും ദൈവം അതിന് അനുഗ്രഹിക്കട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**
*തൃശ്ശൂർ അതിരൂപത*
*മെത്രാപ്പോലീത്ത*

ശിഷ്യൻമാർക്കുവേണ്ടി
പ്രാർഥിക്കുന്നു
**അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.**
**(യോഹ 17, 21)**

# 2 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

$\frac{1045/\ 2025}{12.04.2025}$ C- 4

### അതിരൂപതാദിനം

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീസഹോദരൻമാരേ, വത്സലമക്കളേ,

ഈശോയുടെ മനുഷ്യാവതാരത്തിന്റെ ജൂബിലി ആഘോഷിക്കുന്ന 2025 ൽ തൃശ്ശൂർ അതിരൂപത അവളുടെ തീർത്ഥാടന വഴിയിൽ 138 വർഷങ്ങൾ പിന്നിടുകയാണ്. ക്രിസ്ത്വാബ്ദം ആദ്യശതകത്തിൽ തന്നെ ഈശോയുടെ സുവിശേഷം അപ്പസ്തോലനായ തോമാശ്ലീഹയിൽ നിന്ന് ഏറ്റുവാങ്ങാൻ അനുഗ്രഹം സിദ്ധിച്ച നമ്മുടെ പൂർവ്വീകരോട് ചേർന്ന് നമുക്ക് അവിടുത്തേയ്ക്ക് ആരാധനയും സ്തുതിയും അർപ്പിക്കാം. പ്രത്യാശയുടെ തീർത്ഥാടകരാകാനുള്ള പരിശുദ്ധ പിതാവിന്റെ ആഹ്വാനത്തോട് ക്രിയാത്മകമായും ആത്മാർത്ഥമായും പ്രത്യുത്തരിച്ചുകൊണ്ട് മുന്നേറാൻ നമുക്ക് കഴിയട്ടെ. ഒരു പ്രാദേശിക സഭ എന്ന നിലയിൽ നാം അനുഭവിച്ച ദൈവപരിപാലനയുടെ അനർഘനിമിഷങ്ങളെ കൃതജ്ഞതയോടെ ഓർത്തെടുത്ത് ഈ ജൂബിലി വർഷത്തിലെ അതിരൂപതാദിനം മെയ് 20-ാം തീയതി നമുക്ക് അർത്ഥപൂർണ്ണമായി ആഘോഷിക്കാം.

ഏറെ വിശ്വാസ പൈതൃകമുള്ള കണ്ടശ്ശാംകടവ് സെന്റ് മേരീസ് നേറ്റിവിറ്റി ഫൊറോന ഇടവകയാണ് ഈ വർഷത്തെ അതിരൂപത ദിനാഘോഷങ്ങൾക്ക് ആതിഥ്യമരുളുന്നത്. തൃശൂർ അതിരൂപതയുടെ ചരിത്രത്തിൽ എന്നും അഭിമാനത്തോടെ സ്മരിക്കപ്പെടുന്ന വിധത്തിൽ ജൂബിലി വർഷത്തെ അതിരൂപത ദിനാഘോഷങ്ങൾക്ക് വേണ്ട ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന എല്ലാവരെയും, പ്രത്യേകിച്ച് കണ്ടശ്ശാംകടവ് ഫൊറോനയിലെ എല്ലാ ഇടവകകളിലെയും ബഹു. അച്ചന്മാരെയും സമർപ്പിതരെയും ദൈവജനത്തെയും നമുക്ക് ദൈവതിരുമുമ്പിൽ സമർപ്പിച്ച് പ്രാർത്ഥിക്കുകയും അഭിനന്ദിക്കുകയും ചെയ്യാം.

ക്രിസ്തുവിൽ സമന്വയിക്കപ്പെട്ടിരിക്കുന്ന ഒരു ഭവനം എന്ന നിലയിൽ (എഫേ. 2:21) കൂട്ടായ്മയിലും സാഹോദര്യത്തിലും അഭിവൃദ്ധി പ്രാപിക്കാൻ അവിടുന്ന് നമുക്ക് നൽകുന്ന സവിശേഷാവസരമാണ് ഓരോ അതിരൂപതാദിനവും. ബാഹ്യ പ്രതിലോമ ശക്തികളും ആഭ്യന്തര പ്രശ്നങ്ങളും സഭാതരുവിനെ നിരന്തരം ഞെരുക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ 'നിങ്ങൾ ഒരേ കാര്യങ്ങൾ ചിന്തിച്ചു കൊണ്ട്, ഒരേ സ്നേഹത്തിൽ വർത്തിച്ച്, ഒരേ ആത്മാവും ഒരേ അഭിപ്രായവും ഉള്ളവരായി എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ'' (ഫിലി. 2: 2) എന്ന ഉദ്ബോധനം നമുക്ക് ഹൃദയപൂർവ്വം സ്വീകരിക്കാം. ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ചൈതന്യമാണ് (അപ്പ. 2: 37-47) സഭാതനയർക്ക് എന്നും ഉണ്ടാകേണ്ടതെന്ന അവബോധം അതിരൂപതാ ദിനാഘോഷങ്ങൾ നമുക്ക് സമ്മാനിക്കട്ടെ.

2025 മെയ് 20 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2:30ന് ഈ വർഷത്തെ അതിരൂപതാദിനാഘോഷങ്ങൾ കണ്ടശ്ശാംകടവ് ഫൊറോനപ്പള്ളിയിൽ ആരംഭിക്കുന്നു. കൃതജ്ഞതാബലിയും തുടർന്ന് പൊതു സമ്മേളനവും കണ്ടശ്ശാംകടവ് ഫൊറോനയിലെ ഇടവകകളിൽ നിന്നു മുള്ള വിവിധ കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്. അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും മെയ് 20-ാം തീയതി അതിരൂപതക്കുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തേണ്ടതാണ്. അന്നേദിവസം ഉച്ചകഴിഞ്ഞ് ഇടവകകളിൽ പൊതുപരിപാടികൾ ഒഴിവാക്കേണ്ടതാണ്. അതിരൂപതാദിനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും മെയ് 18 ഞായറാഴ്ച രാവിലെ വിശുദ്ധ കുർബാനയ്ക്കുശേഷം പേപ്പൽ പതാക ഉയർത്തേണ്ടതാണ്.

അതിരൂപതയുടെ കുടുംബദിനമായിട്ടാണ് ഈ ആചരണം നാം നടത്തുന്നത്. അതിനാൽ താഴെപ്പറയുന്നവർ അതിരൂപതാദിനാ

ഘോഷപരിപാടികളിൽ നിർബന്ധമായും പങ്കെടുക്കാൻ അഭ്യർത്ഥിക്കുന്നു.

1. അതിരൂപതയിലെ വൈദികർ, വൈദികവിദ്യാർത്ഥികൾ

2. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ

3. മേജർ സുപ്പീരിയർമാർ

4. ഓരോ ഇടവകയിൽ നിന്ന്

(a) കൈക്കാരൻമാർ (b) പ്രതിനിധിയോഗം സെക്രട്ടറി

(c) കുടുംബകൂട്ടായ്മ കൺവീനർ (d) ഏകോപന സമിതി പ്രസിഡന്റ് (e) മതബോധന ഹെഡ്മാസ്റ്റർ (f) ഇടവക അതിർത്തിയിലുള്ള സന്യാസഭവനങ്ങളിലെ പ്രതിനിധികൾ (2 പേർ)

മേൽപ്പറഞ്ഞവരെ അതിരൂപതാദിനത്തിന് കൊണ്ടുവരാൻ ആവശ്യമായ വാഹനസൗകര്യം ഇടവകയിൽനിന്നും ചെയ്യേണ്ടതാണ്.

ആത്മീയ ജീവിതത്തിൽ പുത്തനുണർവ്വും സഹോദരങ്ങളോടുള്ള കടമകൾ നിർവഹിക്കുന്നതിൽ ബദ്ധശ്രദ്ധയും ഉറപ്പാക്കാനുതകുംവിധം 2025 ജൂബിലിവർഷം ആചരിക്കാൻ ഏവർക്കും കഴിയട്ടെ. ജൂബിലിവർഷത്തിൽ നടപ്പാക്കാൻ കഴിയാവുന്ന കർമ്മപരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയിരിക്കുന്ന അജപാലന വാർഷികപദ്ധതി ഇതിനോടകം നമുക്ക് ലഭിച്ചിട്ടുണ്ടല്ലോ. അതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ഞാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു. സീറോമലബാർസഭസമുദായ ശാക്തീകരണത്തിന് ഊന്നൽ കൊടുത്തുകൊണ്ട് ആരംഭിച്ചിട്ടുള്ള എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളേവരുടെയും സഹകരണം ഉണ്ടാകണമെന്ന് ഞാൻ പ്രത്യേകം അഭ്യർത്ഥിക്കുന്നു.

നമ്മുടെ അതിരൂപതയുടെ മദ്ധ്യസ്ഥയായ പരിശുദ്ധ അമലോത്ഭവമാതാവിന്റെ പ്രാർത്ഥനകൾ നമുക്കെന്നും തുണയായിരിക്കട്ടെ. ഉത്ഥിതനായ ക്രിസ്തു നമ്മെ അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews mar Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
*തൃശ്ശൂർ അതിരൂപത*
*മെത്രാപ്പോലീത്ത*

---

N.B: ഈ സർക്കുലർ 11/05/2025 ഞായറാഴ്ച പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ, ആശയങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ് +AT.

# 3 CIRCULAR

## Mar Andrews Thazhath

1060/ 2025 C- 5
15.04.2025

### CIRCULAR ON THE CONSTITUTION OF THE 19th PRESBYTERALCOUNCIL OF THE ARCHDIOCESE OF TRICHUR

Dear Rev. Fathers,

Since the term of the18th Presbyteral Council has expired, I hereby decide to constitute a new one for the next three year period (2025-2028) in accordance with the constitution. There will be three categories of members in the Presbyteral Council, namely, (1) Ex-Officio, (2) Elected and (3) Nominated.

**I. Ex-officio**

1. Archbishop
2. Proto-Syncellus
3. Syncellus - V. Rev. Msgr. Jose Konikkara Jr.
4. Syncellus - V. Rev. Msgr. Jaison Koonamplakkal
5. Judicial Vicar - V. Rev. Fr. Mathew Kuttikottayil
6. Chancellor - V. Rev. Fr. Dominic Thalakkoden
7. Finance Officer - V. Rev. Fr. Francis Pallikunnath

8. Minor Seminary Rector - V. Rev. Fr. Joy Puthur

9. Major Seminary Rector - V. Rev. Fr. Sebastian Chalakkal

10. Director of Catechism - Rev. Fr. Saijo Thaikkattil

11. Corporate Manager - Rev. Fr. Joy Adambukulam

12. Religious Major Superiors

a. Provincial CMI - V. Rev. Fr. Jose Nandhikkara CMI

b. Provincial O' Carm - V. Rev. Fr. Thankachan Njaliath O.Carm

**II. Elected**

1. Representatives of the Archdiocesan priests are elected from the groups divided according to age of Sacerdotal Ordination (one elected member from each group). The 22 groups of the Archdiocesan priests are annexed herewith.

2. Two members are elected as representatives of the other diocesan or religious priests presently working in the Archdiocese. Their list is annexed as 23rd group.

3. One priest each is elected from among the priests working in every Forane as Forane Representative.

**III. Nominated members :**

Priests nominated by the Archbishop will be included in this category.

The list of priests grouped as mentioned above is annexed herewith. You are hereby requested to elect one priest from each group of the Archdiocesan Priests (groups 1-22) and two priests from the group of other priests working in the Archdiocese (group 23). For convenience a paper with the number of groups is attached herewith. You shall write the name of your choice against the respective number of the group.

Please reach back the duly filled and signed paper by post/person/ Email on or before 15th May, 2025. For the better conduct of the election, kindly do not send the filled ballot paper via whatsapp.

**Address for posting :**

**The President,**

**Presbyteral Council,**

**Catholic Archbishop's House,**

**Trichur - 680 005.**

**Email : curiatcr@gmail.com**

An election committee is constituted to conduct the required election. The committee includes besides me (President) and V. Rev. Fr. Francis Palikunnath (Secretary), V. Rev. Msgr. Jaison Koonamplakkal (VG), V. Rev. Fr. Dominic Thalakkoden (Chancellor), Rev. Fr. John Ayyankanayil (elected) and V. Rev. Fr. Mathew Kuttikottayil (elected).

With prayerful wishes and cordial blessings,

**Andrews Thazhath**
*Metropolitan Archbishop of Trichur*

ധനികനായ യുവാവ്
**എൻെറ നാമത്തെപ്രതി**
**ഭവനത്തെയോ**
**സഹോദരൻമാരെയോ**
**സഹോദരികളെയോ**
**പിതാവിനെയോ മാതാവിനെയോ**
**മക്കളെയോ വയലുകളെയോ**
**പരിത്യജിക്കുന്ന ഏതൊരുവനും**
**നൂറിരട്ടി ലഭിക്കും;**
**അവൻ നിത്യജീവൻ**
**അവകാശമാക്കുകയും**
**ചെയ്യും**
**(മത്താ. 19, 29)**

# കച്ചേരി വാർത്തകൾ

**1. ഓർമിക്കേണ്ട ദിവസങ്ങൾ**
**മെയ് 2025**

1 : തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പ്
2 : ആദ്യവെള്ളി
വി. അത്തനേഷ്യസ്
3 : വി. പീലിപ്പോസ്, വി. യാക്കോബ് ശ്ലീഹന്മാർ
4 : ഉയിർപ്പ് മൂന്നാം ഞായർ
6 : വി. ഡൊമിനിക് സാവിയോ
11 : ഉയിർപ്പ് നാലാം ഞായർ
ലോകദൈവവിളി പ്രാർത്ഥനാദിനം
14 : വി. മത്തിയാസ് ശ്ലീഹാ
15 : വിളവുകളുടെ സംരക്ഷകയായ മറിയത്തിന്റെ തിരുനാൾ
18 : ഉയിർപ്പ് അഞ്ചാം ഞായർ
മാർ അദ്ദായി
25: ഉയിർപ്പ് ആറാം ഞായർ
29: ന. കർത്താവിന്റെ സ്വർഗാരോഹണം
31: പരി. കന്യകാമറിയത്തിന്റെ സന്ദർശനം

**2. മെയ് മാസത്തെ പരിപാടികൾ**

10 : വൈദികവസ്ത്രസ്വീകരണം
15 : ഫൊറോനവികാരിമാരുടെ യോഗം (10:30 am)
ആലോചനസമിതി യോഗം (03:00 pm)
18 : ഏയ്ഞ്ചലോസ് (01:30 pm)
20: അതിരൂപതാദിനം

**3. മെത്രാഭിഷേക വാർഷികം:**

അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെയും മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും മെത്രാഭിഷേക വാർഷിക ദിനമാണ് മെയ് 1. അന്നേദിനം അഭിവന്ദ്യപിതാക്കന്മാർക്കുവേണ്ടി വി. കുർബാന മദ്ധ്യേ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. അഭിവന്ദ്യപിതാക്കന്മാർക്ക് അതിരൂപതയുടെ പ്രാർത്ഥനാ

പൂർണ്ണമായ ആശംസകൾ നേരുന്നു.

**4. വൈദികവസ്ത്ര സ്വീകരണം**

പരിശീലനം പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികൾ മെയ് 10ന് ഉച്ചകഴിഞ്ഞ് 2:00 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് വൈദികവസ്ത്രം സ്വീകരിക്കുന്നതാണ്. പൗരോഹിത്യ പരിശീലനത്തിൽ ഒരുപടി മുന്നോട്ട് കടക്കുന്ന അവർക്ക് പ്രാർത്ഥനാശംസകൾ നേരുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുമല്ലോ.

**5. ജൂബിലി ആഘോഷിക്കുന്ന വൈദികർ :**

പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഫാ. ജോൺ മൂലൻ, ഫാ. ജോൺ കിടങ്ങൻ പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന ഫാ. ജോഷി ആളൂർ, ഫാ. ആന്റോ ചിരിയങ്കണ്ടത്ത്, ഫാ. ലിജോ ചിറ്റി ലപ്പിള്ളി, ഫാ. ഷിജു ചിറ്റിലപ്പിള്ളി, ഫാ. ഡൊമിനി ചാഴൂർ, ഫാ. ബെന്നി കിടങ്ങൻ, ഫാ. മാർട്ടിൻ കൊളമ്പ്രത്ത്, ഫാ. ജോയ് കൂത്തൂർ, ഫാ. ജിജോ മുരിങ്ങാത്തേരി, ഫാ. ചാക്കോ നടക്കവെളിയിൽ, ഫാ. ജോർജ്ജ് നിരപ്പുകാലയിൽ, ഫാ. സോളി തട്ടിൽ, ഫാ. ജോസഫ് വൈക്കാടൻ എന്നിവർക്ക് ജൂബിലിയുടെ അനുമോദനങ്ങളും പ്രാർത്ഥനകളും.

**6. അതിരൂപതാദിനം:**

ഈ വർഷത്തെ അതിരൂപതാദിനം മെയ് 20ന് കണ്ടശ്ശാംകടവ് ഫൊറോനയിൽ വച്ച് നടത്തപ്പെടുന്നു. ഏവർക്കും സ്വാഗതം.

**7. പാലയൂർ മഹാതീർത്ഥാടനം**

2025 ഏപ്രിൽ 6-നായിരുന്നു ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ സഹകരിച്ച ഏവർക്കും പ്രത്യേകം നന്ദി.

**8. വൈദികനിയമനം:**

1. ഫാ. ലോറൻസ് ഒലക്കേങ്കിൽ - താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം; സാധുത 2025 മാർച്ച് 11 മുതൽ.

2. ഫാ. പോൾ പയ്യപ്പിള്ളി - സ്പിരിച്ച്വൽ ഫാദർ, ക്രിസ്തുരാജ് ഭവൻ നെഹ്രുനഗർ ഒഴിവായി; സാധുത 2025 മാർച്ച് 15 മുതൽ.

3. ഫാ. ജോബി കടപ്പൂരാൻ - കൗൺസിലർ, വിവാഹ അനുരഞ്ജന ഓഫീസ് കൂടി; സാധുത 2025 മാർച്ച് 15 മുതൽ.

4. ഫാ. വിൻസെന്റ് ചെറുവത്തൂർ - പ്രൊമോട്ടർ ഓഫ് ജസ്റ്റിസ് മെത്രാപ്പോലീത്തൻ കോടതി; സാധുത 2025 മാർച്ച് 19 മുതൽ.

5. സി. അൽഫോൻസ SABS - ജഡ്ജ് മെത്രാപ്പോലീത്തൻ കോടതി ഒഴിവായി; സാധുത 2025 മാർച്ച് 31 മുതൽ.

6. ഫാ. റെജി ഞരളക്കാട്ടുകുന്നേൽ- ജഡ്ജ് മെത്രാപ്പോലീത്തൻ കോടതി കൂടി; സാധുത 2025 മാർച്ച് 31 മുതൽ.

7. ഫാ. റോജോ എലുവത്തിങ്കൽ - വികാരി പുതുശ്ശേരി & കപ്ലോൻ സി. എസ്. സി. ഒഴിവായി; സാധുത 2025 മാർച്ച് 26 മുതൽ.

8. ഫാ. കനേഡിയൻ തണ്ടാശ്ശേരി - നടത്തുവികാരി പുതുശ്ശേരി & കപ്ലോൻ സി. എസ്. സി.; സാധുത 2025 മാർച്ച് 26 മുതൽ.

9. ഫാ. സിനോജ് നീലങ്കാവിൽ - സഹായി മരത്താക്കര ഒഴിവായി; സാധുത 2025 മാർച്ച് 29 മുതൽ.

10. ഡീ. നോബിൾ ഐനിക്കൽ - ഡീക്കൻ മിനിസ്ട്രി മരത്താക്കര; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

11. ഡീ. ജോസഫ് ബ്രഹ്മകുളം - ഡീക്കൻ മിനിസ്ട്രി തൃശ്ശൂർ ലൂർദ്ദ്; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

12. ഡീ. സാന്റിയോ എലുവത്തിങ്കൽ - ഡീക്കൻ മിനിസ്ട്രി ചിയ്യാരം വിജയമാത; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

13. ഡീ. ആക്ടൻ പെല്ലിശ്ശേരി - ഡീക്കൻ മിനിസ്ട്രി ചൊവ്വന്നൂർ; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

14. ഡീ. ജിജോ തറയിൽ - ഡീക്കൻ മിനിസ്ട്രി കൂനംമൂച്ചി; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

15. ഡീ. നിതിൻ താഴത്ത് - ഡീക്കൻ മിനിസ്ട്രി പൊങ്ങണംകാട്; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

16. ഡീ. ജോബിൻ ഐനിക്കൽ - ഡീക്കൻ മിനിസ്ട്രി പട്ടിക്കാട്; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

17. ബ്ര. നിഖിൽ ചിറയത്ത് - ഇന്റേൺഷിപ്പ് അരണാട്ടുകര; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

18. ബ്ര. സുഭാഷ് ഗോഗർല- ഇന്റേൺഷിപ്പ് വാടാനപ്പിള്ളി; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

19. ബ്ര. ഷിന്റോ കുളങ്ങര - ഇന്റേൺഷിപ്പ് പുതുക്കാട്; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

20. ഡീ. പ്രവീൺ കുന്നത്ത് - ഡീക്കൻ മിനിസ്ട്രി നെല്ലിക്കുന്ന്; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

21. ഡീ. ജിന്റോ മഞ്ഞളി SDV - ഡീക്കൻ മിനിസ്ട്രി അരണാട്ടുകര; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

22. ബ്ര. ബിൻസ് മുട്ടത്തിൽ – ഇന്റേൺഷിപ്പ് എരുമപ്പെട്ടി; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

23. ബ്ര. ജോസഫ് പെരുംപുഴയിൽ – ഇന്റേൺഷിപ്പ് ഒല്ലൂർ; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

24. ഡീ. ജിമ്മി പുതുപറമ്പിൽ SDV – ഡീക്കൻ മിനിസ്ട്രി ഒളരിക്കര; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

25. ബ്ര. വിക്ടർ തൊമ്മാന – ഇന്റേൺഷിപ്പ് ചെങ്ങാലൂർ; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

26. ഡീ. മൈക്കിൾ തോട്ടുവായ്ക്കുളം CSJBP – ഡീക്കൻ മിനിസ്ട്രി പുത്തൂർ; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

27. ഡീ. തേജസ്സ് വടക്കേമുറിയിൽ SDV – ഡീക്കൻ മിനിസ്ട്രി കല്ലൂർ പടിഞ്ഞാറ്; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

28. ബ്ര. ജോയ്സ്മോൻ വാന്തിൽ MSJ – ഇന്റേൺഷിപ്പ് ചിറ്റിശ്ശേരി; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

29. ഡീ. ഡെൽജോ വിതയത്തിൽ SDV – ഡീക്കൻ മിനിസ്ട്രി വിജയപുരം; സാധുത 2025 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

# ENGAGEMENTS

**MAY 2025**

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1 | Thu | Morning | Holy Mass & Labour Day Celebrations |
| | | Afternoon | GEMS Project @ Vimala College |
| | | Evening | PAROC Seminar |
| 2 | Fri | Morning | Holy Mass @ Spiritual Animation Centre |
| | | Evening | Hall Blessing @ Erumappety |
| 3 | Sat | Morning | Diocesan Day @ Nedumkandam, Idukki |
| | | Afternoon | FIAT Exhibition @ Chethippuzha |
| 4 | Sun | Afternoon | Blessing of New Church @ Veendassery |
| 5 | Mon | | CBCI Meeting @ Delhi |
| 8-9 | Thu-Fri | | CBCI Meeting @ Bangalore |
| 10 | Sat | Morning | Mission Fest @ Pala |
| 11 | Sun | Morning | Blessing of the Major Archi - Episcopal Shrine, Palayur |
| | | Afternoon | Catechism Principals' Conference |
| | | Afternoon | Diaconate @ Nehru Nagar |
| | | Evening | Closing Ceremony of the Silver Jubilee Celebrations @ Villadam |
| | | Morning | Vestition @ CMC Kottekkad |
| | | Afternoon | Adaram - All Kerala Aided Colleges' Principals' Meet @ St. Thomas College |
| 13 | Tue | Morning | Blessing of the Renovated Convent of Snehodaya Provincial House (CSS) @ Mannuthy |
| 15 | Thu | Morning | Baptism of the Fifth Child @ Mariapuram<br>Forane Vicars' meeting |
| | | Afternoon | Consultor's Meeting |

| | | | |
|---|---|---|---|
| | | Evening | Inauguration of Bible Convention @ Kandassankadavu |
| 16 | Fri | Afternoon | Inauguration of Crystal Jubilee year @ TIMHANS |
| | | Evening | JMMC Trust meeting |
| 17 | Sat | Morning | Jubilee of  Martha Sisters’ |
| 18 | Sun | Morning | Inauguration of Catechism Teachers’ Seminar |
| | | Afternoon | Angelos @ Lourdes Cathedral |
| 20 | Tue | Afternoon | Archdiocesan Day @ Kandassanka- |
| davu | | | |
| 21 | Wed | Morning | Golden Jubilee Mass @ Karoor |
| 24 | Sat | | Jubilee Mass of Fr. Mathew Koyikal @ Pala |
| 25 | Sun | Afternoon | Savio Home,  Manakkody |
| | | Afternoon | Samoohavivaham @ Basilica Hall |
| 26 | Mon | Morning | Felicitation on the Jubilee of Fr. John Kidangan @ Enammavu |
| | | Evening | Meeting @ Marymatha Seminary |
| 28 | Wed | Morning | FSSE Ponganamkad |
| 31 | Sat | Evening | Catechism Day Inauguration @ DBCLC |

# ENGAGEMENTS

## MAY 2025

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 01 | Thu | Morning | Holy Communion at Kuriachira |
| | | Evening | PAROC Seminar |
| 02 | Fri | Evening | Silver Jubliee @ Chettupuzha Church<br>PAROC Seminar |

| | | | |
|---|---|---|---|
| 03 | Sat | Morning | Holy Communion at Lourde<br>Jubilee @ Mariappuram MMB Mission Home |
| | | Evening | Parents Meet of Seminarians for Vestition |
| | | Evening | PAROC Seminar |
| 04 | Sun | Morning | Holy Communion @ Mullakkara |
| | | Evening | PAROC Seminar online |
| 05 | Mon | Evening | Holy Mass & Adaraniyam @ Basilica |
| 07 | Wed | Morning | Fourth child Baptism @ Kodannur |
| 08 | Thu | Morning | Fourth child Baptism @ Chittattukara<br>Major Seminarians Conference |
| 09 | Fri | Morning | Major Seminary Conference @ SMMS |
| | | Evening | STC Meeting |
| 10 | Sat | Evening | Archdiocesan Brothers Vestition @ SMMS |
| 11 | Sun | Morning | First Holy Communion at Erumapetty |
| | | Evening | Adaravu Pothu Samalanem at Veedasserry |
| 12 | Mon | Morning | Holymass @ MMMS<br>Visit to Seminarians' houses |
| 13 | Tue | | Coimbatore |
| 14 | Wed | Morning | All Kerala private principal Annual General body inauguration |
| 15 | Thu | Evening | Meeting of Forane Vicars |
| 16 | Fri | Morning | Holymass @ Spiritual Animation Centre |
| | | Evening | Annual day celebration @ Pazhuvil<br>Jubilee Trust meeting |
| 17 | Sat | Morning | Holy Mass for Provincial Renewal Synaxis @ Assisi |
| | | Evening | Cheroor: First & Final profession |
| 18 | Sun | Morning | Plus one, plus two teachers' meet @ DBCLC |
| | | Evening | Angelus<br>Kandassankadavu Convention Conclusion |
| 19 | Mon | Morning | Benefactors Meet@ MMMS |
| 20 | Tue | Evening | Archdiocesan Day |
| 21-28 | | | Visakhapatnam |
| 31 | Sat | Evening | Mass at Changanacherry |



# നാളാഗമം

## മാർച്ച് 2025

01. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സി. ബി. സി. ഐ. സെക്രട്ടറീസ് മീറ്റിംഗിൽ സംബന്ധിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് വൈകുന്നേരം തൃക്കൂർ ഇടവകയിലേക്ക് പാസ്റ്ററൽ വിസിറ്റിനായി പോയി.
02. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ബൈബിൾ അപോസ്റ്റലേറ്റിന്റെയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ബൈബിൾ കോഴ്സിന്റെ ഉദ്ഘാടനം ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തി. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് തൃക്കൂർ ഇടവകയിൽ പാസ്റ്ററൽ വിസിറ്റ് നടത്തി.
03. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തൽ വിഭൂതി തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. വൈകിട്ട് പാലയൂരിലെ തളിയകുളത്തിൽ വച്ച് വി. കുർബാന അർപ്പിക്കുകയും വ്രതാരംഭ കൂട്ടായ്മ ആരംഭിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് തൃശ്ശൂർ ബസിലിക്ക

ദൈവാലയത്തിൽ വിഭൂതി തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

04. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഡിബിസിഎൽസിയിൽ വച്ച് നടന്ന വൈദികരുടെ മാസാധ്യാനത്തിലും തുടർന്ന് വൈദിക സമ്മേളനത്തിലും പങ്കെടുക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് പാക്ടിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് തൃശൂർ മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. തുടർന്നു വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

05. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വിശുദ്ധ ബലി അർപ്പിച്ചു. മേരിമാതാ സെമിനാരിയിൽ വച്ച് വൺ ഡേ കുരിയാ മീറ്റിങ്ങിൽ സംബന്ധിച്ചു. വൈകിട്ട് കുറ്റൂർ മേരിമാതാ ഇടവക ദൈവാലയത്തിൽ വച്ച് നടന്ന ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ഗുരുവായൂർ ചെറുപുഷ്പം കോൺവെന്റിൽ വി. ബലിയർപ്പിച്ചു. വൈകുന്നേരം അരണാട്ടുകര ഹോളി ട്രിനിറ്റി കോൺവെന്റിൽ ബലിപീഠ കൂദാശകർമ്മങ്ങൾക്കും, വിശുദ്ധബലിക്കും മുഖ്യകാർമ്മികത്വം വഹിച്ചു.

06. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് എം. ഐ. ആശുപത്രിയുടെ ട്രസ്റ് മീറ്റിംഗിൽ പങ്കെടുത്തു.

06-07. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന LRC സെമിനാറിൽ പങ്കെടുത്തു.

08. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ഡി. ബി. സി. എൽ. സി. യിൽ വച്ച് നടന്ന ഇന്റർ എപാർക്കിയൽ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. ഉച്ചക്കഴിഞ്ഞ് അതിരൂപതാദിനത്തിന് ഒരുക്കമായി നടന്ന മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ഡിബിസിഎൽസിയിൽ പ്രൊവിൻഷ്യൽ പാസ്റ്ററൽ കൗൺസിലിൽ പങ്കെടുത്തു.

09. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് ഫാമിലി അപ്പസ്തോലേറ്റിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ നേത്രത്വത്തിൽ നടന്ന ലീഡേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം കുറ്റൂർ മേരിമാതാ പള്ളിയിലെ ബൈബിൾ കൺവെൻഷനിൽ വചനപ്രഘോഷണം നടത്തി.

10-14. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ബാങ്കോക്കിൽ നടന്ന ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്സ് കോൺഫറൻസിൽ (FABC) സംബന്ധിച്ചു.

10. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അഞ്ചേരി മറിയം ത്രേസ്യ കോൺവെന്റിൽ വി. ബലിയർപ്പിച്ചു. തുടർന്നു യുവ വൈദികരുടെ ഫോർമേഷൻ പരിപാടിയിൽ പങ്കെടുത്തു. മേരി മാതാ മേജർ സെമിനാരിയിൽ പരീക്ഷക്ക് നേതൃത്വം നൽകി.

12. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ചെമ്പുക്കാവ് മഡോണ കോൺവെന്റിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് കോർപ്പറേറ്റ് ടീച്ചേഴ്സിന്റെ അവാർഡ് ഡേയിൽ പങ്കെടുത്തു. തുടർന്ന് സെന്റ് തോമസ് കോളേജിലെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

13. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് വാഴക്കുളം സിഎംഐ ആശ്രമത്തിൽ 40 തിരുമണിക്കൂർ ആരാധന സമാപനത്തിൽ പങ്കെടുത്ത് വി. ബലിയർപ്പിച്ചു.

14. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ സ്പിരിചൽ ആനിമേഷൻ സെന്ററിൽ വി. ബലിയർപ്പിച്ചു. തുടർന്നു ഭരത ആശ്രമം വെഞ്ചിരിച്ചു. ഉച്ചകഴിഞ്ഞ് മുണ്ടൂർ സ്കൂളിന്റെ വാർഷിക പരിപാടിയിൽ പങ്കെടുത്തു. വൈകുന്നേരം മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിലെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

15. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് ഫാമിലി അപ്പസ്തോലേറ്റിൽ 2025-26 വർഷത്തെ അതിരൂപത കുടുംബകൂട്ടായ്മയുടെ വാർഷിക പദ്ധതി പ്രകാശനം ചെയ്തു. ഉച്ചകഴിഞ്ഞ് സെ. തോമസ് കോളേജിലെ മേനാച്ചേരി ഹാളിൽ നടന്ന അതിരൂപത അഡ്വക്കേറ്റ്സ് ഫോറം ഉദ്ഘാടനം ചെയ്തു. ജൂബിലി മെഡിക്കൽ കോളേജിലെ മദർ തെരേസ ഹാളിൽ വെച്ച് നവീകരിച്ച ഗ്യാസ്ട്രോ സ്യൂട്ടിന്റെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുകയും വെഞ്ചിരിപ്പ് കർമ്മം നിർവഹിക്കുകയും ചെയ്തു. വൈകീട്ട് നടന്ന ദീപിക പത്രത്തിന്റെ വാർഷിക യോഗത്തിൽ സബന്ധിക്കുകയും ദീപിക അവാർഡ് ജേതാക്കളെ ആദരിക്കുകയും ചെയ്തു. വൈകീട്ട് മേരിമാതാ സെമിനാരിയിൽ വെച്ച് സ്റ്റാഫ് മീറ്റിങ്ങിൽ പങ്കെടുക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ബസിലിക്ക ഓഡിറ്റോറിയത്തിൽ നടന്ന കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം സാമുദായിക ശാക്തീകരണ മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് മേരിമാതാ സെമിനാരി സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും

യോഗത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

16. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഡിബിസിഎൽസിയിൽ വച്ച് തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട എഡൻ പരിപാടി ഉദ്ഘാടനം ചെയ്തു. ഉച്ചക്ക് പുല്ലഴിയിലുള്ള സെ. ജോസഫ് മെന്റൽ ഹെൽത്ത് കെയർ ഹോമിൽ നടന്ന ഉപകാരി ദിനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചാവക്കാട് സാന്ത്വനതീരത്തിൽ വിശുദ്ധ ബലിയർപ്പിച്ചു.

17. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, വൈകീട്ട് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

17–18. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സെമിനാരി മീറ്റിൽ പങ്കെടുത്തു.

19. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വെസ്റ്റ് ഫോർട്ട് സെന്റ് ആൻസ് കോൺവെന്റിൽ വിശുദ്ധ ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ജൂബിലി മിഷൻ ആശുപത്രിയിൽ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

20. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നാലാമത്തെ കുട്ടിയുടെ മാമോദിസക്കായി ചിറ്റിശ്ശേരി ദൈവാലയത്തിലേക്ക് പോയി. അഭിവന്ദ്യപിതാക്കന്മാർ ആലോചനസമിതി യോഗത്തിലും വൈദികസമിതിയോഗത്തിലും പങ്കെടുത്തു.

21. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കത്തോലിക്കാസഭ ഡയറക്ടേഴ്സ് മീറ്റിൽ പങ്കെടുത്തു. വൈകുന്നേരം ജ്യോതി എൻജിനീയറംഗ് കോളേജ് മാനേജ്മെന്റ് മീറ്റിംഗിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

22. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അരണാട്ടുകര സെന്റ് ജോർജ് കപ്പേളയിൽ വിശുദ്ധ ബലിയർപ്പിച്ചു. ഡിബിസിഎൽസിയിൽ കാറ്റക്കറ്റിക്കൽ കൗൺസിൽ ഉദ്ഘാടനം നിർവഹിച്ചു. അഭിവന്ദ്യപിതാക്കന്മാർ സംഘടന എകോപനസമിതി മീറ്റിങ്ങിൽ പങ്കെടുത്തു.

23. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ഡി. ബി. സി. എൽ. സി. യിൽ കേറ്റകെറ്റിക്കെൽ കൗൺസിൽ അംഗങ്ങൾക്കുവേണ്ടി വി. ബലിയർപ്പിച്ചു. രാവിലെ ബസിലിക്ക ഇടവകയിൽ വിൻസെന്റ് ഡി പോൾ കൂട്ടായ്മയുടെ നേതൃത്വത്തിൽ ജൂബിലി മിഷൻ ആശുപത്രിയിലേക്കു ഡയാലിസിസ് മെഷീൻ വാങ്ങുന്നതിനുള്ള ഫണ്ട് ജൂബിലി ഡയറക്ടർ റെന്നി മുണ്ടൻകുരിയൻ അച്ചന് കൈമാറി. ഉച്ചകഴിഞ്ഞ് ഡിബിസിഎൽസിയിൽ വച്ച്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയുടെ കോൺവൊക്കേഷൻ സെറിമണി ഉദ്ഘാടനം ചെയ്യുകയും സർട്ടിഫിക്കറ്റ് വിതരണം നടത്തുകയും ചെയ്തു. സെന്റ് തോമസ് കോളേജ് മെഡ്‌ലിക്കോട്ട് ഹാളിൽ നടന്ന അർണോസ് പാതിരിയുടെ ഭാരത പ്രവേശന ത്തിന്റെ 325–ാം ജൂബിലിയുടെയും 293–ാം ചരമ വാർഷികത്തി ന്റെയും സാംസ്കാരിക സമ്മേളനത്തിൽ പങ്കെടുക്കുകയും അനുഗ്രഹ സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് എരുമപ്പെട്ടിയിൽ നടന്ന കാത്തലിക് കോൺഗ്രസ്സിന്റെ യൂത്ത് കൗൺസിൽ യോഗം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ച കഴിഞ്ഞ് ഡിബിസിഎൽ സിയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി കോൺവൊക്കേഷൻ പരിപാടിയിൽ പങ്കെടുത്തു.

24. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അരിമ്പൂർ ഇടവക ദൈവാലയത്തിൽ ബഹു. സെബാസ്റ്റ്യൻ കൊള്ളന്നൂർ അച്ചന്റെ അനുസ്മരണാർത്ഥം ബലിയർപ്പിച്ചു. മീഡിയ കത്തോലി ക്കയുടെ നേതൃത്വത്തിൽ നടത്തിയ മീഡിയ കത്തോലിക്ക 'ഫോക്കസ് പോയിന്റ്' എന്ന വൈദികരുടെ പരിശീലനപരി പാടിയിൽ പങ്കെടുത്തു.

24. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് തിരുവില്ലാമലയിലുള്ള ഗുരുകുലം സെമിനാരി സന്ദർശിച്ച് ദിവ്യബലിയർപ്പിച്ചു.

25. അഭിവന്ദ്യ പിതാക്കന്മാർ നെയ്യാറ്റിൻകര ലത്തീൻ രൂപതയുടെ പുതിയ മെത്രാനായി നിയമിതനായ ബിഷപ്പ് സെൽവരാജന്റെ മെത്രാഭിഷേക ചടങ്ങുകളിൽ പങ്കെടുത്തു.

26. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മെത്രാപ്പോലീത്തൻ കോടതിയിൽ നിന്ന് സ്ഥലം മാറിപ്പോകുന്ന സി. അൽഫോൻസാ എസ്. എ. ബി. എസ്. ന്റെ യാത്രയയപ്പു ചടങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തിരുവി ല്ലാമല ഗുരുകുലം സെമിനാരിയിൽ പോയി വിദ്യാർഥികൾക്കായി ബലിയർപ്പിച്ചു.

27. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചകഴിഞ്ഞ് മാതൃവേദി വാർഷികപദ്ധതി പ്രകാശനം പരിപാടിയിൽ പങ്കെ ടുത്തു.

28. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഒല്ലൂർ ഇടവകയിൽ നാല്പത് മണിക്കൂർ ആരാധനയോടനുബന്ധിച്ചുള്ള ദിവ്യബലി അർപ്പിക്കുകയും ആരാധനയിൽ സംബന്ധിക്കുകയും ചെയ്തു.

29. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, രാവിലെ ഒളരിക്കര

നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. സി. ഗ്രേഷ്യസ് ഇരിമ്പൻ സി. എച്ച്. എഫ്. ന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് കാറോയാ, ഹെവ്പദ്യാക്ന എന്നീ ചെറുപട്ടങ്ങളും ഡീക്കൻ പട്ടവും നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പട്ടിക്കാട് എംഎംബി സ്നേഹാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ലൂർദ്കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന ചെറുപട്ടങ്ങളിൽ പങ്കെടുത്തു. തുടർന്ന് ഡിബി സിഎൽസിയിൽ പ്രതിഭസംഗമത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വൈകിട്ട് മുക്കാട്ടുകരയിൽ വചനോദയം കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

30. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വടക്കാഞ്ചേരി ഇടവക ദൈവാലയത്തിൽ അതിരൂപത ദർശന സമൂഹത്തിന്റെ വാർഷികത്തിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ചു. ഉച്ചകഴിഞ്ഞ് കുരിയച്ചിറ സെ. ജോസഫ് സ്കൂളിൽ വച്ച് നടന്ന അതിരൂപത കുടുംബകൂട്ടായ്മ നേതൃസംഗമം ഉദ്ഘാടനം ചെയ്തു. വൈകീട്ട് കുറുമാൽ, ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ വച്ച് നടന്ന ജീസസ് യൂത്ത് സോണൽ അസംബ്ലിയിൽ സംബന്ധിക്കുകയും പുതിയ കോർഡിനേറ്റേഴ്സിനെ പ്രഖ്യാപിക്കുകയും സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പുത്തൻപീടിക ഇടവകദൈവാലയത്തിൽ 40 മണിക്കൂർ ആരാധനയുടെ ഭാഗമായി വി. ബലിയർപ്പിച്ചു. തുടർന്ന് അരുണാട്ടുകരയിൽ സിഎൽസി പരിപാടിയിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കുടുംബകൂട്ടായ്മ നേതൃസംഗമത്തിൽ ഫാമിലി അപ്പോസ്തോലിക് സെന്ററിൽ പങ്കെടുത്തു. വൈകുന്നേരം പാലയൂർ ബൈബിൾ കൺവെൻഷനിൽ വചനപ്രഘോഷണം നടത്തി.

31. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് കത്തോലിക്കാ കോൺഗ്രസ്സിന്റെ ഗ്ലോബൽ യൂത്ത് കൗൺസിൽ തൃശൂർ മേഖല യോഗം ഉദ്ഘാടനം ചെയ്തു. വൈകീട്ട് ആർച്ച് ബിഷപ്സ് ഹൗസിൽ ശുശ്രൂഷ ചെയ്ത് വിരമിക്കുന്ന സ്റ്റാഫ് അംഗങ്ങളുടെ യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചകഴിഞ്ഞ് ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ ജീസസ് യൂത്തിന്റെ ലീഡേഴ്സ് അസംബ്ലിയിൽ പങ്കെടുത്തു ആരാധനയ്ക്ക് നേതൃത്വം നൽകി.

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



**രണ്ടാം ശനിയാഴ്ചാചരണം**

ചൊവ്വന്നൂർ ഇടവകാംഗമായ ഓടച്ചൂട്ടിൽ ജോർജ് തോമസ് & ഫാമിലി ഏറ്റെടുത്തു നടത്തിയ ഏപ്രിൽ മാസത്തിലെ രണ്ടാം ശനി ഓർമ്മയാചരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചത് ചേലക്കര സെന്റ് മേരീസ് ഫൊറോന വികാരി ബഹു. ജെയ്സൻ പുലിക്കോട്ടിലച്ചനായിരുന്നു. ചേലക്കര ജീവോദയ കോൺവെന്റിലെ ബഹു. ചാരിറ്റി സിസ്റ്റേഴ്സാണ് ജപമാലയർപ്പണത്തിനും ആരാധനയ്ക്കും നേതൃത്വം നല്കിയത്. ചേലക്കര സെന്റ് മേരീസ് ഇടവകയിൽനിന്നും വന്ന വിശ്വാസികളുടെ സാന്നിധ്യവും ആചരണത്തെ അനുഗ്രഹീതമാക്കി. ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ജന്മനാടായ തൊയക്കാവ് ഇടവകാംഗമായ ബഹു. ജെയ്സനച്ചൻ തന്റെ ചെറുപ്പകാലത്ത് ധന്യനായ ഊക്കനച്ചൻ ജനിച്ച വീട്ടിലേക്ക് പിടിയരി പിരിക്കാൻ പോയ അനുഭവമൊക്കെ പങ്കുവെച്ചുകൊണ്ടാണ് സന്ദേശം ആരംഭിച്ചത്. ബഥാനിയായിലെ തൈലാഭിഷേകത്തെ ആസ്പദമാക്കിയുള്ള സുവിശേഷവായനയിലൂടെയാണ് കടന്നുപോയത്.

വിലയേറിയതും സുഗന്ധമുള്ളതുമായ തൈലത്താൽ മറിയം യേശുവിനെ അഭിഷേചിച്ചു. താൻ ജീവിച്ചിരുന്ന കാലഘട്ടത്തിൽ കിട്ടാമായിരുന്ന വിലയേറിയതും സൗരഭ്യമുള്ളതുമായ ഒരു വ്യക്തിത്വത്തിന് ഉടമയായിരുന്നു ധന്യനായ ഊക്കനച്ചൻ. തന്റെ ഈ വിലപിടിച്ച വ്യക്തിത്വം കർത്താവിന്റെ കാല്ക്കൽ അദ്ദേഹം പൊട്ടിച്ചൊഴിച്ചു. തത്ഫലമായി ഈ പുണ്യവൈദികൻ ഇന്ന് തിരുസ്സഭയിൽ ഒരു ധന്യനായി മാറി. കർത്താവിനർപ്പിക്കുന്നത് സുഗന്ധമുള്ളതും വിലയേറിയതും ശുദ്ധവുമായിരിക്കണമെന്ന് ആദ്യമുതലേ ഊക്കനച്ചൻ മനസ്സിലാക്കുകയും സന്തോഷത്തോടെ സമർപ്പിക്കുകയും ചെയ്തു. ആ സുഗന്ധം ഇന്ന് വിശുദ്ധ പദവിയിലേക്ക് നടന്നടുക്കുകയാണ്. നമ്മളും ദൈവത്തിന് കൊടുക്കുന്നതൊക്കെ ഏറ്റവും മൂല്യമുള്ളതും സൗരഭ്യമുള്ളതുമായിരിക്കണം. തന്റെ ജീവിതത്തിന്റെ വിലയെന്താണെന്ന് ഈ ശ്രേഷ്ഠപുരോഹിതൻ മനസ്സിലാക്കി പ്രവർത്തിച്ചതുപോലെ നമുക്കും എല്ലാം കർത്താവിന് സമർപ്പിച്ച് അവിടുത്തെ മുമ്പിലും ദൈവജനത്തിന്റെ മുമ്പിലും വിശുദ്ധിയുടെ പരിമളം പരത്തുന്നവരായി തീരാം.

ചൊവ്വന്നൂർ ഇടവക വികാരി ബഹു. ഫാ. തോമസ് ചൂണ്ടൽ എല്ലാവർക്കും നന്ദി പറഞ്ഞു.


*ധന്യനായ ഊക്കനച്ചന്റെ മെയ് മാസചിന്തകൾ:*

''മെയ് മാസം:- എല്ലാ ദിവസവും സായാഹ്നത്തിൽ നവമായ പുഷ്പങ്ങൾ മാതാവിന് അർപ്പിക്കുക, മാതാവിനെപ്പററി ധ്യാനിക്കുക, എന്റെ അമ്മയോട് ഇടക്കിടക്ക് സംഭാഷണം നടത്തുക, അവളെപ്പറ്റി വായിക്കുക, സംസാരിക്കുക, വിശ്വാസമർപ്പിക്കുക, അങ്ങനെ അവളുടെ സ്നേഹത്തിൽ വളരുക.''

''വിജ്ഞാനത്തിന്റെ ഇരിപ്പിടവും സദുപദേശത്തിന്റെ മാതാവുമായ മറിയമാണ് എന്റെ സ്വകാര്യ അധ്യാപിക. വിശ്വാസത്തിൽ നിന്നും വ്യതിചലിക്കാതെ സ്ഥിരമായി നിലനില്ക്കുവാൻ അമ്മേ, എന്നെ പഠിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യണമെ''.

''മറിയത്തിനു നല്കപ്പെട്ടിരിക്കുന്ന സമ്മാനമാണ് നാം. മറിയത്തെ ബഹുമാനിക്കുന്നതിനും ആദരിക്കുന്നതിനുമായി ധാരാളം മക്കളെ യേശു അവർക്കു നല്കി. ഞാനെന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? എന്താണ് ചെയ്യേണ്ടത്? ഞാൻ എന്നെത്തന്നെ മറിയത്തിന് സമർപ്പിക്കണം''.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



പരിശുദ്ധ അമ്മക്ക് പ്രതിഷ്ഠിതമായ മെയ് മാസത്തിൽ പരിശുദ്ധ അമ്മയെക്കുറിച്ച് അച്ചൻ നൽകുന്ന വിചിന്തനം ശ്രദ്ധിക്കാം. മത്തായിയുടെ സുവിശേഷത്തിൽ ഉള്ള വംശാവലിയിൽ മറിയത്തിന്റെ സൂചന നൽകപ്പെട്ടിട്ടുള്ളതിൽ നിന്ന് അവളുടെ നാമം പഴയ നിയമം മുഴുവൻ വ്യാപിച്ചിരിക്കുന്നതായി അച്ചൻ പ്രസ്താവിക്കുന്നു.

പരിശുദ്ധ അമ്മ സൃഷ്ടിയുടെ ആരംഭത്തിൽതന്നെ സൃഷ്ടിക്കപ്പെട്ടവളാണെന്നും ആദം മലിനമാക്കപ്പെടുമെന്നറിഞ്ഞ ദൈവം രക്ഷകന് ജനിക്കാനായി മറിയമെന്ന നിർമ്മല സൃഷ്ടിയെ നേരത്തെ കരുതിവച്ചുവെന്നും അച്ചൻ അഭിപ്രായപ്പെടുന്നു. ആദത്തിന്റെ പാപശേഷം മറിയത്തെ വാഗ്ദാനം ചെയ്യുന്നു. 'ഈ പറഞ്ഞൊപ്പു (വാഗ്ദാനം) നിറവേറുന്ന സമയം അശ്രാന്തരായി ദീർഘദർശികളും മറ്റും നോക്കിയിരുന്നു'. സമയം വൈകുന്നല്ലോ എന്നവർ വിലപിക്കുന്നു. പക്ഷേ ദൈവദൃഷ്ടിയിൽ സമയം എന്നൊന്നില്ല. അവിടത്തേക്ക് ഒരു ദിവസം ആയിരം വർഷങ്ങൾ പോലെയും ആയിരം വർഷങ്ങൾ ഒരു ദിവസം

പോലെയും ആണ് (2 പത്രോ. 3:8).

മറിയത്തിന്റെ പ്രാധാന്യത്തെ വിവരിക്കുവാൻ അച്ചൻ മറ്റു ചില ചിന്തകൾ കൂടി നൽകുന്നു. മറ്റുള്ള പുണ്യാത്മാക്കളുടെ മരണദിവസം നാം ഘോഷിക്കുന്നു. എന്നാൽ നമ്മുടെ അമ്മയുടെയും കർത്താവിന്റെയും യോഹന്നാന്റെയും പിറവിത്തിരുന്നാളും നാം ആഘോഷിക്കുന്നു. എലിസബത്ത് തന്റെ മകളുടെ സ്ഥാനത്തുള്ള മറിയത്തെ, ഇത്ര ചെറുപ്പക്കാരിയെ നമസ്കരിച്ചു. പരിശുദ്ധാരൂപിയാണ് ''ഇത് കർത്താവിന്റെ അമ്മയാണ്'' എന്ന് എലിസബത്തിന് പറഞ്ഞുകൊടുത്തത്. എന്നിട്ടും പ്രൊട്ടസ്റ്റന്റുകാർ മറിയത്തെ ദൈവമാതാവെന്നു വിളിക്കുന്നില്ല. മേരിയുടെ ജനനം കൂടുതൽ സന്തോഷമുളവാക്കുന്നു. കാരണം അവൾ വന്നപ്പോൾ കർത്താവ് ഉടനെ വരുമെന്ന് തീർച്ചയായി.

NB: ജൂൺ 9ന് ദൈവദാസൻ തച്ചുപറമ്പിലച്ചന്റെ 62-ാം ശ്രാദ്ധാചരണം ചേലക്കര പള്ളിയിൽവച്ച് നടത്തുന്നു. മാർച്ച് 23 ഞായറാഴ്ച 10.30ന് ഫൊറോനാ വികാരി ഫാ. ജയ്സൺ പുലിക്കോട്ടിലിന്റെ നേതൃത്വത്തിൽ കൂടിയ മീറ്റിംങ്ങിൽ അതിരൂപത ഫൈനാൻസ് ഓഫീസർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, ഫൊറോനാ കൗൺസിൽ സെക്രട്ടറി ശ്രീ. അഖിൽ ജോസ്, വൈദികർ, ഫൊറോനായിലെ എല്ലാ ഇടവകയിൽ നിന്നുമുള്ള ഫൊറോനാ കൗൺസിൽ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. ശ്രാദ്ധാചരണത്തിന്റെ ജനറൽ കൺവീനറായി ശ്രീ. തോമസ് പാറേക്കാടനെ തിരഞ്ഞെടുത്തു.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




| | |
|---|---|
| ഫാ. ജോൺ പോൾ ചെമ്മണ്ണൂർ | 03 |
| ഫാ. ജോൺ മൂലൻ | 03 |
| ഫാ. രാജു അക്കര | 04 |
| ഫാ. ജെയ്സൻ മാറോക്കി | 04 |
| ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 04 |
| ഫാ. ജോർജ്ജ് ചേലപ്പാടൻ | 05 |
| ഫാ. ജോസഫ് വൈക്കാടൻ | 05 |
| ഫാ. വിൻസെന്റ് കുണ്ടുകുളം | 07 |
| ഫാ. സെബാസ്റ്റ്യൻ പെരുമ്പിൽ | 07 |
| ഫാ. പോൾ പേരാമംഗലത്ത് | 08 |
| ഫാ. സിന്റോ തൊറയൻ | 08 |
| ഫാ. ആന്റണി മേനാച്ചേരി | 10 |
| ഫാ. ജോജു പനക്കൽ | 11 |
| ഫാ. അനുവിൻ താണിക്കൽ | 11 |
| ഫാ. നിർമ്മൽ അക്കരപ്പട്ട്യേക്കൽ | 12 |
| ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് | 14 |
| ഫാ. പോൾ തേക്കാനത്ത് | 14 |
| ഫാ. ആന്റണി അമ്മുത്തൻ | 15 |
| ഫാ. മാത്യു വെട്ടത്ത് | 15 |
| ഫാ. ജോബ് പടയാട്ടിൽ | 16 |
| ഫാ. ജോൺസൻ ചിറ്റിലപ്പിള്ളി | 19 |
| ഫാ. റാഫേൽ മുത്തുപീടിക | 19 |
| ഫാ. ജോൺ (ബിജു) പാണേങ്ങാടൻ | 19 |
| ഫാ. ജോമോൻ താണിക്കൽ | 19 |
| ഫാ. ഫ്രാൻസോ തെക്കത്ത് | 19 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. ടോണി അരിമ്പൂർ | 21 |
| ഫാ. ജോസ് എടക്കളത്തൂർ | 21 |
| ഫാ. പോൾ കാട്ടൂക്കാരൻ | 21 |
| ഫാ. സിന്റോ പൊറത്തൂർ | 21 |
| ഫാ. വിനോയ് വാഴപ്പിള്ളി | 21 |
| ഫാ. റെനാൾഡ് പുലിക്കോടൻ | 23 |
| ഫാ. മേജോ മുത്തുപ്പീടിക | 24 |
| ഫാ. അലക്സ് മരോട്ടിക്കൽ | 25 |
| ഫാ. ആൽവിൻ പട്ട്യേക്കൽ | 25 |
| ഫാ. ജോൺ ചിറ്റിലപ്പിള്ളി | 27 |
| ഫാ. ചെറുതാണിക്കൽ ഫ്രാങ്കോ ഫോണിസ് | 28 |
| ഫാ. പ്രിൻസ് പിണ്ടിയാൻ | 29 |
| ഫാ. സൈജോ തൈക്കാട്ടിൽ | 29 |
| ഫാ. ഡെന്നി ചിറയത്ത് | 30 |
| ഫാ. മേജോ മരോട്ടിക്കൽ | 30 |
| ഫാ. ജീസ്മോൻ ചെമ്മണ്ണൂർ | 31 |
| ഫാ. ജോഫി ചിറ്റിലപ്പിള്ളി | 31 |




| | |
|---|---|
| ഫാ. ജോസ് പുലിക്കോട്ടിൽ | 01 |
| ഫാ. ജോബി പുത്തൂർ | 01 |
| ഫാ. ജോസ് തത്രത്തിൽ | 01 |
| ഫാ. ജോസഫ് വൈക്കാടൻ | 01 |
| ഫാ. ഡൊമിനി ചാഴൂർ | 06 |
| ഫാ. ഡൊമിനിക് തലക്കോടൻ | 06 |
| ഫാ. സൈജൻ വാഴപ്പിള്ളി | 10 |
| ഫാ. ജോയ് കിടങ്ങൻ | 16 |
| ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ | 16 |




| | |
|---|---|
| ഫാ. എരിഞ്ഞേരി മാർസിലിനോസ് | 12.05.1892 |
| ഫാ. അമ്പൂക്കൻ യോഹന്നാൻ | 09.05.1929 |
| ഫാ. ചീരമ്പൻ പൊറിഞ്ചു | 07.05.1933 |
| ഫാ. ചെറയത്ത് ഔസേപ്പ് | 10.05.1936 |
| ഫാ. ആലപ്പാട്ട് ജോൺ | 07.05.1944 |
| മോൺ. എടക്കളത്തൂർ മാത്യു | 20.051947 |
| ഫാ. അമ്പൂക്കൻ അഗസ്റ്റിൻ | 16.05.1951 |
| മോൺ. പുതുശ്ശേരി ആന്റണി | 25.05.1957 |
| ഫാ. പാലയൂർ ജോർജ്ജ് | 27.05.1958 |
| ഫാ. അക്കര ജോൺ | 09.05.1963 |
| ഫാ. അറക്കൽ ജേക്കബ് | 13.05.1965 |
| ഫാ. പാറനിലം ജോസഫ് | 29.05.1970 |
| ഫാ. വടക്കൂട്ട് ജേക്കബ് | 19.05.1971 |
| ഫാ. താണിക്കൽ മാത്യു | 13.05.1972 |
| ഫാ. തെക്കിനിയത്ത് ആന്റണി Sr. | 05.05.1976 |
| ഫാ. വലിയവീട്ടിൽ ജോർജ്ജ് | 10.05.1976 |
| ഫാ. ചിറമ്മൽ ജോർജ്ജ് | 20.05.1979 |
| ഫാ. വേഴപറമ്പിൽ ജേക്കബ് | 10.05.1981 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 15.05.1989 |
| ഫാ. മഞ്ഞളി പോൾ Sr. | 11.05.1995 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 31.05.1996 |
| ഫാ. പെല്ലിശ്ശേരി ആന്റണി | 23.05.1999 |
| ഫാ. ആളൂർ ജെയിംസ് | 17.05.2009 |
| ഫാ. പുലിക്കോട്ടിൽ ജേക്കബ് | 13.05.2010 |
| ഫാ. പുതുശ്ശേരി പോൾ | 18.05.2011 |
| ഫാ. കൂള ആന്റോ | 13.05.2016 |
| ഫാ. തട്ടിൽ ബർണാർഡ് | 01.05.2021 |
| ഫാ. തെക്കേക്കര ജോസ് Sr. | 01.05.2021 |
| മോൺ. അക്കര ജോർജ്ജ് | 02.05.2021 |
| ഫാ. ഫ്രാൻസിസ് മഞ്ഞളി | 18.05.2021 |
| ഫാ. സിൻസൺ എടക്കളത്തൂർ | 28.05.2021 |
| ഫാ. മാത്യു പേരാമംഗലത്ത് | 29.05.2021 |
| ഫാ. ചിറയത്ത് ഷാജു | 08.05.2022 |
| ഫാ. ചാക്കോ പാറയിൽ | 09.05.2023 |

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**സി.എം.സി.**

തൃശൂർ DBCLCയിൽ വെച്ച് നടന്ന Pastrol Council Meetingൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പോൾ സംബന്ധിച്ചു. കല്യാൺ നിർമ്മലോദയ മിഷൻ സുപ്പീരിയറായി സി. മരിയറ്റും കൗൺസിലേഴ്സായി സി. മരീന & സി. ജൂലി മരിയയും, ഫിനാൻസ് സെക്രട്ടറിയായി സി. മേഴ്സിലിനും ചാർജെടുത്തു. തൃശൂർ അതിരൂപത Best Guild U P Teacher award സി. ഗുണ ജോസും H S Best Guild Teacher award സി. മരിയ ഗ്രേയ്സും കരസ്ഥമാക്കി. തൃശ്ശൂർ കാസിനോ ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന കത്തോലിക്ക പത്രത്തിന്റെ 138-ാം വാർഷികാഘോഷത്തിൽ പ്രൊവി ൻഷ്യൽ കൗൺസിലർ സി. സ്റ്റെഫിയും സി. ലിസ് ലെറ്റും പങ്കെടുത്തു. ഒല്ലൂർ എവുപ്രാസ്യ Retreat Centre ൽ വെച്ച് നടന്ന എക്സിക്യുട്ടിവ് മീറ്റിങ്ങിൽ പ്രൊവിൻഷ്യൽ സുപ്പിരിയർ സി. സാലി പോളും വികർ പ്രൊവിൻഷ്യൽ സി. ഷീലയും സംബന്ധിച്ചു. മാർച്ച് 22-ാം തീയതി സി.എം.സി. അസ്സോസിയേറ്റ്സ് & കെയ്റോസ് ഗ്രൂപ്പിനും തൃശൂർ സെന്റ് മേരിസ്

കോളേജിൽവച്ച് സെമിനാർ നടത്തി. ഏറ്റവും നന്നായി പ്രവർത്തിക്കുന്ന യുണിറ്റുകൾക്ക് സമ്മാനങ്ങൾ നൽകി, അവരെ ആദരിച്ചു. ഹോളിഫാമിലി സഭാംഗവും മുൻ പ്രൊവിൻഷ്യലും ആയ സി. ഗ്രേഷ്യന്റെ നിര്യാണത്തിൽ പ്രൊവിൻഷ്യൽ സുപ്പിരിയർ സി. സാലി പോളും സി. ഷീലയും പോയി അനുശോചനം അറിയിച്ചു.

**എഫ്. സി. സി.**

മാർച്ച് 1-ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്ന ലോക്കൽ & പ്രൊവിൻഷ്യൽ വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ മീറ്റിംഗിൽ റവ. ഫാ. അലക്സ് മരോട്ടിക്കൽ ക്ലാസ്സെടുത്തു. മാർച്ച് 2-ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് നടന്ന FCC Health Fraternity Meeting ൽ, റവ ഫാ. ഡിജോ ഒലക്കേങ്കിൽ, പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. ഫോൺസി മരിയ എന്നിവർ ക്ലാസ്സുകൾ നയിച്ചു. പെരിഞ്ചേരി ക്രൈസ്റ്റ് കിംഗ് ഭവനാംഗമായ ആശ്രമശുശ്രൂഷി മറിയംകുട്ടി സി. ഒ. 2025 മാർച്ച് 6-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് നിര്യാതയായി. കേരള പ്രോവിൻസിലെ പ്രൊവിൻഷ്യൽ ടീമംഗങ്ങൾക്കായി മാർച്ച് 7-12 വരെ ആലുവ പോർസ്യുങ്കുള ജനറലേറ്റിൽവെച്ച് നടന്ന ഓറിയന്റേഷൻ പ്രോഗ്രാമിൽ പ്രൊവിൻഷ്യൽ ടീമംഗങ്ങൾ പങ്കെടുത്തു. മാർച്ച് 8-ാം തീയതി തൃശൂർ ഡി.ബി.സി.എൽ.സി യിൽ നടന്ന മെട്രാപോളീറ്റൻ പ്രോവിൻസ് പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ ബ. സി. രേഖ റോസ് സംബന്ധിച്ചു. തൃശൂർ എം ഐ ഭവനാംഗമായ ആശ്രമശുശ്രൂഷി റീത്ത എ കെ മാർച്ച് 15-ാം തീയതി രാവിലെ 10.10 ന് നിര്യാതയായി. മാർച്ച് 15-ാം തീയതി പൂത്തോൾ കാൽവരി ആശ്രമത്തിൽ വെച്ച് നടന്ന KFFU മീറ്റിംഗിൽ അസി. പ്രൊവിൻഷ്യൽ ബ. സി. ഫിലോജീസ് അധ്യക്ഷത വഹിച്ചു. മാർച്ച് 16-22 വരെ റവ. ഫാ. ഇമ്മാനുവേൽ വള്ളിപ്പാലം OCD യുടെ നേതൃത്വത്തിൽ തൃശൂർ അസ്സീസിയിൽ ആരംഭിച്ച വാർഷിക ധ്യാനത്തിൽ 80 സിസ്റ്റേഴ്സ് സംബന്ധിച്ചു. മാർച്ച് 19-ാം തീയതി രണ്ടാം വർഷ നോവീസസിന്റെ ഒരു മാസത്തെ എക്സ്പോഷർ പ്രോഗ്രാം മനക്കൊടി ഇടവകയിൽ ആരംഭിച്ചു. മാർച്ച് 28-30 വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് ലോക്കൽ സുപ്പീരിയേഴ്സിന്റെ കോൺഫറൻസ് നടന്നു.

**സി.എച്ച്.എഫ്.**

പെരിഞ്ചേരി തിരുഹൃദയ ദേവാലയത്തിലെ കൊച്ചച്ചൻ ഫാ. ജോൺ പേരാമംഗലം സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് കുരിശിന്റെ വഴിയുടെ മൂന്ന്, നാല് സ്ഥലങ്ങളെ കുറിച്ചുള്ള ധ്യാനാത്മക വിചിന്തനം നടത്തി. വിവിധ ഭവനങ്ങളിൽ നിന്നും സിസ്റ്റേഴ്സ് ഇതിൽ പങ്കുചേർന്നു. സി എച്ച് എഫ് നവ

ജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ ഫാ. ജോജോ മാരിപാട്ടിന്റെ നേതൃത്വത്തിൽ സിസ്റ്റേഴ്സിനുള്ള വാർഷിക ധ്യാനം ആരംഭിച്ചു. ഈ വർഷം സി എച്ച് എഫ് നവജ്യോതി മാനേജ്മെന്റിൽ നിന്ന് റിട്ടയർ ചെയ്യുന്ന സിസ്റ്റർ സ്റ്റാഫിനെ നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിലേയ്ക്ക് ക്ഷണിക്കുകയും നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിലും പ്രിൻസിപ്പൽമാരും ഹെഡ്മിസ്ട്രസ്സുമാരും ചേർന്ന് അവരെ ആദരിക്കുകയും ചെയ്തു. തൃശ്ശൂർ പുത്തൻ പള്ളി ഹാളിൽ വച്ച് സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിന്റെ IFDF ന്റെ നേതൃത്വത്തിൽ കുടുംബ സംഗമം നടത്തപ്പെട്ടു. മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം നിർവ്വഹിച്ചു. തദവസരത്തിൽ അഞ്ചിൽ കൂടുതൽ മക്കളുള്ള കുടുംബത്തിലെ ഒരു കുട്ടിക്ക് ജോലി ലഭിക്കുന്നത് വരെയുള്ള വിദ്യാഭ്യാസത്തിന് വേണ്ട സ്കോളർഷിപ്പ് നൽകുകയും കൂടാതെ ക്യാൻസർ ചികിത്സാപദ്ധതി, തൊഴിൽ അവസരപദ്ധതി എന്നിവ ആരംഭിക്കുകയും ചെയ്തു. സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സിസ്റ്റേഴ്സിനായി ഫാദർ അലക്സ് മരോട്ടിക്കൽ കുരിശിന്റെ വഴിയിലെ 5, 6 സ്ഥലങ്ങളെ കുറിച്ച് ധ്യാനവിചിന്തനം നടത്തി. ധന്യൻ ജോസഫ് വിതയത്തിലച്ചന്റെ ആധ്യാത്മികതയെകുറിച്ചുള്ള ധ്യാനം സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സി. ലീന തെരേസ് സി. എച്ച് എഫ്, സി. നിർമ്മൽ സി.എച്ച്.എഫ് എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സിസ്റ്റേഴ്സിനായി ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പൻ കുരിശിന്റെ വഴിയിലെ 7, 8 സ്ഥലങ്ങളെ കുറിച്ച് ധ്യാനവിചിന്തനം നടത്തി. സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ 24 മണിക്കൂറും പ്രോവിൻസിലെ മറ്റു 35 കോൺവെന്റുകളിൽ 13 മണിക്കൂർ ആരാധനയും നടത്തപ്പെട്ടു. സി എച്ച് എഫ് നവജ്യോതി പ്രോവിൻസിന്റെ അഞ്ചേരി മറിയം ത്രേസ്യ നിലയം കോൺവെന്റിൽ ദൈവവിളി ക്യാമ്പ് സംഘടിപ്പിച്ചു. 28.03.2025 സി എച്ച് എഫ് നവജ്യോതി പ്രോവിൻസിന്റെ മുൻ പ്രൊവിൻഷ്യൽ ആയിരുന്ന സി. ഗ്രേഷ്യസ് ഇരുമ്പൻ നിര്യാതയായി. ഇരുപത്തിയൊമ്പതാം തീയതി അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് മൃതസംസ്കാര ശുശ്രൂഷകൾ നടത്തപ്പെട്ടു. ഇരിങ്ങാലക്കുട രൂപതയിൽ സി എച്ച് എഫ് പാവനാത്മ പ്രോവിൻസിന്റെ നേതൃത്വത്തിൽ കല്ലേറ്റുംകര ഉണ്ണിമിശിഹാ ദൈവാലയത്തിൽ നടന്ന കുടുംബ സംഗമത്തിന് സി.എച്ച് എഫ് നവജ്യോതി വികാർ പ്രൊവിൻഷ്യൽ സി. ഡോ. ഷെറിൻ മരിയ വിശുദ്ധ മറിയം ത്രേസ്യ ധന്യൻ ജോസഫ് വിതയത്തിൽ പിതാവ് പ്രത്യാശയുടെ പ്രവാചകർ എന്ന വിഷയത്തെ

കുറിച്ച് Class എടുത്തു. നവജ്യോതി പ്രോവിൻസിന്റെ IFDF ന്റെ നേതൃത്വത്തിൽ പുതുക്കാട് ഫൊറോന പള്ളിയിലും മായന്നൂർ ഇടവകയിലും ഹോം മിഷൻ നടത്തി. ഫാ. പോൾ കള്ളിക്കാടന്റെ നേതൃത്വത്തിൽ സി എച്ച് എഫ് നവജ്യോതി കോപ്പറേറ്റീവ് മാനേജ്മെൻറിന്റെ കീഴിൽ പഠിപ്പിക്കുന്ന എല്ലാ ടീച്ചേഴ്സിനും മാർച്ച് 31, ഏപ്രിൽ 1, 2 ദിവസങ്ങളിലായി അരുണാട്ടുകര ഇൻഫൻറ് ജീസസ് സ്കൂളിൽ വച്ച് ധ്യാനം നടത്തി.

**സി എസ് സി**

നിത്യവ്രതാർപ്പണത്തിനായി ഒരുങ്ങുന്ന ജൂനിയർ സിസ്റ്റേഴ്സ് മൂന്നാർ ആവില എക്കോ സ്പിരിച്വാലിറ്റി സെന്ററിൽ 5 ദിവസത്തെ ധ്യാനത്തിൽ പങ്കെടുത്തു. ഏപ്രിൽ 3 ന് ബഹു. ഫാ. നിതിൻ പൊന്നാരിയുടെ നേതൃത്വത്തിൽ മരിയ ഭവൻ ജനറലേറ്റിൽ വച്ച് വൊക്കേഷൻ പ്രൊമോട്ടേഴ്സിനായി വൺ ഡെ പ്രോഗ്രാം നടത്തി.

മരിയ പ്രൊവിൻസിന്റെ നേതൃത്വത്തിൽ മാർച്ച് 8,9 തീയതികളിൽ സീനിയേഴ്സ് മീറ്റ് നടത്തി. മാർച്ച് 22 ന് Chat GPT, Excel, സമ്പൂർണ്ണ എന്നീ കാര്യങ്ങളെക്കുറിച്ച് അറിവും പരിശീലനവും നൽകുന്നതിനായി LP, UP വിദ്യാലയങ്ങളിലെ അധ്യാപകർക്കായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. മാർച്ച് 28, 29, 30 തീയതികളിലായി കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടത്തി. ബഹു. ഫാ. ജോബിൻ മേലേമുറിയിൽ ക്ലാസ്സ് എടുത്തു. ബ്രദർ വർഗീസിന്റെ നേതൃത്വത്തിൽ ക്ലാസും ആരാധനയും ഉണ്ടായിരുന്നു. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് എട്ടാം ക്ലാസ് മുതൽ ഡിഗ്രി വരെ പഠിക്കുന്ന പെൺകുട്ടികൾക്കായി ക്യാമ്പ് നടത്തി. രണ്ടാം വർഷ നോവിഷ്യെറ്റിലെ അർത്ഥനിമാർ പല്ലിശ്ശേരി ചാരിറ്റി കോൺവെന്റിൽ വച്ച് ബഹു. സി. രശ്മിയുടെ നേതൃത്വത്തിൽ 40 ദിവസ പ്രാർത്ഥനയിൽ പ്രവേശിച്ചു. ഏപ്രിൽ 3,4,5 തീയതികളിലായി തൊഴുപ്പാടം ആശ്രമത്തിൽ വെച്ച് 2004, 2005, 2006 ബാച്ചിലെ ബഹു സിസ്റ്റേഴ്സിനായി ഓൺ ഗോയിങ് ഫോർമേഷൻ നടത്തി. ബഹു. സി. ഹർഷിതയുടെ നേതൃത്വത്തിൽ പുതുക്കാട് ഇടവകയിൽ ഹോം മിഷൻ നടത്തി.

**സി. എസ്. എസ്.**

സ്ഥാപകപിതാവ് മോൺ പോൾ ചിറ്റിലപ്പിള്ളിയുടെ 44-ാം ചരമ വാർഷിക ആചരണത്തിന്റെ ഭാഗമായി മണ്ണുത്തി സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് മാർച്ച് 02 ന് ഏകദിന സെമിനാർ നടത്തി. റവ. ഫാദർ ജോളി വടക്കൻ ക്ലാസ്സിന് നേതൃത്വം നല്കുകയും വിവിധ മഠങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സും അർത്ഥിനികളും പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തു. സ്ഥാപക

പിതാവിന്റെ കല്ലറ സ്ഥിതി ചെയ്യുന്ന സേക്രഡ് ഹാർട്ട് മിഷൻ ഹോസ്പിറ്റലിൽ മാർച്ച് 09 ന് കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരക്കൽ പിതാവ് അനുസ്മരണബലി അർപ്പിച്ചു. വിവിധ ഭവനങ്ങളിൽ നിന്നായി സിസ്റ്റേഴ്സും ദൈവജനവും പരിപാടികളിൽ പങ്കെടുത്തു. സ്ഥാപകപിതാവിന്റെ ജന്മസ്ഥലമായ അവിട്ടത്തൂർ ഇടവകയിൽ മാർച്ച് 10 ന് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് അനുസ്മരണബലി അർപ്പിച്ചു. മാർച്ച് 08 ന് DBCLC ൽ വച്ച് നടത്തപ്പെട്ട മെട്രോപൊളിറ്റൻ പ്രൊവിൻസ് പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ സുപ്പിരീയർ ജനറൽ റവ. സി. അൽഫോൻസ, സ്നേഹോദയ പ്രൊവിൻഷ്യൽ റവ. സി. ഡോ. റിറ്റ എന്നിവർ പങ്കെടുത്തു. സ്ഥാപകപിതാവ് മോൺ പോൾ ചിറ്റിലപ്പിള്ളിയുടെ 44-ാം ചരമ വാർഷികദിനമായ മാർച്ച് 12 ന് സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് അനുസ്മരണബലി അർപ്പിക്കുകയും മണ്ണുത്തിയിലുള്ള പ്രൊവിൻഷ്യൽ ഹൗസിനു സമീപത്തായി Sick/elderly sisters ന് താമസിക്കുന്നതിനുള്ള കോൺവെന്റിന്റെ പുതിയ കെട്ടിടത്തിന് ശിലാസ്ഥാപനകർമ്മം നടത്തുകയും ചെയ്തു. മുല്ലക്കര ഇൻഫന്റ് ജീസസ്, ഇടുക്കി രൂപതയിലെ രാജകുമാരി എന്നീ ഇടവകകളിൽ വിവിധ ഭവനങ്ങളിൽ നിന്നായി സിസ്റ്റേഴ്സ് ഹോംമിഷൻ നടത്തുകയുണ്ടായി. സമരിറ്റൻ സന്യാസിനീസമൂഹത്തിന്റെ പ്രഥമ മദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ മംഗളവാർത്തതിരുന്നാൾ ദിനം സമുചിതമായി ആഘോഷിക്കുകയും സമൂഹാംഗങ്ങൾ എല്ലാവരും വ്രതനവീകരണം നടത്തുകയും ചെയ്തു. സി. എസ്. എസ്. റിന്യുവൽ ടീമിന്റെ നേതൃത്വത്തിൽ പരിയാരം സി. എസ്. ആർ ധ്യാനകേന്ദ്രത്തിൽ വച്ച് മാർച്ച് 17 മുതൽ 22 വരെയുള്ള തിയതികളിൽ നവീകരണധ്യാനം നടത്തപ്പെടുകയും അതിൽ 50 സഹോദരിമാർ പങ്കെടുക്കുകയും ചെയ്തു. പരിശീല നത്തിലായിരിക്കുന്ന അർത്ഥിനികൾക്കായി മാർച്ച് 27 മുതൽ 5 ദിവസത്തേക്ക് ധ്യാനം നടത്തപ്പെടുകയും റവ. ഫാ. ജോർജ്ജ് തുറക്കൻ OCD ധ്യാനം നയിക്കുകയും ചെയ്തു.

**എസ് എ ബി എസ്**

ഈ വർഷം എസ് എസ് എൽ സി, പ്ലസ് ടു, ഡിഗ്രി തുടങ്ങിയ പൊതുപരീക്ഷകൾക്കായി ഒരുങ്ങുന്ന വിദ്യാർത്ഥികൾക്കായി തിരുമണിക്കൂറും പ്രത്യേക പ്രാർത്ഥനകളും നടത്തി. മാർച്ച് 2 മുതൽ 7 വരെ സി. മേബിൾ റോസ് കുന്നൻ, സി. ആഷ അയിരൂക്കാരൻ എന്നിവർ കോതമംഗലം രാമല്ലൂരിൽ CMC Sisters നേതൃത്വം നൽകുന്ന തിരുരക്താഭിഷേക ധ്യാനത്തിൽ സംബന്ധിച്ചു. ദൈവവിളിക്ക് വേണ്ടിയുള്ള യാമാരാധന മാർച്ച് 8, 15 എന്നീ തിയതികളിൽ

ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. മാർച്ച് 8 ന് തൃശൂർ അരമനയിൽ വച്ച് ഈ വർഷം പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്ന അധ്യാപകർക്കായി സംഘടിപ്പിച്ച ഏകദിന പരിശീലനപരിപാടിയിൽ സി. ഹെലൻ ഗ്രെയ്സ് പുളിക്കൻ പുത്തൻ വീട്, 'രോഗീലേപനം'എന്ന കൂദാശയെകുറിച്ചും സി. കാതറൈൻ അറങ്ങാശേരി തിരുപ്പട്ടം എന്ന കൂദാശയെകുറിച്ചും ക്ലാസ് എടുത്തു. മാർച്ച് 11 ന് സി ആർ ഐ പ്രസിഡന്റ് റവ. ഫാ. സിജോ പൈനാടത്ത് OFM Cap. ഉം മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളും ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. മാർച്ച് 14 മുതൽ 16 വരെ ആസ്പിരൻസിന് സി. വിനയ തച്ചിൽ Hope Retreat നടത്തി. മാർച്ച് 15 ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടത്തി. മാർച്ച് 15 ന് തൃശൂർ സെന്റ് തോമസ് കോളേജിൽ സംഘടിപ്പിച്ച 'സ്വകാര്യ സർവകലാശാല – പ്രതീക്ഷകളും സാധ്യതകളും'എന്ന സെമിനാറിൽ ബ. മദർ, പ്രൊവിൻഷ്യൽ കൗൺസിലേഴ്സ് സി. ലിൻസാ മരിയ പാറേക്കാടൻ, സി. ടെസ്മി തെക്കിനിയത്ത്, സി. റോസ് മേരി പ്ലാക്കൽ, സി. ബ്ലസ്സി റോസ് ചിരിയങ്കണ്ടത്ത്, സി. ആൻ മരിയ വടാശ്ശേരി എന്നിവർ സംബന്ധിച്ചു. ധന്യനായ സ്ഥാപകപിതാവ് മാർ തോമസ് കുര്യാളശ്ശേരിയുടെ ചരമശതാബ്ദിയാചരണത്തിന്റെ 'ഭാഗമായി അർത്ഥിനികൾ, ജൂനിയർ സിസ്റ്റേഴ്സ്, സീനിയർ സിസ്റ്റേഴ്സ് എന്നിവർക്കായി മാർച്ച് 16 ന് പ്രസംഗ മത്സരം നടത്തി. മാർച്ച് 18 ന് പോസ്റ്റുലൻസും ആസ്പിരൻസും തൃശൂർ DBCLC - ൽ സംബന്ധിച്ചുവന്നിരുന്ന മൂന്നു മാസത്തെ തിയോളജി കോഴ്സ് പൂർത്തിയാക്കി. മാർച്ച് 19 വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനം, സൂപ്പർ സീനിയേഴ്സ് ഡേ സമുചിതമായി ആഘോഷിച്ചു. DBRC (Don Bosco Renwal Centre) Banglore – ൽ മാർച്ച് 25 മുതൽ ഏപ്രിൽ 18 വരെയുള്ള Personal Growth & Renewal Course- ൽ പങ്കെടുക്കാൻ സി. റോസ് മേരി പ്ലാക്കൽ മാർച്ച് 23 ന് ബാംഗ്ലൂർക്ക് പോയി. നോമ്പുകാല പരിത്യാഗചൈതന്യത്തിൽ വിവിധ ഭവന സമൂഹങ്ങളിൽ നിന്നും 45 സിസ്റ്റേഴ്സ് മലയാറ്റൂരിലേക്ക് തീർത്ഥയാത്ര നടത്തി. മാർച്ച് 26 ന് റവ. ഫാ. മത്തായി അക്കര OFM Cap. ആസ്പിരൻസിന് ക്ലാസ് എടുത്തു. മാർച്ച് 31 ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് MSMI sisters ന്റെ നേതൃത്വത്തിലുള്ള വാർഷികധ്യാനം ആരംഭിച്ചു. 47 സിസ്റ്റേഴ്സ് പങ്കെടുത്തു.

**സി.എസ്.എം**

മാർച്ച് 19ന് ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിന് സ്വീകരണം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു. മാർച്ച് 20 മുതൽ 25 വരെ അടിമാലിയിൽ വച്ച് ഒസിഡി ഫാദേഴ്സിന്റെ നേതൃത്വത്തിൽ നടന്ന മേജർ സുപ്പീരിയസിന്റെ കോഴ്സിൽ ബഹുമാന

പ്പെട്ട മദർ ജനറലും ടീമും പ്രൊവിൻഷ്യൽ ടീമും പങ്കെടുത്തു. പരിശുദ്ധ പിതാവിന്റെ ആഹ്വാനാർത്ഥം ജൂബിലി വർഷത്തോടനുബ ന്ധിച്ച് 24 മണിക്കൂർ ആരാധന മാർച്ച് 24, 25 ദിവസങ്ങളിലായി നടന്നു. ഈ വർഷത്തെ ദൈവവിളി ക്യാമ്പ് കൊളങ്ങാട്ടുകര മഠത്തിൽ വച്ച് മാർച്ച് 28 മുതൽ 31 വരെ നടന്നു.

## ആദരാഞ്ജലികൾ



ഹോളി ഫാമിലി കോൺഗ്രിഗേഷൻ നവ ജ്യോതി പ്രോവിൻസ് മരീന ഹോം 'ഭവനാംഗവും ഹോളി ഫാമിലി കോൺഗ്രിഗേഷന്റെ മുൻജന റൽ കൗൺസിലറും, തൃശ്ശൂർ നവജ്യോതി പ്രോ വിൻസിന്റെ മുൻ പ്രൊവിൻഷ്യൽ സുപ്പീരിയറു മായിരുന്ന സി. ഗ്രേഷ്യസ് ഇരിമ്പൻ സി എച്ച് എഫ് (86) 28.3.2025 വെള്ളിയാഴ്ച രാവിലെ 8.00 മണിക്ക് നിര്യാതയായി. സംസ്കാരകർമ്മം 29.03.2025 ന് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ വെച്ച് തൃശ്ശൂർ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രധാന കാർമി കത്വത്തിൽ നടത്തപ്പെട്ടു.



26.03.2025: എഫ് സി സി തൃശൂർ മേരി ഇമ്മാക്കുലേറ്റ് മഠാംഗമായ സി. എമീലിയ 2025 മാർച്ച് 26-ാം തീയതി വൈകീട്ട് 4.25 ന് നിര്യാതയായി. 27-ാം തീയതി വ്യാഴാഴ്ച വൈകീട്ട് 3.30 ന് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രാധാന കാർമ്മികത്വത്തിൽ തൃശൂർ മേരി ഇമ്മാക്കുലേറ്റ് കോൺവെന്റ് ചാപ്പലിൽ മൃതസംസ്കാരകർമ്മം നടത്തപ്പെട്ടു.

| | |
|---|---|
| **ഫാ. സിജോ പൈനാടത്ത് OFM.Cap**<br>പ്രസിഡണ്ട് | **സി. ജോളി ചിറ്റിലപ്പിള്ളി FCC**<br>സെക്രട്ടറി |

# ₹ സാമ്പത്തിക കാര്യാലയം

**കൈക്കാരന്മാരുടേയും കണക്കെഴുത്തുക്കാരുടേയും മീറ്റിംഗ്**

തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിലെ കൈക്കാരന്മാരുടേയും കണക്കെഴുത്തുകാരുടെയും ഒരു സംയുക്തയോഗം 2025 മാർച്ച് 15 ന് ശനിയാഴ്ച വൈകീട്ട് 2.00 മണിക്ക് D.B.C.L.C ഓഡിറ്റോറിയത്തിൽ കൂടുകയുണ്ടായി. ഏകദേശം 450 അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുത്തു. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് യോഗം ഉദ്ഘാടനം ചെയ്തു. പള്ളികളും മതസ്ഥാപനങ്ങളും കണക്കുകൾ എഴുതുമ്പോൾ പാലിക്കേണ്ട Income Tax, GST, TDS എന്നീ നിയമങ്ങളെക്കുറിച്ച് Chartered Accountant ശ്രീ. ജോസഫ് കാങ്കപ്പാടൻ ക്ലാസ്സെടുത്തു. ഭൂമി, ഭൂനികുതി, കെട്ടിട നികുതി എന്നിവയെകുറിച്ച് അഡ്വ. രജിത് ആറ്റത്തറ വിശദീകരിച്ചു. പുതിയ സോഫ്റ്റ് വെയറിനെ സംബന്ധിച്ചുള്ള സംശയങ്ങൾക്ക് ഫാ. ആൻസൻ നീലങ്കാവിൽ മറുപടി നൽകി. ഫാ. സാജൻ വടക്കൻ സദസ്സിന് നന്ദി പ്രകാശിപ്പിക്കുകയും തുടർന്ന് ലഘു ഭക്ഷണത്തോടുകൂടി യോഗം സമാപിക്കുകയും ചെയ്തു.

**പുതുക്കിയ തിരുക്കർമ്മധർമ്മം**

പുതുക്കിയ തിരുക്കർമ്മധർമ്മം ഏപ്രിൽ 1 ന് നിലവിൽ വന്നതിനാൽ, പഴയ ധർമ്മവിവരം അനുസരിച്ച് ഏറ്റെടുത്തിട്ടുള്ള തിരുക്കർമ്മങ്ങൾ ഇനിയും അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ ഏൽപിച്ചിട്ടില്ലാത്ത വൈദീകരും ഇടവകകളും മെയ് 15-ന് മുമ്പായി നിർബന്ധമായും തിരുക്കർമ്മങ്ങളുടെ കണക്കുസഹിതം അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ ഏൽപിക്കേണ്ടതാണ്.

(Bank Account Details: A/C Name: CATHOLIC ARCHBISHOPS HOUSE HOLY MASS, A/C No.: 0834053000001997, IFSC Code: SIBL0000834, Bank: SOUTH INDIAN BANK, CHEMBUKKAVU)

മെയ് 15-നു ശേഷം ഇടവകകളിൽ നിന്നും പഴയ ധർമ്മവിവരം അനുസരിച്ചുള്ള തിരുക്കർമ്മങ്ങൾ അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ സ്വീകരിക്കുന്നതല്ല.

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
പ്രൊക്യുറേറ്റർ

**ഫാ. സാജൻ വടക്കൻ**
അസി. പ്രൊക്യുറേറ്റർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയുടെ പ്രിയ കുഞ്ഞുമക്കളെ,

അവധിക്കാലം ഫലപ്രദമായി എല്ലാവരും ഉപയോഗിക്കുന്നുണ്ട് എന്ന് കരുതുന്നു. എല്ലാ ദിവസവും ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാനയിൽ സംബന്ധിക്കാനും കുടുംബ പ്രാർത്ഥന യിൽ പങ്കെടുക്കാനും അങ്ങനെ ഈശോയോടൊപ്പം വളരാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

മെയ് മാസം പ്രത്യേകമായി പരിശുദ്ധ അമ്മയോടുള്ള വണക്ക ത്തിന് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള സമയമാണല്ലോ. സി. എൽ. സി. സംഘടനയെക്കുറിച്ച് നിങ്ങൾക്കറിയാമല്ലോ. 'പരിശുദ്ധ അമ്മ വഴി ഈശോയിലേക്ക്' എന്നുള്ളതാണ് സംഘടനയുടെ മുദ്രാവാക്യം. പരിശുദ്ധ അമ്മയാണ് ഈശോയിലേക്കുള്ള സുനിശ്ചിതവും എളുപ്പ മുള്ള വഴി. അതുകൊണ്ട്, മെയ് മാസത്തിൽ പരിശുദ്ധ അമ്മയോടുള്ള ഭക്തിയിൽ വളരാൻ എല്ലാവരും നല്ലതുപോലെ പരിശ്രമിക്കണം. സന്ധ്യാപ്രാർത്ഥനകളിൽ പരിശുദ്ധ അമ്മയോടുള്ള വണക്കമാസ പ്രാർത്ഥനകൾ ജപിക്കാനും ധാരാളം ജപമാല ചൊല്ലി പ്രാർത്ഥിക്കാ നും കൊച്ചു കൊച്ചു പുണ്യ പ്രവർത്തികൾ വഴി ഈശോയ്ക്ക് മഹത്വം കൊടുക്കാനും നമ്മൾ പരിശ്രമിക്കണം.

മെയ് മാസം ഇരുപതാം തീയതി നമ്മുടെ അതിരൂപതയെ സംബ ന്ധിച്ച് വളരെ പ്രധാനപ്പെട്ട ദിനമാണ്. കണ്ടശ്ശാംകടവ് ഫൊറോന ദൈവാലയത്തിൽ വച്ച് ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് നമ്മുടെ അതി രൂപത സ്ഥാപിതമായതിന്റെ 138-ാം അതിരൂപതാ ദിനം നമ്മൾ ആഘോഷിക്കുകയാണ്. എന്നാണ് നമ്മുടെ അതിരൂപത സ്ഥാ പിതമായതെന്നും നമ്മുടെ സഭയുടെ ചരിത്രം എന്തെന്നും നിങ്ങൾ ക്കറിയാമോ?

ഈശോയുടെ 12 ശിഷ്യന്മാരിൽ ഒരാളായ തോമാശ്ലീഹ ഈശോ യുടെ ഉത്ഥാനത്തിന് ശേഷം എ ഡി 52 ൽ കൊടുങ്ങല്ലൂരിലെ മുസ്സു രീസ് എന്ന തുറമുഖത്ത് കപ്പലിറങ്ങി. ആ കാലഘട്ടത്തിൽ കേരള ത്തിന് റോമാ സാമ്രാജ്യം, പേർഷ്യാ, യഹൂദ കച്ചവടക്കാർ എന്നിവ

രുമായി വാണിജ്യ ബന്ധങ്ങൾ നിലനിന്നിരുന്നു. തോമാശ്ലീഹാ കേരളത്തിൽ വന്ന് ഇവിടെ ചിതറി പാർത്തിരുന്ന യഹൂദരുടെയും ജനങ്ങളുടെയും ഇടയിൽ ഉത്ഥിതനായ ഈശോയുടെ സുവിശേഷം പങ്കുവയ്ക്കുകയും ചെയ്തു. പാരമ്പര്യമനുസരിച്ച് തോമാശ്ലീഹായുടെ ആദ്യ പ്രേഷിതരംഗം പാലയൂരായിരുന്നു. അന്ന് അവിടെ ധാരാളം യഹൂദരുണ്ടായിരുന്നു. പാലയൂരിൽ മാമ്മോദിസാ മുങ്ങിയവരാണ് ഇന്ത്യയിലെ ആദ്യത്തെ ക്രൈസ്തവർ. തോമാശ്ലീഹാ കേരളത്തിൽ വന്നതിന്റെ ഏറ്റവും വലിയ അടയാളമാണ് അദ്ദേഹം സ്ഥാപിച്ച ഏഴര പള്ളികൾ. 20 വർഷങ്ങൾക്ക് ശേഷം അദ്ദേഹം മൈലാപൂരിലേക്ക് പോകുകയും അവിടെവെച്ച് എ ഡി 72 ൽ മരണമടയുകയും ചെയ്തു. കേരളത്തിലെ ആദിമ ക്രിസ്ത്യാനികളെ സത്യമാർഗ്ഗമായ ഈശോയിൽ വസിക്കുന്നവർ എന്ന അർത്ഥത്തിൽ മാർഗ്ഗവാസികൾ എന്നും സത്യമാർഗ്ഗമായ ഈശോയിൽ ചരിക്കുന്നവർ എന്ന അർത്ഥത്തിൽ മാർഗ്ഗക്കാർ എന്നും വിളിച്ചിരുന്നു.

എ. ഡി. 4-ാം നൂറ്റാണ്ടിൽ ക്നാനായ തോമായുടെ നേതൃത്വത്തിൽ പേർഷ്യയിൽനിന്ന് ക്രിസ്ത്യാനികൾ കേരളത്തിലേക്ക് കുടിയേറി. തുടർന്ന് പേർഷ്യൻ മെത്രാന്മാരാണ് കേരളസഭയെ നയിച്ചിരുന്നത്. 1498 ൽ പോർച്ചുഗീസുകാരുടെ വരവോടെ പോർച്ചുഗീസ് മിഷനറിമാരുടെ സഹായവും നമുക്ക് ലഭിച്ചു. 1597 ൽ അങ്കമാലിയിൽ വച്ച് മരിച്ച മാർ അബ്രാഹത്തിനുശേഷം പോർച്ചുഗൽ, ഇറ്റലി തുടങ്ങിയ സ്ഥലങ്ങളിലെ ലത്തീൻകാരായ മെത്രാന്മാരും നമ്മെ നയിച്ചിരുന്നു. ഇവരുടെ നേതൃത്വവും പ്രവർത്തനങ്ങളും കേരളത്തിലെ ക്രിസ്ത്യൻ സമൂഹത്തെ ആത്മീയമായി വളർത്തുന്നതിന് ഏറെ സഹായിച്ചു. എന്നാൽ, അതോടൊപ്പം ചില അസ്വസ്ഥതകളും രൂപപ്പെട്ടുവന്നു. അത് പിന്നീട് ജനുവരി 3, 1653 ൽ മട്ടാഞ്ചേരിയിൽ വച്ച് നടത്തിയ കൂനൻ കുരിശ് സത്യത്തിലാണ് അവസാനിച്ചത്. ഇതേ തുടർന്ന് സാർവത്രിക സഭയുടെ തലവനായ മാർപാപ്പയുമായുള്ള ബന്ധം തുടർന്ന് പോരുന്ന സുറിയാനി കത്തോലിക്കാ വിഭാഗവും മറ്റ് യാക്കോബായ, ഓർത്തഡോക്സ് സഭകളും രൂപപ്പെട്ടു. ഇതിൽ സുറിയാനി കത്തോലിക്കർക്ക്, തങ്ങളുടെ നഷ്ടപ്പെട്ടുപോയ പൈതൃകം തിരിച്ചുപിടിക്കണമെന്ന ആഗ്രഹം വർദ്ധിച്ചുവന്നു. ഇതിനുവേണ്ടിയുള്ള പരിശ്രമങ്ങളുടെ ഫലമായിരുന്നു 1887 ൽ ലിയോ പതിമൂന്നാമൻ മാർപാപ്പയുടെ ക്വോദ് ജാംപ്രിദെം (Quod Jampridem) എന്ന അപ്പസ്തോലിക ലേഖനം വഴി സുറിയാനി കത്തോലിക്കരെ ലത്തീൻ അതിരൂപതയിൽ നിന്ന് വേർപെടുത്തുകയും തൃശ്ശൂർ, കോട്ടയം എന്ന രണ്ട് സീറോ മലബാർ അപ്പസ്തോലിക വികാരിയാത്തുകൾ സ്ഥാപിക്കുകയും ചെയ്തു. ഈ വികാരിയത്തുകൾ

1887 മെയ് 20ന് നിലവിൽ വന്നു. ഇതിന്റെ 138-ാം വാർഷികമാണ് 2025 മെയ് 20ന് കണ്ടശ്ശാംകടവ് ഫൊറോന ദൈവാലയത്തിൽ വച്ച് നമ്മൾ ആഘോഷിക്കുന്നത്. ഇത്രയും പൈതൃകവും പാരമ്പര്യവും ഉള്ള നമ്മുടെ അതിരൂപതയുടെ വളർച്ചയ്ക്ക് വേണ്ടി നിങ്ങൾ ഇനിയും പ്രാർത്ഥിക്കുമല്ലോ.

ഈ മാസം പരിശുദ്ധ അമ്മയോടുള്ള ഭക്തിയിലും പ്രത്യേകമായി നമ്മുടെ അതിരൂപതയ്ക്കും വേണ്ടി പ്രാർത്ഥിക്കാൻ പരിശ്രമിക്കാം. എല്ലാ കുഞ്ഞുമക്കൾക്കും അതിരൂപതാദിനത്തിന്റെ ആശംസകൾ സ്നേഹപൂർവ്വം നേർന്നുകൊണ്ട്...

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews mar Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

പുതിയ അധ്യയനവർഷത്തേക്കുള്ള തയ്യാറെടുപ്പുകളുടെ സമയമാണല്ലോ. മുൻവർഷങ്ങളേക്കാൾ മികച്ച വിശ്വാസപരിശീലനത്തിനുവേണ്ടിയുള്ള ഒരുക്കങ്ങൾ നടത്താം. കഴിഞ്ഞവർഷത്തിലെ വിജയികളെയും ഉന്നതവിജയം കരസ്ഥമാക്കിയവരെയും റാങ്ക് ജേതാക്കളെയും അവരെ പരിശീലിപ്പിച്ചവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. അവധിക്കാലത്ത് കുട്ടികളുടെ വിനോദത്തിനും വിശ്വാസപരിശീലനത്തിനുമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചവർക്കും നടത്തിയവർക്കും പങ്കെടുത്തവർക്കും ഹൃദയപൂർവ്വം നന്ദി. പരിശുദ്ധ കന്യകാമാതാവിനോടുള്ള സവിശേഷഭക്തിയുടെ ഈ മാസത്തിൽ, പരി. അമ്മയോടൊപ്പം നമുക്കും പ്രാർത്ഥനാനിരതരാകാം; വിശ്വാസത്തിന്റെ വഴിയിൽ മുന്നേറാം; ദൈവേഷ്ടത്തിന് നമ്മെത്തന്നെ സമർപ്പിക്കാം.

### I. വിശ്വാസപരിശീലന വിദ്യാർത്ഥികൾ

1. പ്ലസ് ടു പരീക്ഷാഫലം ഏപ്രിൽ 12 ന് പ്രസിദ്ധപ്പെടുത്തി. വിജയികൾക്കും റാങ്ക് ജേതാക്കൾക്കും അഭിനന്ദനങ്ങൾ.

| Ist RANK | IInd RANK | IIIrd RANK |
|---|---|---|
|  |  |  |
| **Ann Mariya C. V.**<br>Thrissur Lourdes Cathedral | **Angel P. J.**<br>Thiroor | **Ancy Joseph**<br>Pathiyaram |

| **Rank** | **Name** | **Unit** |
|---|---|---|
| 4 | Delfy Mariya Davis | Puranattukara |
| 5 | Shanet Shanto | Puranattukara |
| 6 | Shanet Shaji | Karamuck North |
| 7 | Jiya Rison | Snehapuram |
| 7 | Riya Rison | Snehapuram |
| 8 | Christa Rose V S | Machad |
| 9 | Ann Mariya Jerin | Mundur |
| 10 | Ansa Jijon | Pallikkunnu |
| 11 | Anstiya V Pauly | Palakkal |
| 12 | Anjalin Jacob | Punkunnam |
| 12 | Biya Mariya Biju | Mannamangalam |
| 13 | Aanjeo K S | Kundannur |
| 13 | Emil Sabu | Thrissur Dolours Basilica |
| 14 | Rismi Vargheese | Machad |
| 14 | Anila Shaju | Paravattani |
| 14 | Irene Rose Byju | Paravattani |
| 14 | Agnes P O | Kozhukkully |
| 14 | Alvitus Vazhaparambil | Marathakkara |
| 15 | Liviya Joshy | Nirmalapuram |
| 15 | Jomariya M J | Pazhayannur |

**4. എസിസി, പ്ലസ് ടു പുനഃപരീക്ഷയും ഇംപ്രൂവ്മെന്റ് പരീക്ഷയും**

മെയ് 10 ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ 12 മണി വരെ പ്ലസ് ടുവിനും 10 മണി മുതൽ 1 മണി വരെ എസിസിക്കും പരീക്ഷ

നടക്കുന്നതാണ്. പരീക്ഷയ്ക്ക് വരുന്ന പ്ലസ് ടു വിദ്യാർത്ഥികളുടെ കൈവശം രജിസ്റ്റർ നമ്പർ ഉൾപ്പെടുത്തി വികാരിയച്ചനോ പ്രിൻസിപ്പലോ ഒപ്പിട്ട സാക്ഷ്യപത്രം ഉണ്ടായിരിക്കണം. എസിസി വിദ്യാർത്ഥികളുടെ കൈവശം ഹാൾ ടിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ്.

**പരീക്ഷാസെന്റർ: ഡി ബി സി എൽ സി**

വിശദവിവരങ്ങൾക്ക് വിശ്വാസപരിശീലന മാർഗ്ഗരേഖ നമ്പർ 84.2, 101.9 കാണുക. 12-ാം ക്ലാസ്സ് വാർഷികപരീക്ഷയിൽ പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കും (എലിജിബിലിറ്റി ലിസ്റ്റിൽ ഉള്ളവർക്കു മാത്രം) എസിസി പ്രവേശനത്തിന് ആവശ്യമായ മാർക്കില്ലാത്തവർക്കും (40%), എസിസി പരീക്ഷയിൽ ഇംപ്രൂവ്മെന്റ് വേണമെന്നുള്ളവർക്കും വിശ്വാസപരിശീലന ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി മെയ് 5 ആണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

**II. വിശ്വാസപരിശീലകർക്കുള്ള പരിപാടികൾ**

**1. അഡ്വാൻസ്ഡ് സി ടി സി – മെയ് 4, 11 ഞായറാഴ്ചകളിൽ**

അഡ്വാൻസ്ഡ് സിടിസി ക്ക് സോഫ്റ്റ് വെയർ വഴി രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാവരും പങ്കെടുക്കുക. രാവിലെ 9.30 ന് തുടങ്ങി വൈകിട്ട് 4 മണിക്ക് അവസാനിക്കുന്നു. രണ്ട് ദിവസവും പങ്കെടുത്തവർക്ക് മാത്രമാണ് സർട്ടിഫിക്കറ്റ് ലഭിക്കുക. കോഴ്സ് നടക്കുന്ന സ്ഥലം: ഡി ബി സി എൽ സി

കോഴ്സ് ഫീസ് : 250 രൂപ.

**2. സ്റ്റാഫ് മീറ്റിംഗ് യൂണിറ്റുകളിൽ – മെയ് 04 ഞായർ**

യൂണിറ്റ് വാർഷിക പ്രോഗ്രാം തയ്യാറാക്കുക. പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ, സെക്രട്ടറി, സോഫ്റ്റ് വെയർ ഇൻചാർജ്, ക്ലാസ്സ് ടീച്ചർ, എക്സ്ട്രാ ടീച്ചർ എന്നിവരുടെ തിരഞ്ഞെടുപ്പും ക്ലാസ്സ് അലോട്ടുമെന്റും നടത്തേണ്ടതാണ്.

**3. പ്രിൻസിപ്പൽ കോൺഫറൻസ് – മെയ് 11 ഞായർ**

ഡി ബി സി എൽ സി യിൽ; സമയം 1. 30 pm മുതൽ 4.30 pm വരെ. എല്ലാ പ്രിൻസിപ്പൽമാരും പുതിയതായി നിയമിതരായിട്ടുള്ളവരും ഈ കോൺഫ്രൻസിൽ പങ്കെടുക്കേണ്ടതാണ്.

**4. പാഠപുസ്തക ശില്പശാല 11, 12 ക്ലാസ്സുകാർക്ക് – മെയ് 18 ഞായർ**

11, 12 വിശ്വാസപരിശീലന ക്ലാസ്സുകളിൽ പുതിയ പാഠപുസ്തകമായതിനാൽ ഈ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകർക്ക് ഒരു ശില്പശാല മെയ് 18 ഞായറാഴ്ച്ച ഡിബിസിഎൽസിയിൽ

വെച്ച് സംഘടിപ്പിക്കുന്നു. ഈ ക്ലാസ്സുകളിലെ എല്ലാ അധ്യാപകരും ഈ ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. സമയം രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 4.30 വരെ.

**5. അർദ്ധദിന സെമിനാർ - മെയ് 25 ഞായർ**

വിശ്വാസപരിശീലകർക്കായുള്ള അർദ്ധദിന സെമിനാർ മെയ് 25 ന് 1 മണി മുതൽ 5 വരെ ഫൊറോനകളിൽ വെച്ച് നടത്തുന്നു. ഫൊറോന പ്രമോട്ടർമാർ, ഫൊറോന പ്രിൻസിപ്പാൾമാർ, ഫൊറോന കൗൺസിൽ ഭാരവാഹികൾ എന്നിവർ ഇതിന് നേതൃത്വം നൽകുന്നതാണ്.

**6. വിശ്വാസപരിശീലന അധ്യയന വർഷം 2025-26 അതിരൂപ തതല ഉദ്ഘാടനം**

മെയ് 31 ശനിയാഴ്ച 4.30ന് മണിക്ക് DBCLC യിൽ വെച്ച് നടത്തുന്നു. പങ്കെടുക്കേണ്ടവർ, പ്രിൻസിപ്പൽമാരും കൗൺസിൽ മെമ്പർമാരും

**7. പുതിയ അധ്യയന വർഷം 2025-2026**

പുതിയ അധ്യയനവർഷത്തിലെ പ്രബോധന വിഷയം: പ്രത്യാശ. ജൂൺ 1-ന് അധ്യയന വർഷാരംഭ പ്രാർത്ഥനയോടുകൂടി ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ് (അധ്യയനവർഷാരംഭ പ്രാർത്ഥന വാർഷിക പ്രോഗ്രാമിൽ കൊടുത്തിട്ടുണ്ട്). അടുത്ത അധ്യയനവർഷത്തെ പ്രവർത്തനപരിപാടികളെക്കുറിച്ചും മറ്റും ചർച്ചകളും ആലോചനകളും നടക്കുകയാണ്. ലഭിക്കുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫ് മീറ്റിംഗുകളിൽ ചർച്ച ചെയ്ത് മറുപടി നൽകണം. വിശദമായ പരിപാടികൾ പിന്നീട് അറിയിക്കുന്നതാണ്.

പുതിയ വിദ്യാർത്ഥികളുടെയും വിശ്വാസപരിശീലകരുടേയും ഡാറ്റ, അഡ്മിഷനുകൾ നടത്തുമ്പോൾത്തന്നെ ശേഖരിച്ച് സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണ്.

**III. പൊതുവായ അറിയിപ്പുകളും നന്ദിയും**

**1. പാഠപുസ്തകങ്ങൾ 2025 - 26 അധ്യയനവർഷം**

12-ാം ക്ലാസ്സിലെ വിശ്വാസപരിശീലന പാഠപുസ്തകത്തിന് മാറ്റമുള്ളതായി അറിയിക്കുന്നു. ACC-ക്ക് ഒന്നാമത്തെ സിലബസ്സ് ആണ് ഈ വർഷം പഠിപ്പിക്കേണ്ടത്. പുസ്തകങ്ങൾക്കായുള്ള ഓർഡർ മെയ് മാസത്തിൽ തന്നെ നൽകേണ്ടതാണ്.

**2. പ്രമോഷൻ & 2025-26 അക്കാദമിക് ഇയർ ക്രിയേഷൻ സോഫ്റ്റ് വെയറിൽ**

2025-26 അക്കാദമിക് ഇയർ- വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും മെയ് 31 ന് സോഫ്റ്റ് വെയറിൽ ക്രിയേറ്റ് ചെയ്യുന്നതാണ്.

അതിനു മുമ്പ് എല്ലാ യൂണിറ്റുകാരും ക്ലാസ്സ് പ്രമോഷൻ നടത്തേണ്ടതാണ്.

**3. റിട്ടയർ ചെയ്യുന്ന വിശ്വാസപരിശീലകർക്കും സ്ഥാനമൊഴിയുന്ന പ്രിൻസിപ്പൽമാർക്കും നന്ദി**

65 വയസ്സു പൂർത്തിയാക്കി വിശ്വാസപരിശീലനത്തിൽനിന്ന് വിരമിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും പ്രിൻസിപ്പൽ സേവനത്തിൽ നിന്നും ഒഴിയുന്ന പ്രിൻസിപ്പൽമാർക്കും നന്ദി രേഖപ്പെടുത്തുന്നു. വിശ്വാസപരിശീലനത്തിൽ അർപ്പണബോധത്തോടെ അവർ ചെയ്ത സേവനങ്ങൾ നിസ്തുലമാണ്. അവർക്ക് ദൈവാനുഗ്രഹം ലഭിക്കട്ടെയെന്നും വ്യത്യസ്ത തലങ്ങളിലുള്ള സഭാസേവനം തുടരുന്നതിന് അവരെ പ്രാപ്തരാക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു. കഴിഞ്ഞ വർഷവും ഈ വർഷവും വിശ്വാസപരിശീലനത്തിൽനിന്നും വിരമിക്കുന്ന എല്ലാ വിശ്വാസപരിശീലകരുടേയും പേര്, ഇടവക, അഡ്രസ്സ്, ഫോൺ നമ്പർ എന്നിവ പ്രിൻസിപ്പൽ കോൺഫ്രൻസിനു വരുമ്പോൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ നൽകേണ്ടതാണ്.

**4. പുതിയ യൂണിറ്റ്**

പുതിയ അധ്യയനവർഷത്തിൽ പുതിയ യൂണിറ്റ് ആരംഭിക്കുകയോ, ഏതെങ്കിലും യൂണിറ്റിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ 2024 മെയ് 15-ന് മുമ്പ് വിശ്വാസപരിശീലന ഡയറക്ടറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

**5. വേനൽകൂടാരം**

വേനലവധിക്കാലം വിശ്വാസപരിശീലന വിദ്യാർത്ഥികൾക്ക് ഉല്ലാസഭരിതവും അറിവു വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള പലവിധ ക്ലാസ്സുകളും കളികളുമായി ഈ വർഷവും അത്മായനേതൃത്വപരിശീലനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഡിബിസിഎൽസിയിൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. 1-ാം ക്ലാസ്സു മുതൽ 8-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികളെയാണ് ഈ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നത്. മെയ് 5 മുതൽ 16 വരെ നടക്കുന്ന ഈ ക്യാമ്പിലേക്ക് നമ്മുടെ വിദ്യാർത്ഥികളെ പറഞ്ഞയയ്ക്കുമല്ലോ. രജിസ്ട്രേഷൻ ഗൂഗിൾ ഫോം വഴിയാണ്. ഫീസ് 1500 രൂപ.

**ഫാ. സനൽ മാളിയേക്കൽ**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. പോൾ മുട്ടത്ത്**
അസി. ഡയറക്ടർമാർ

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**അഭിവന്ദ്യപിതാക്കന്മാരുടെ ദിവ്യബലിയർപ്പണം**

2025 ഏപ്രിൽ 1 ചൊവ്വാഴ്ച, അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും, ഏപ്രിൽ 5ന് ശനിയാഴ്ച്ച അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും മൈനർ സെമിനാരിയിൽ ദൈവവിളി ക്യാമ്പിൽ പങ്കെടുത്തവർക്ക് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

**സെലെക്ഷൻ ക്യാമ്പ് 2025**

ഈ വർഷം ദൈവവിളി ക്യാമ്പിൽ പങ്കെടുത്ത ആൺകുട്ടികൾക്കായി, തൃശ്ശൂർ അതിരൂപതയിലെ മൈനർ സെമിനാരിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള ക്യാമ്പ് ഏപ്രിൽ 22 മുതൽ 25 വരെ മൈനർ സെമിനാരിയിൽവെച്ച് നടത്തപ്പെട്ടു.

**മാതാപിതാക്കളുടെ സമ്മേളനം**

ഈ വർഷം വൈദികവസ്ത്രം സ്വീകരിക്കുന്ന വൈദിക വിദ്യാർഥികളുടെ മാതാപിതാക്കളുടെ സമ്മേളനം മെയ് 3 ശനിയാഴ്ച്ച ഉച്ച കഴിഞ്ഞു 2.30 ന് അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം മെത്രാസന മന്ദിരത്തിൽവെച്ച് ഉണ്ടായിരിക്കും.

**മേജർ സെമിനാരിക്കാരുടെ സമ്മേളനം**

2025 മെയ് 7 മുതൽ 10 വരെയുള്ള തിയതികളിൽ മേജർ സെമിനാരിക്കാരുടെ സമ്മേളനം തൃശ്ശൂർ മൈനർ സെമിനാരിയിൽവെച്ച് നടത്തപ്പെടുന്നു.

2025 ജൂബിലി വർഷത്തിൽ അതിരൂപതയിലെ മുഴുവൻ വൈദികവിദ്യാർഥികളുടെയും സംഗമം മെയ് 8നു മൈനർ സെമിനാരിയിൽവെച്ചുതന്നെ സംഘടിപ്പിക്കുന്നു.

**വൈദികവസ്ത്രസ്വീകരണം**

നമ്മുടെ അതിരൂപതയിലെ 10 വൈദികവിദ്യാർഥികളാണു മെയ് 10, ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30ന് മൈനർ സെമിനാരിയിൽവെച്ച് വൈദികവസ്ത്രം സ്വീകരിക്കുന്നത്.

**അവധിക്കാലം സമാപനം**

2025 മെയ് 18 ന് അവധിക്കാലം സമാപിക്കുന്നു; വൈദികവിദ്യാർഥികൾ മൈനർ സെമിനാരിയിലേക്ക് തിരിച്ചെത്തുന്നു. 19 ന് രണ്ടും മൂന്നും വർഷക്കാർക്ക് ക്ലാസുകൾ ആരംഭിക്കുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ:**

1. ശ്രീ സോണി സി. എൽ. & അസോസിയേറ്റ്സ്

നിര്യാതനായ ശ്രീ ലോനപ്പൻ മാഷിന്റെ സ്മരണാർത്ഥം.

2. ശ്രീ ഹാരിസൺ പുറത്തൂർ വർഗീസ്.

എല്ലാ ഉപകാരികൾക്കും നന്ദി; ദൈവാനുഗ്രഹം ഉണ്ടാകട്ടെയെന്ന് പ്രാർഥിക്കുന്നു.

**ഫാ. ജോയ് പുത്തൂർ**
റെക്ടർ

## എക്സൽ അക്കാദമി

**സിവിൽ സർവീസ് കോഴ്സ്**

സിവിൽ സർവീസ് കോച്ചിങ്ങ് വീക്കെൻഡ് ബാച്ചുകൾ എല്ലാ ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും നടന്നുകൊണ്ടിരിക്കുന്നു. പ്ലസ് ടു, ഡിഗ്രി, പി ജി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. പ്രധാനമായും 4 വർഷത്തെ ഡിഗ്രി കോഴ്സ് വിദ്യാർത്ഥികൾക്ക് ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരീക്ഷക്ക് വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തീകരിക്കാവുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത് .

**K- TET ( Kerala Teachers Eligibility Test )**

K- TET പരീക്ഷക്കുവേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു.

**P S C & Defence പരീക്ഷ കോഴ്സുകൾ**

ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു. അഡ്മിഷൻ തുടരുന്നു.

**Excel Foundation Course**

Excel Foundation Courseന്റെ (8th std. to 12th Std.) പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു. എല്ലാ രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ക്ലാസ്സുകൾ ഉണ്ടായിരിക്കും.

**ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം**

(Coaching Centre for Minority Youth)

2025 ജനുവരി മുതൽ കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ

PSC സൗജന്യ പരിശീലനകോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. ക്ലാസ്സുകൾ ജനുവരി 5 മുതൽ ആരംഭിച്ചു. കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ ഏക സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും PSC സൗജന്യപരിശീലന ക്ലാസ്സുകൾ നടക്കുന്നു. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക: **9744941585 / 9895525077**

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**ഡോ. മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

# INSTITUTE OF THEOLOGY
**TRICHUR D B C L C**
**(Phone : 0487- 2333245, Mob : 9188131341)**

### 1. B.A. in Theology and Religious Studies (Three Years)

സെക്കന്റ് സെമസ്റ്ററിലെ Mariology (Rev. Dr. Sanal Thomas Maliyeckal), Theology of Sexuality and Marriage (Rev. Dr. Denny Thanikkal), എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

### 2. Certificate Course in Theology (One Year)

ഏപ്രിൽ 13, 27 എന്നി ദിവസങ്ങളിൽ സഭാവിജ്ഞാനീയം (Rev. Dr. Saijo Thaikkattil), ക്രിസ്തുവിജ്ഞാനീയം (Rev. Dr. Sebastian Chalackal) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

### 3. Advanced Certificate Course in Theology (Six Months)

സന്യാസിനികൾക്കായി ആറ് മാസത്തെ Regular Theology Course, പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. പുതിയ ബാച്ചിലേക്കുള്ള ക്ലാസുകൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നു.

### 4. Basic Bible Course (BBC)

ഏപ്രിൽ മാസം Rev. Dr. Davis Panakkal CMI ക്ലാസ്സുകൾ നയിച്ചു.

### 5. Certificate Course on Sacred Liturgy

ഏപ്രിൽ മാസത്തിൽ Syro-Malabar Qurbana Studies (Rev. Dr. Johnson

Chittilapilly), Desiderio Desideravi (Rev.Dr.Saijo Thaikkattil) ക്ലാസ്സുകൾ നടന്നു.

ആശംസകൾ

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**ഫാ. സനൽ മാളിയേക്കൽ**
ഡീൻ & റെജിസ്ട്രാർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**അന്താരാഷ്ട്ര വനിതാദിനാഘോഷം ജൂബിലിയിൽ**

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയും കേരള പോലീസ് അസോസിയേഷനും തൃശ്ശൂർ സിറ്റി പോലീസും സംയുക്തമായി സംഘടിപ്പിച്ച ആരോഗ്യ പ്രഭാഷണവും കാൻസർ പരിശോധനയും നടന്നു. പരിശോധനയിൽ ഇരുപത്തഞ്ചോളം പേർക്ക് ഗർഭാശയസംബന്ധമായ അസുഖങ്ങൾ കണ്ടുപിടിച്ചു.

**നവീകരിച്ച ഗ്യാസ്ട്രോ സ്യൂട്ട് ഗവർണർ സി.പി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.**

അത്യാധുനിക സംവിധാനങ്ങളോടുകൂടിയുള്ള ജൂബിലി ഹോസ്പിറ്റലിലെ നവീകരിച്ച ഗ്യാസ്ട്രോ സ്യൂട്ട് മഹാരാഷ്ട്രാ ഗവർണർ സി. പി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. ഡോക്ടർമാർ സാമൂഹ്യസേവനം ചെയ്യേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും ജൂബിലി കാഴ്ച്ചവെക്കുന്ന സാമൂഹ്യപ്രതിബദ്ധതയെ കുറിച്ചും ഗവർണർ എടുത്തുപറഞ്ഞു. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗ്യാസ്ട്രോ സ്യൂട്ടിന്റെ വീഡിയോ പ്രകാശനം നടത്തി. മിതമായ ചിലവിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ചികിത്സ സാധാരണക്കാരിൽ എത്തിക്കാനാകുമെന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അഭിപ്രായപ്പെട്ടു. സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ ഗവർണർക്ക് ഉപഹാരം നൽകി. ഗ്യാസ്ട്രോ ഡിപ്പാർട്ടുമെന്റ് മേധാവി ഡോ. ടി. കെ. ജോസഫ് നന്ദി പറഞ്ഞു.

**മസ്കുലോ സ്കെൽട്ടൻ ഇമേജിങ്ങ് ജൂബിലിയിൽ ഏകദിന പ്രവർത്തന ശില്പശാല നടന്നു.**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ റേഡിയോളജി വിഭാഗത്തിന്റേയും IRIA തൃശ്ശൂർ ചാപ്റ്ററിന്റേയും IRIA കേരളയുടേയും ആഭിമുഖ്യത്തിൽ മസ്കുലോ സ്കെൽട്ടൻ ഇമേജിങ്ങിന്റെ ഏകദിന പ്രവർത്തന ശില്പശാല നടന്നു. IRIA തൃശ്ശൂർ ചാപ്റ്ററിന്റെ പ്രസിഡന്റ് ഡോ. രാജേഷ് എം. ജി. സ്വാഗതമാശംസിച്ച ചടങ്ങ് ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ IRIA കേരള ചാപ്റ്ററിന്റെ പ്രസിഡന്റ് ഡോ. റിജോ മാത്യു അധ്യക്ഷത വഹിച്ചു.

**നേഴ്സിങ്ങ് രംഗത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യത: ജൂബിലി നേഴ്സിങ്ങ് കോളേജിൽ ശില്പശാല സംഘടിപ്പിച്ചു.**

ട്രാൻസ്ഫോർമിംങ്ങ് നഴ്സിങ്ങ് ത്രൂ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന വിഷയത്തെ ആസ്പദമാക്കി ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിലെ അധ്യാപകരുടേയും ബിരുദാനന്ത ബിരുദ വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ കേരളത്തിലെ നഴ്സിങ്ങ് അധ്യാപകർക്കും രജിസ്റ്റേർഡ് നഴ്സുമാർക്കും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കുമായി ശില്പശാല നടത്തി.

**ടി.ബി. റിപ്പോർട്ടിങ്ങിൽ ജൂബിലി ജില്ലയിൽ ഒന്നാമത്**

ഏറ്റവും കൂടുതൽ ടി.ബി. കേസുകൾ റിപ്പോർട്ട് ചെയ്ത പ്രൈവറ്റ് ആശുപത്രികളിൽ ജില്ലാതലത്തിൽ ഒന്നാം സ്ഥാനവും സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയെ ലോകക്ഷയരോഗദിനത്തിൽ സ്റ്റേറ്റ് ടി.ബി. സെല്ലും, ജില്ലാ ടി.ബി. സെന്ററും ആദരിച്ചു.

**ജൂബിലിയിൽ രക്തദാന ബോധവത്കരണത്തിനായി അമ്പതോളം ജീവനക്കാർ രക്തം ദാനം ചെയ്തു. 71 വയസ്സിനുള്ളിൽ 77 തവണ രക്തം ദാനം ചെയ്ത ഫാ. ഫ്രാൻസിസ് ആലപ്പാട്ടിനെ ആദരിച്ചു.**

രക്തദാന ബോധവത്ക്കരണത്തിന്റെ ഭാഗമായി ജൂബിലി മിഷൻ ആശുപത്രിയിലെ അമ്പതോളം ജീവനക്കാർ രക്തം ദാനം ചെയ്തു. 71 വയസ്സിനുള്ളിൽ 77 പ്രാവശ്യം രക്തം ദാനം ചെയ്ത മുൻ ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. ഡോ. ഫ്രാൻസിസ് ആലപ്പാട്ടിനെ ആദരിച്ചു. 50-ാം തവണ രക്തം ദാനം ചെയ്ത ന്യൂറോളജി വിഭാഗം മേധാവി ഡോ. ഫിജു ചാക്കോ, 55-ാം തവണ രക്തം ദാനം ചെയ്ത എം.ആർ.ഐ. ടെക്നീഷ്യൻ സിബിൻ എന്നിവർ മറ്റു ജീവനക്കാർക്ക് പ്രചോദനമായി. രക്തദാനത്തിന്റെ പ്രാധാന്യം

ജനങ്ങളിലേക്ക് എത്തിക്കാനും മിഥ്യാധാരണകൾ മാറ്റുവാനും ഇത്തരത്തിലുള്ള ബോധവത്ക്കരണപരിപാടികൾ സഹായിക്കുമെന്ന് 40 തവണ രക്തദാനം ചെയ്തിട്ടുള്ള ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അഭിപ്രായപ്പെട്ടു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഷീല ഫ്രാൻസിസ്, ചിറയത്ത് ഹൗസ്, തൃശ്ശൂർ
- വൈ.എം.സി.എ, തൃശ്ശൂർ
- സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, വിശ്വാസപരിശീലനം, കുന്ദംകുളം, തൃശ്ശൂർ
- മൊണാർക്ക് കുറീസ്, തൃശ്ശൂർ
- ലയൺസ് ക്ലബ്, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- മിനി ബ്രിഗ്സൺ, നെല്ലിക്കുന്ന്, തൃശ്ശൂർ
- സാന്റോ സി. എ, ചാലക്കൽ ഹൗസ്, തൃശ്ശൂർ
- ദിവ്യ ബ്രിഗ്സൺ, നെല്ലിക്കുന്ന്, തൃശ്ശൂർ
- ഓസ്റ്റിൻ ബിജു, വെട്ടിയാടൻ ഹൗസ്, ഒളരിക്കര, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

## ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

**1. ജ്യോതി എഞ്ചിനീയറിംഗ് കോളേജിന് സ്വയംഭരണപദവി (Autonomous)**

തൃശൂർ അതിരൂപതയുടെ കീഴിൽ ചെറുതുരുത്തിയിൽ 2002 ൽ ആരംഭിച്ച ജ്യോതി എഞ്ചിനീയറിംഗ് കോളേജിന് യു. ജി. സി സ്വയം ഭരണപദവി നല്കി ആദരിച്ചു. അക്കാദമിക് തലങ്ങളിലും മറ്റു സാങ്കേതികരംഗങ്ങളിലും മികവ് തെളിയിച്ചതിനുള്ള അംഗീകാരം കൂടിയാണിത്. എല്ലാ ഡിപ്പാർട്ട്മെന്റുകൾക്കും NBA അക്രഡിറ്റേഷൻ, NAAC

ൽ 'A' Grade തുടങ്ങിയ നിരവധി അംഗീകാരങ്ങളും കോളേജിന് നേരത്തെ ലഭിച്ചിട്ടുണ്ട്.

ഇന്നോവേഷൻ, സംരംഭകത്വം, മറ്റു സാങ്കേതികമുന്നേറ്റങ്ങൾ എന്നിവയിലൂടെ ഇൻഡസ്ട്രി 4.0 ന്റെ വാതായനങ്ങൾ തുറന്ന്, വ്യവസായമേഖലയിലെ അതിനൂതന പ്രവർത്തനങ്ങൾക്കുയോജിച്ച രീതിയിൽ വിദ്യാർത്ഥി സമൂഹത്തെ വളർത്തി ശക്തിപ്പെടുത്തുന്നതിൽ ഇതൊരു വലിയ കാൽവെയ്പ് തന്നെയാണ്.

**2. കർത്തവ്യ 2.0**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ദേശീയ പ്രോജക്ട് മത്സരം 'കർത്തവ്യ-2' നടന്നു. കേരള ശുചിത്വ മിഷനും തൃശൂർ ജില്ലാ പഞ്ചായത്തും ജ്യോതി എഞ്ചിനയറിംഗ് കോളേജും, പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തും, പാഞ്ഞാൾ പഞ്ചായത്തും സംയുക്തമായി നടത്തിയ രണ്ടു ദിവസത്തെ മത്സരം യു.ആർ പ്രദീപ് എം.എൽഎ ഉദ്ഘാടനം ചെയ്തു. ഇ-വേസ്റ്റ് മാലിന്യങ്ങൾ എങ്ങനെ പരിസ്ഥിതിക്കു ദോഷമില്ലാത്ത രീതിയിൽ ഉപയോഗപ്പെടുത്താമെന്നുള്ള വിഷയത്തിലാണ് മത്സരം. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ടീമുകൾ മത്സരത്തിൽ പങ്കെടുത്തു.

**3. നാഷണൽ സയൻസ് ഡേ 2025**

2025 ഫെബ്രുവരി - 24 ന് ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ നാഷണൽ സയൻസ് ഡേ ആഘോഷിച്ചു. ഡോ. ജോഷി സി. എൽ. (പ്രിൻസിപ്പൽ, ബെഥാനിയ ഇൻസ്റ്റിറ്റ്യൂട്ട്, കുന്നംകുളം) പരിപാടി ഉദ്ഘാടനം ചെയ്യുകയും സയൻസിന്റെ പ്രാധാന്യത്തെക്കുറിച്ചു വിദ്യാർത്ഥികളുമായി സംവാദം നടത്തുകയും ചെയ്തു.

**4. ജ്യോതി എഞ്ചിനീയറിംഗ് കോളേജും നബാർഡും കൈകോർക്കുന്നു.**

തൃശൂർ ജില്ലയിലെ പരമ്പരാഗത ഉൽപ്പന്നങ്ങൾ സംരക്ഷിക്കാൻ ചെറുതുരുത്തിയിലെ ജ്യോതി എഞ്ചിനീയറിംഗ് കോളേജും നബാർഡും കൈകോർക്കുന്നു. ഇരിങ്ങാലക്കുട നടവരമ്പിലെ ബെൽമെറ്റൽ, കുന്നംകുളം കുറുക്കൻപാറയിലെ കല്ലുകൊത്തുപണി എന്നിവയുടെ ഭൗമസൂചിക (ജിഐ) രജിസ്ട്രേഷൻ നടത്തി അവയ്ക്കു നിയമപരിരക്ഷ ഉറപ്പാക്കുന്നതിനും അനധികൃത അനുകരണം തടയുന്നതിനും വേണ്ടിയാണ് ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ മെക്കാനിക്കൽ വിഭാഗം നബാർഡുമായി സഹകരിക്കുന്നത്.

**5. ഹാക്കത്തീന 2025**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ദേശീയ ഹാക്കത്തോണായ. ഹാക്കത്തീന

2025 നടന്നു. തൃശൂർ സിറ്റി പോലീസ് അസിസ്റ്റന്റ് സൂപ്രണ്ട് ഹർദിക് മീണ ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളുടെ കഴിവുകൾ പഠന മേഖലയ്ക്കപ്പുറത്തേക്ക് വികസിപ്പിച്ചെടുക്കാൻ ഇത്തരത്തിലുള്ള പ്രോഗ്രാമുകൾ സഹായിക്കുന്നു. ഹാക്കത്തീന 2025 പ്രോഗ്രാമിന്റെ ഇവാല്യുവേഷൻ സോഫ്റ്റ് വെയർ പാക്കേജ് ഹർദിക് മീണ റിലീസ് ചെയ്തു. ഹാക്കത്തോണിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നു ഇരുനൂറോളം മത്സരാർത്ഥികളാണ് പങ്കെടുത്തത്.

**6. യുക്തി 2025 പ്രോജക്ട് മത്സരം**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ യുക്തി 2025 എന്ന പേരിൽ വിദ്യാർത്ഥികൾക്കായി പ്രോജക്ട് മത്സരം നടത്തി. സർക്യൂട്ട്, നോൺ സർക്യൂട്ട്, സോഫ്റ്റ്‌വെയർ വിഭാഗങ്ങളിലായി 122 ടീമുകൾ പങ്കെടുത്തു. സർക്യൂട്ട് വിഭാഗത്തിൽ തൊഴിലാളികളുടെ ജോലിഭാരം ലഘൂകരിക്കുന്ന ഓട്ടോമാറ്റിക് ട്രോളിക്കാണ് ഒന്നാം സമ്മാനം.

നോൺ സർക്യൂട്ട് വിഭാഗത്തിൽ കുറഞ്ഞ ചെലവിൽ വെള്ളം ശുചിയാക്കുന്ന ഉപകരണത്തിന് ഒന്നാം സ്ഥാനം ലഭിച്ചു. സോഫ്റ്റ്‌വെയർ വിഭാഗത്തിൽ മാലിന്യം കണ്ടെത്തി ശുദ്ധീകരിക്കുന്ന ഉപകരണത്തിനാണ് ഒന്നാം സ്ഥാനം. ഒരു ലക്ഷത്തിൽപ്പരം രൂപയുടെ ക്യാഷ് അവാർഡും കാട്പെന്റർ കമ്പനി നല്കുന്ന സമ്മാനങ്ങളും വിജയികൾക്ക് നല്കി.

**7. ജ്യോതി എഞ്ചിനീയറിംഗ് കോളേജുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ച് നാസ്കോം**

ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജുമായി നാസ്കോം (നാഷണൽ അസോസിയേഷൻ ഓഫ് സോഫ്റ്റ്‌വെയർ ആന്റ് സർവ്വീസ് കമ്പനി) ധാരണാപത്രത്തിൽ ഒപ്പുവെച്ചു. നാഷണൽ ലീഡ് ഉദയ് ശങ്കർ, ഫിനാൻസ് മാനേജർ ഫാ. ഷിന്റോ മാറോക്കിക്കു ധാരണാപത്രം കൈമാറിക്കൊണ്ട് നാസ്കോം നടത്തുന്ന കോഴ്സുകളുടെ ഉദ്ഘാടനം നടത്തി. നാസ്കോമിന്റെയും കേന്ദ്ര സർക്കാരിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഫ്യൂച്ചർ സ്കിൽസ് പ്രൈം (എഫ്എസ്പി) എന്ന പേരിൽ വ്യവസായവും അക്കാദമിക്സും തമ്മിലുള്ള അകലം കുറയ്ക്കാൻ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വേണ്ടി 200 ഓളം കോഴ്സുകളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതുമൂലം വ്യവസായ സംരംഭങ്ങളിൽ വിദ്യാർത്ഥികൾക്ക് ജോലിസാധ്യത വർധിക്കും. കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ പ്രോഗ്രാമിന്റെ പുതിയ ആവിഷ്ക്കാരമാണിത്. വ്യവസായങ്ങളിൽ ഉപയോഗപ്രദമാകുന്ന കോഴ്സുകളാണ് എഫ്എസ്പി നല്കുന്നത്.

**8. വനിതാദിനാഘോഷം**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ വിമൻ ഡെവലപ്മെന്റ് സെൽ സംഘടിപ്പിച്ച വനിതാദിനാഘോഷം 2025 മാർച്ച് 1 ന് തൃശൂർ വിശ്രാം ബിൽഡേഴ്സ് സി. ഒ. ഒ. മിസ്. രേണു ശ്രീരഞ്ജ ഉദ്ഘാടനം ചെയ്തു.

**9. Admission Enquiry**

2025 വർഷത്തേക്കുള്ള BTech, MTech, PhD അഡ്മിഷൻ എൻക്വയറി ആരംഭിച്ചിരിക്കുന്നു.

Bachelor of Technology (BTech) Courses

- Artificial Intelligence and Data Science (AD)
- Civil Engineering (CE)
- Computer Science and Engineering (CSE)
- Computer Science and Engineering - Cyber Security (CY)
- Electronics and Communication Engineering (ECE)
- Electrical and Electronics Engineering (EEE)
- Mechanical Engineering (ME)
- Mechatronics Engineering (MR)

Master of Technology (MTech) Courses

- Artificial Intelligence and Data Science (AD)
- Computer Science and Engineering (CSE)
- Industrial Automation and Robotics (ME)
- Transportation Engineering (CE)

Doctor of Philosophy (PhD)

- Civil Engineering
- Computer Science and Engineering
- Electronics and Communication Engineering
- Electrical and Electronics Engineering
- Mechanical Engineering
- Mathematics

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക :

Helpline: 95269 24455, 95269 34455, 04884 259000

www.jecc.ac.in, College Code : JEC

**ഫാ. ഡേവിഡ് നെറ്റിക്കാടൻ**
എക്സിക്യൂട്ടീവ് മാനേജർ

**ഫാ. സിജോ ചെറുവത്തൂർ**
PRO

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**മെയ് മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ മെയ് മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 7,8,9 – 14,15,16 – 28,29,30. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**മരിയൻ കൗൺസിലിംങ് സെന്റർ**

ഫാമിലി അപ്പസ്റ്റൊലേറ്റിൽ പ്രവർത്തിക്കുന്ന മരിയൻ കൗൺസിലിംങ് സെന്ററിലേക്ക് നമ്മുടെ ഇടവകകളിൽ ദാമ്പത്യ പ്രതിസന്ധി അനുഭവിക്കുന്ന ദമ്പതികളെ പറഞ്ഞ് വിടാവുന്നതാണ്. കൗൺസിലിംങ്ങിന് വരുന്നതിന് മുമ്പ് ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംങ്ങിനായി വിളിക്കേണ്ട നമ്പർ 0487 2336066 ബുക്കിംങ്ങിനായി വിളിക്കേണ്ട സമയം – രാവിലെ 9.30 മുതൽ 3.30 വരെ.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ജോജോ എടത്തിരുത്തി**
അസി. ഡയറക്ടർമാർ

# കുടുംബക്കൂട്ടായ്മ

**കുടുംബകൂട്ടായ്മ ഭാരവാഹികളുടെ നേതൃത്വ സംഗമം**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ തൃശ്ശൂർ അതിരൂപതയിലെ 3200 കുടുംബകൂട്ടായ്മ

കളിലെ ഭാരവാഹികളുടെ നേതൃത്വസംഗമമായ പരേസിയ 2025 സംഘടിപ്പിച്ചു. അതിരൂപത സഹായ മെത്രാൻ മാർ ടോണി നീല ങ്കാവിൽ അധ്യക്ഷനായ യോഗം സി.ബി.സി.ഐ പ്രസിഡണ്ടും തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്തയുമായ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ രാഷ്ട്ര നിർമ്മാണ ത്തിൽ ഏറ്റവും കൂടുതൽ സംഭാവന ചെയ്ത ക്രൈസ്തവരുടെ പങ്കിനെ ബോധപൂർവ്വം തമസ്കരിക്കുന്ന ശ്രമം നടക്കുന്നുണ്ടെന്നും അതിനാൽ സമുദായ ശാക്തീകരണം അനിവാര്യമെന്നും മാർ. ആൻഡ്രൂസ് താഴത്ത് അഭിപ്രായപ്പെട്ടു.

അഡ്വ. ബിജു കുണ്ടുകുളം ''സമുദായശാക്തീകരണം കുടുംബ കൂട്ടായ്മയിലൂടെ'' എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തി. വർദ്ധിച്ചു വരുന്ന ലഹരിയുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി സംഗമത്തിൽ ലഹരിക്കെതിരെ പ്രമേയം പാസാക്കുകയും സംഗമത്തിൽ പങ്കെടുത്ത എല്ലാവരും ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുകയും ചെയ്തു.

**കുടുംബകൂട്ടായ്മ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2025 – 2028**

2025 – 2028 കാലയളവിലെ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് താഴെ പറയുന്ന രീതിയിലായിരിക്കും.

| | | |
|---|---|---|
| യൂണിറ്റ് തല തിരഞ്ഞെടുപ്പ് | – | ജൂൺ, ജൂലായ് മാസങ്ങളിൽ |
| ഇടവക കേന്ദ്രസമിതി തിരഞ്ഞെടുപ്പ് | – | ആഗസ്റ്റ് മാസത്തിൽ |
| ഫൊറോന തിരഞ്ഞെടുപ്പ് | – | സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ |
| അതിരൂപത തിരഞ്ഞെടുപ്പ് | – | ഡിസംബർ മാസത്തിൽ |

**അതിരൂപത ദിനാഘോഷം**

2025 മെയ് 20 -ാം തിയ്യതി കണ്ടശ്ശാംകടവ് ഫൊറോന ദൈവാ ലയത്തിൽ വച്ച് നടക്കുന്ന അതിരൂപത ദിനാഘോഷത്തിൽ അതി രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുള്ള കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർമാർ പങ്കെടുക്കേണ്ടതാണ്.

**കുടുംബകൂട്ടായ്മ ദിനം**

ജൂൺ 15-ാം തിയ്യതിയിലെ പരിശുദ്ധ ത്രിത്വത്തിന്റെ തിരുന്നാളി നോടനുബന്ധിച്ച് അന്നേദിവസം കുടുംബകൂട്ടായ്മ ദിനമായി ആചരി ക്കുന്നു. ഇതോടനുബന്ധിച്ച് ഇടവക ദൈവാലയത്തിൽ ഉയർത്തു വാനുള്ള കുടുംബകൂട്ടായ്മ പതാക ഫാമിലി അപ്പൊസ്റ്റൊലേറ്റിലുള്ള

കുടുംബകൂട്ടായ്മ ഓഫീസിൽ നിന്നും ലഭിക്കുന്നതായിരിക്കും. കുടുംബകൂട്ടായ്മ റജിസ്റ്റർ, പ്രാർത്ഥനാ പുസ്തകം വലുത്, ചെറുത് എന്നിവയും ഓഫീസിൽ നിന്ന് ലഭിക്കുന്നതായിരിക്കും.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**പ്രൊഫ. ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കുവേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാന സാന്തരത്തിനുവേണ്ടിയും തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് മെയ് 5 തിങ്കൾ വൈകീട്ട് 4.30 മുതൽ 6.00 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞു ങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം മെയ് മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും മെയ് 11-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.45 മുതൽ 6.45 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് പിന്നീട് അയച്ചു തരുന്നതാണ്. കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 7736106824.

**ലഹരി ബോധവൽക്കരണം**

തൃശ്ശൂർ അതിരൂപതയിലെ ജോൺ പോൾ പ്രോലൈഫ് സമിതി ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി

ശിക്ഷാനടപടികളെ കുറിച്ചുള്ള നോട്ടീസ് പ്രിന്റ് ചെയ്ത് വിതരണം ചെയ്തു വരുന്നു. ജീവൻ നിധിയുടെ ധനശേഖരണാർത്ഥവും ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെയും ഭാഗമായി നോട്ടിബുക്കുകളുടെ കവർ പേജിൽ ലഹരിക്കെതിരെയുള്ള പോസ്റ്ററുകൾ പ്രിന്റ് ചെയ്തു 30 % വിലക്കുറവിൽ വിതരണം ചെയ്യുവാൻ തയ്യാറാക്കി വരുന്നു ആവശ്യക്കാർ ബന്ധപ്പെടുക. Mob : 9846142576

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

# മാതൃവേദി

**പ്രത്യാശയുടെ തീർത്ഥാടകർ - പഠന പരമ്പര**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെ നേതൃത്വത്തിൽ അമ്മമാർക്കായി സഭയിലും സമൂഹത്തിലും നേതൃത്വ നിരയിലേക്ക് വളരുക എന്ന ലക്ഷ്യത്തോടെ ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രത്യാശയുടെ തീർത്ഥാടകർ പഠന പരമ്പരയുടെ രണ്ടാമത്തെ ക്ലാസ്സ് മെയ് 13-ാം തിയ്യതി ചൊവ്വാഴ്ച്ച 10 മുതൽ 11.30 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. ഈ പഠന പരമ്പരയിലേക്ക് താൽപര്യമുള്ള എല്ലാ മാതൃവേദി അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**കൊന്ത നിർമ്മാണ പരിശീലനം**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ കൊന്ത നിർമ്മാണ പരിശീലനം ഫാമിലി അപ്പൊസ്റ്റലേറ്റിൽ വച്ച് മെയ് 13-ാം തിയ്യതി ചൊവ്വാഴ്ച്ച (11.45 am - 1.00 pm) നടത്തപ്പെടുന്നതാണ്. താൽപര്യമുള്ള എല്ലാ അമ്മമാരും കൊന്ത നിർമ്മാണ പരിശീലനത്തിൽ പങ്കെടുക്കാനായി ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഈ പ്രാവശ്യം നടത്തേണ്ടത് പാലയൂർ, പട്ടിക്കാട് ഫൊറോനയിലെ

ഇടവകകളാണ്. താൽപര്യമുള്ളവർ മെയ് 13-ാം തിയ്യതി ചൊവ്വാഴ്ച്ച (9.30 am - 1.00 pm) കൊണ്ടുവരാവുന്നതാണ്.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ശ്രീമതി ഉജ്ജ്വല ബിജു**
പ്രസിഡണ്ട്

**ശ്രീമതി റീന വർഗ്ഗീസ്**
സെക്രട്ടറി

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

## LOAF SPIRITUAL DAY

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' മെയ് 10-ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി. ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

## LOAF COUPLES RETREAT

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം മെയ് 16,17,18 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ സ്പിരിച്ച്വൽ ആനിമേഷൻ സെന്റർ, ആമ്പല്ലൂരിൽ സംഘടിപ്പിക്കുന്നു. മെയ് 16 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ 18 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

## LOAF ACADEMIC SESSION

ലോഫ് അക്കാഡമിക് സെക്ഷൻ മെയ് 25-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

# CCWI

**ഏഴുപള്ളി സന്ദർശനം**

ഏപ്രിൽ 7-ാം തിയ്യതി രാവിലെ 9 മണിക്ക് ഡയറക്ടർ ഫ്രാൻസിസ് ടിങ്കിൾ അച്ചനും 25 അംഗങ്ങളും തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ നിന്ന് ഏഴുപള്ളി സന്ദർശനയാത്ര നടത്തി.

**അഗതിമന്ദിര സന്ദർശനം**

മെയ് മാസത്തെ സി.സി.ഡബ്ലിയു.ഐ പദ്ധതിയായി മെയ് 12-ാം തിയ്യതി ഡയറക്ടർ ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി അച്ചനും അംഗങ്ങളും സെന്റ്. ജോസഫ് ഹോം പുല്ലഴി സന്ദർശിച്ച് അവിടത്തെ അന്തേവാസികളായ അമ്മമാർക്ക് 100 കിടക്ക വിരികൾ സംഭാവന ചെയ്യുവാൻ ഉദ്ദേശിക്കുന്നു. അവരോടൊപ്പം സമയം ചിലവഴിച്ച് മെയ് മാസത്തെ മീറ്റിങ്ങിൽ പങ്കെടുക്കുവാനുമായി എല്ലാ സി.സി. ഡബ്ലിയു.ഐ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീമതി സിങ്കമ്മ കള്ളിയത്ത്**
പ്രസിഡന്റ്

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**ജനന രജിസ്ട്രേഷനിൽ ഒറ്റത്തവണ മാറ്റം**

ജനന സർട്ടിഫിക്കറ്റിലെ പേരുമാറ്റത്തിനുള്ള നിബന്ധനകളിൽ സമൂലമായ ഇളവുകൾ. കേരളത്തിൽ ജനനം രജിസ്റ്റർ ചെയ്ത ആർക്കും, ഗസറ്റ് വിജ്ഞാപനം വഴി മാറ്റം വരുത്തിയ പേര്, ഇനി ജനന രജിസ്ട്രേഷനിൽ ഒറ്റത്തവണ മാറ്റം വരുത്താനാവും. വർഷങ്ങളായി നിലനിന്ന സങ്കീർണതയ്ക്കാണ് സർക്കാർ പരിഹാരം കണ്ടിരിക്കുന്നത്. നിലവിൽ കേരളത്തിലെ പൊതുമേഖലയിൽ വിദ്യാഭ്യാസം ലഭിച്ച കുട്ടികൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ എസ്എസ്എൽസി സർട്ടിഫിക്കറ്റിലും സ്കൂൾ രേഖകളിലും പേരിൽ മാറ്റം വരുത്താനും, തുടർന്ന് ഈ സ്കൂൾ

രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം ജനന സർട്ടിഫിക്കറ്റ് തിരുത്താനുമാണ് അവസരമുണ്ടായിരുന്നത്. ഇത് പല സങ്കീർണ തകൾക്കും വഴിവെച്ചിരുന്നു.

സിബിഎസ്ഇ/ഐസിഎസ്ഇ സ്കൂളുകളിൽ പഠിച്ചവർക്കും, ഇന്ത്യയ്ക്ക് പുറത്ത് പഠനം നടത്തിയവർക്കും ഗസറ്റ് വിജ്ഞാപനം വഴി പേര് തിരുത്തിയാലും അതുവെച്ച് സ്കൂൾ രേഖകളിൽ മാറ്റം വരുത്താനാകാത്തതിനാൽ ജനന സർട്ടിഫിക്കറ്റിൽ പേര് തിരുത്താൻ സാധിക്കുന്നുണ്ടായിരുന്നില്ല. സ്കൂൾ രേഖകളിൽ തിരുത്തൽ വരുത്താൻ തിരുത്തിയ ജനനസർട്ടിഫിക്കറ്റും, ജനന സർട്ടിഫിക്കറ്റിൽ തിരുത്താൻ തിരുത്തിയ സ്കൂൾ സർട്ടിഫിക്കറ്റും വേണമെന്നതായിരുന്നു സ്ഥിതി.

പൊതുവിദ്യാലയങ്ങളിൽ പഠിച്ചവർക്കും കാലതാമസത്തിന് ഈ വ്യവസ്ഥകൾ കാരണമായിരുന്നു. ഈ വ്യവസ്ഥയാണ് തദ്ദേശ സ്വയംഭരണ വകുപ്പ് ലഘൂകരിച്ചത്. കാലോചിതമായി ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങളിൽ ഒന്നാണ് ഇത്. ഈ തീരുമാനത്തിന് അനുസൃതമായ മാറ്റം ഉടൻ കെ സ്മാർട്ടിൽ വരുത്തും. ജനന-മരണ-വിവാഹ രജിസ്ട്രേഷ നുകളിൽ വിപ്ലവകരമായ പരിഷ്കരണങ്ങളാണ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ സർക്കാർ നടപ്പിലാക്കിക്കൊണ്ടി രിക്കുന്നത്. വിഡിയോ കെ.വൈ.സി ഉപയോഗിച്ച് ലോകത്ത് എവിടെയിരുന്നും മിനുട്ടുകൾ കൊണ്ട് വിവാഹം രജിസ്റ്റർ ചെയ്യാൻ ഇന്ന് മലയാളിക്ക് കഴിയുന്നത് ഉൾപ്പെടെ സൗകര്യങ്ങളുണ്ട്.

**K-Smart**

**Citizen ലോഗിൻ നിർമ്മിക്കുന്ന വിധം**

2025 ഏപ്രിൽ മുതൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും (പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ) K-Smart നിലവിൽ വരികയാണ്. പൊതുജനങ്ങൾക്ക് എല്ലാത്തരം അപേക്ഷകളും പരാതികളും ഇനിമുതൽ അവരവരുടെ ലോഗിൻ മുഖേന മാത്രമേ അയക്കാനാകൂ.

K-Smart ൽ **സ്വന്തമായി ലോഗിൻ ഉണ്ടാക്കാൻ പഠിക്കാം.**

ആധാർ നമ്പറും ആധാറിൽ ലിങ്ക് ചെയ്തിട്ടുള്ള Mobile നമ്പറും ഉണ്ടെങ്കിൽ ആർക്കും സിറ്റിസൺ ലോഗിൻ ഉണ്ടാക്കാം.

ആദ്യം. ഇന്റർനെറ്റ് ഉള്ള ഏതെങ്കിലും കമ്പ്യൂട്ടർ/ലാപ്ടോപ് ഉപ യോഗിച്ച് https://ksmart.lsgkerala.gov.in എന്ന site ൽ കയറുക. Registration >> Citizen Registration click ചെയ്യുക. Declaration ടിക്ക് ചെയ്ത് Proceed ചെയ്യുക. അപ്പോൾ വരുന്ന സ്ക്രീനിൽ ആധാർ

നമ്പർ കൊടുക്കുക. OTP ജനറേറ്റ് ചെയ്യുക. രജിസ്ട്രേഡ് Mobile നമ്പറിൽ വരുന്ന OTP നൽകുക. Submit ചെയ്യുക. അപ്പോൾ വരുന്ന സ്ക്രീനിൽ ആധാറിലെ പേരും ഫോട്ടോയും വന്നിട്ടുണ്ടാവും. അതിൽ നമ്മൾ കൂടുതൽ ഉപയോഗിക്കുന്ന ഫോൺ നമ്പർ, മെയിൽ കള എന്നിവ നൽകുക. വീണ്ടും OTP verify ചെയ്യുക. നമുക്ക് K-Smart ൽ ലോഗിൻ കിട്ടിക്കഴിഞ്ഞു.

Home Page ലേക്ക് പോയാൽ ചലം Application എന്ന option ഉപയോഗിച്ച് നമുക്ക് അപേക്ഷകളും അനുബന്ധ രേഖകളും പഞ്ചായത്തിലേക്കും നഗര ഭരണ സ്ഥാപനങ്ങളിലേക്കും അയക്കാവുന്നതാണ്.

<u>ശ്രദ്ധിക്കുക</u>

1. ആധാർ updated ആയിരിക്കണം.

2. കൊടുക്കുന്ന വിവരങ്ങൾ കൃത്യമായിരിക്കണം. ഉത്തരവാദിത്തം അപേക്ഷകനാണ്.

3. ഓഫീസിൽ നേരിട്ടു പോകേണ്ടതില്ല.

4. സേവനങ്ങൾ ഓൺലൈനിൽ അവരവരുടെ ലോഗിനിൽ മാത്രമേ ലഭിക്കൂ.

5. നമ്മൾ കൊടുക്കുന്ന Mobile നമ്പറാണ് User ID. ലോഗിൻ ചെയ്യുമ്പോൾ കിട്ടുന്ന OTP ആയിരിക്കും Password.

**പത്താംക്ലാസും ഐടിഐയുമുണ്ടോ? റെയിൽവേയിൽ അപ്രന്റിസാകാം, സ്റ്റൈപൻഡോടെ പരിശീലനം**

സൗത്ത് ഈസ്റ്റ് സെൻട്രൽ റെയിൽവേയുടെ നാഗ്പുർ ഡിവിഷനിലും മോത്തിബാഗ് വർക്ഷോപ്പിലുമായി 1007 ട്രേഡ് അപ്രന്റിസ് അവസരം. ഒരു വർഷ പരിശീലനം. ഓൺലൈനായി മേയ് 4 വരെ അപേക്ഷിക്കാം.

ഒഴിവുള്ള ട്രേഡുകൾ: ഫിറ്റർ, കാർപെന്റർ, വെൽഡർ, സിഒപിഎ, ഇലക്ട്രിഷ്യൻ, സ്റ്റെനോഗ്രഫർ (ഇംഗ്ലിഷ്, ഹിന്ദി)/സെക്രട്ടേറിയൽ അസിസ്റ്റന്റ്, പ്ലംബർ, പെയിന്റർ, വയർമാൻ, ഇലക്ട്രോണിക്സ് മെക്കാനിക്, ഡീസൽ മെക്കാനിക്, അപ്ഹോൾസ്റ്ററർ (ട്രിമ്മർ), മെഷിനിസ്റ്റ്, ടർണർ, ഡെന്റൽ ലബോറട്ടറി ടെക്നിഷ്യൻ, ഹോസ്പിറ്റൽ വേസ്റ്റ് മാനേജ്മെന്റ് ടെക്നിഷ്യൻ, ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ, ഗ്യാസ് കട്ടർ, സ്റ്റെനോഗ്രഫർ (ഹിന്ദി), കേബിൾ ജോയിന്റർ, ഡിജിറ്റൽ ഫൊട്ടോഗ്രഫർ, ഡ്രൈവർ കം മെക്കാനിക് (ലൈറ്റ് മോട്ടോർ മെഹിക്കിൾ), മെക്കാനിക് മെഷീൻ ടൂൾ മെയിന്റനൻസ്, മേസൺ (ബിൽഡിങ് കൺസ്ട്രക്ടർ), സെക്രട്ടേറിയൽ സ്റ്റെനോ (ഇംഗ്ലിഷ്) പ്രാക്ടീസ്.

യോഗ്യത: 50% മാർക്കോടെ പത്താം ക്ലാസ് ജയം/തത്തുല്യം, ബന്ധപ്പെട്ട ട്രേഡിൽ നാഷനൽ ട്രേഡ് സർട്ടിഫിക്കറ്റ് (ഐടിഐ).

പ്രായം: 1524. അർഹർക്ക് ഇളവ്.

സ്റ്റൈപൻഡ്: രണ്ടു വർഷ ഐടിഐക്കാർക്ക് 8050, ഒരു വർഷക്കാർക്ക് 7700.

തിരഞ്ഞെടുപ്പ്: യോഗ്യതാ പരീക്ഷയുടെ മാർക്ക് അടിസ്ഥാനത്തിൽ.

**AAI റിക്രൂട്ട്മെന്റ് 2025**

എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ(AAI) ജൂനിയർ എക്സിക്യൂട്ടീവ് (Air Traffic Controller department) തസ്തികയിലേക്കുള്ള ഒഴിവിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. EWS റിസർവേഷൻ ബാധകമാണ്

ഒഴിവുകൾ: 309, അപേക്ഷിക്കേണ്ട അവസാന തീയതി: 24 മെയ് 2025, ശമ്പള തുക: 40,000 - 1,40000

അപേക്ഷ ഫീസ് General : 1000 /-

SC/ST/PWD -/Females and apprentices who have completed one year of Apprenticeship training in AAI - NIL

പ്രായപരിധി : 24 മെയ് 2025 നു 27 വയസ്സ് തികഞ്ഞിരിക്കണം.

വിദ്യാഭ്യാസ യോഗ്യത

1. ഉദ്യോഗാർത്ഥി സയൻസ് /ഫിസിക്സ് അല്ലെങ്കിൽ മാത്തമാറ്റിക്സ് ഇവയിൽ റെഗുലർ ഫുൾടൈം ബിരുദം (3 വർഷം) കരസ്ഥമാക്കിയിരിക്കണം. OR ഏതെങ്കിലും വിഷയത്തിൽ ഫിസിക്സും മാത്തമാറ്റിക്സും ഒരു സെമസ്റ്റർ പഠിച്ച് നേടിയ റെഗുലർ ഫുൾ ടൈം എൻജിനീയറിങ് ബിരുദം.

2. ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം നിർബന്ധമാണ് (10 ആം ക്ലാസ്സിലോ, 12– ആം ക്ലാസ്സിലോ ഒരു വിഷയമായി പഠിച്ച് പാസ് ആയിരിക്കണം)

**സാങ്കേതിക സഹായം**

കൂടുതൽ വിവരങ്ങളും പുതിയ അപേക്ഷ ഫോം, സർട്ടിഫിക്കറ്റിനുള്ള ഫോർമാറ്റ്, ഇതുസംബന്ധിച്ച ഗവൺമെൻറ് ഓർഡറുകൾ, തുടങ്ങിയവ ആവശ്യമുള്ളവർക്ക് തൃശൂർ അതിരൂപത ഫാമിലി അപ്പോസ്റ്റോലേറ്റിൽ പ്രവർത്തിക്കുന്ന അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ഓഫീസുമായി ഫോണിൽ ബന്ധപ്പെടാവുന്നതാണ്. വിശദാംശങ്ങളും അപേക്ഷ ഫോമും www.afctcr.com എന്ന വെബ്സൈറ്റിലും

ലഭ്യമാണ്. സംശയദുരീകരണത്തിനു (+91) 7902713325, 7909293325 എന്ന നമ്പറുകളിൽ വിളിക്കുക.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# ബൈബിൾ പ്രേഷിതത്വം

**ലോഗോസ് & വെരിത്താസ് ക്വിസ് 2025**

ലോഗോസ് ക്വിസ്

അതിരൂപതാതല ലോഗോസ് പരീക്ഷ – 2025 സെപ്റ്റംബർ 28

സമയം : 2:00 മണി മുതൽ 3.30 വരെ.

രജിസ്ട്രേഷൻ ഫീസ് 20 രൂപ

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ : ജൂൺ 01 മുതൽ ജൂലൈ 31 വരെ

പഠനഭാഗങ്ങൾ: ന്യായാധിപന്മാർ: 11–21, പ്രഭാഷകൻ : 41–50, ലൂക്കാ : 17–24

പൗലോസ് എഫേസോസുകാർക്ക് എഴുതിയ ലേഖനം : 1–6

പ്രായവിഭാഗങ്ങൾ

A വിഭാഗം (11 വയസ്സ്)

1.1.2014 നും അതിനുശേഷം ജനിച്ചവർ

B വിഭാഗം (12–16 വയസ്സിനും ഇടയിൽ)

1.1.2009 നും 31.12.2013 നും ഇടയ്ക്ക് ജനിച്ചവർ

C വിഭാഗം (17–31 വയസ്സിനും ഇടയിൽ)

1.1.1994 നും 31.12.2008 നും ഇടയ്ക്ക് ജനിച്ചവർ

D വിഭാഗം (32 51 വയസ്സിനും ഇടയിൽ)

1.1.1974 നും 31.12.1993നും ഇടയ്ക്ക് ജനിച്ചവർ

E വിഭാഗം (52 64 വയസ്സിനും ഇടയിൽ)

1.1.1961 നും 31.12.1973 നും ഇടയ്ക്ക് ജനിച്ചവർ

F വിഭാഗം (65 വയസ്സിനു മുകളിൽ)

31.12.1960 നും അതിനു മുമ്പും ജനിച്ചവർ

വെരിത്താസ് ക്വിസ്

സ്ഥലം – സെന്റ് തോമസ് കോളേജ് പാലോക്കാരൻ സ്ക്വയർ ഹാൾ

സമയം : 2:00 മണി മുതൽ 3.30 വരെ.

രജിസ്ട്രേഷൻ ഫീസ് : 10 രൂപ

രജിസ്ട്രേഷൻ :ജൂൺ 01 മുതൽ ജൂലൈ 15 വരെ.

2025 ആഗസ്റ്റ് 03 : കാറ്റിക്കിസം വെരിത്താസ് ക്വിസ്

2025 ആഗസ്റ്റ് 10 : ടീച്ചേഴ്സ് വെരിത്താസ് ക്വിസ്

2025 ആഗസ്റ്റ് 17 : ഫാമിലി വെരിത്താസ് ക്വിസ്

2025 ആഗസ്റ്റ് 24 : യൂത്ത് വെരിത്താസ് ക്വിസ്

2025 ആഗസ്റ്റ് 31 : സമർപ്പിത വെരിത്താസ് ക്വിസ്

2025 സെപ്റ്റംബർ 14 : വചനമെഴുത്ത്

**ലോഗോസ് പഠന സഹായി**

ഈ വർഷത്തെ ലോഗോസ് ക്വിസിനും, വെരിത്താസ് ക്വിസിനും ഏറെ സഹായകരമായ ലോഗോസ് പഠനസഹായി ഏപ്രിൽ മാസം അഞ്ചാം തീയതി തൃശ്ശൂർ ബൈബിൾ പ്രേഷിതത്വത്തിൽ പ്രസിദ്ധീകരിക്കുകണ്ടായി. ഈ പുസ്തകത്തെ അടിസ്ഥാനമാക്കിയാണ് വെരിത്താസ് ക്വിസിലെ 80 ശതമാനം ചോദ്യങ്ങളും വരുന്നത്. കൂടാതെ ഈ വർഷം ഓൺലൈൻ നടത്തുന്ന Jubilee Biblos Quiz ന്റെ ചോദ്യങ്ങളും ഈ പുസ്തകത്തിൽ നിന്നാണ് ഉണ്ടായിരിക്കുക. ഏറെ ഉപകാരപ്രദമായ ഈ പുസ്തകത്തിന് 30 രൂപയാണ് ഈടാക്കുന്നത്. പുസ്തകം ബൈബിൾ പ്രേഷിതത്വം ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

**ജൂബിലി ബിബ്ലോസ് ക്വിസ് JBQ2K25**

ജൂബിലി വർഷത്തിനോട് ബന്ധപ്പെടുത്തി ലോഗോസ് ക്വിസ് പഠന ഭാഗങ്ങളിൽ നിന്നായി തൃശ്ശൂർ അതിരൂപതയിൽ ജൂബിലി ബിബ്ലോസ് ക്വിസ് ഓൺലൈൻ നടത്തപ്പെടുന്നു. ഇരുപതാഴ്ചകളിലായി നടത്തപ്പെടുന്ന ഈ ക്വിസ് മത്സരം അവസാനിക്കുന്നത് സെപ്റ്റംബർ മാസം പതിമൂന്നാം തീയതിയാണ്. ഇരുപത്തിയൊന്നാം തിയ്യതി മെഗാ ക്വിസ് മത്സരം സെന്റ് തോമസ് കോളേജ് മെഡലിക്കോട്ട് ഹാളിൽ വെച്ച് നടത്തപ്പെടും.

**അഡ്വാൻസ്ഡ് ബൈബിൾ ടീച്ചേഴ്സ് കോഴ്സ്**

വിവിധ ഇടവകകളിലായി ബൈബിൾ പഠിപ്പിക്കുന്നതിന് തയ്യാറായിട്ടുള്ളവർക്ക് വേണ്ടി അഡ്വാൻസ്ഡ് ബൈബിൾ ടീച്ചേഴ്സ് കോഴ്സ് ഏപ്രിൽ മാസം പതിനഞ്ചാം തീയതി മുതൽ ആരംഭിച്ചു. മൂന്നുമാസക്കാലം നീണ്ടുനിൽക്കുന്ന ഈ ക്ലാസുകൾ പൂർത്തിയാക്കുന്നവർക്ക് പരീക്ഷയും അനുബന്ധമായി സർട്ടിഫിക്കറ്റും നൽകുന്നതാണ്.

**സൊഫറീം സോഫിയ**

അടുത്ത സൊഫറീം സോഫിയ പ്രാർത്ഥന കൂട്ടായ്മ ജൂൺ മാസം എട്ടാം തീയതി തൃശൂർ പുത്തൻപള്ളിയിൽ വച്ച് കൂടുന്നതാണ്. ബൈബിൾ പകർത്തി എഴുതിക്കഴിഞ്ഞവരുടെ പേരുകൾ മെയ് മാസം പതിനഞ്ചാം തീയതിക്ക് മുൻപായി ബൈബിൾ പ്രേഷിതത്വം ഓഫീസിൽ നൽകേണ്ടതാണ്. ഈ വർഷം ബൈബിൾ പകർത്തിയെഴുതാൻ ആഗ്രഹിക്കുന്നവർ പഴയനിയമമാണ് പകർത്തിയെഴുതേണ്ടത്. ബൈബിൾ പകർത്തെഴുതാൻ ആയിട്ടുള്ള പേപ്പറുകൾ ബൈബിൾ പ്രേഷിതത്വം ഓഫീസിൽ ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്: 6282726254, 7558937090

**ഫാ. ദിജോ ഒലക്കേങ്കിൽ**
ഡയറക്ടർ

## ചിൽഡ്രൻസ് മിനിസ്ട്രി

**അതിരൂപത നേതൃത്വപരിശീലന ക്യാമ്പുകൾ**

1. സ്പർശ് 2025 (മെയ് 6, 7) - തിരുബാലസഖ്യം

2. ക്രിസ്റ്റ്യൻ ലൈഫ് ക്യാമ്പ് 2025 (മെയ് 13,14) - ജൂനിയർ സി എൽ സി

3. ബെർക്കുമെൻസ് ക്യാമ്പ് 2025 (ഏപ്രിൽ 29,30) - അൾത്താര സംഘം

ഫൊറോന പ്രമോട്ടേഴ്സിൻറെ അനുമതിയോടെ ഓരോ ഫൊറോനയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 5 പേർക്ക് മാത്രമേ പ്രസ്തുത ക്യാമ്പുകളിൽ പങ്കെടുക്കുവാനായി സാധിക്കുക. തൃശ്ശൂർ ഡി ബി സി എൽ സി യിൽ വെച്ച് രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ക്യാമ്പുകൾ അടുത്ത ദിവസം ഉച്ചകഴിഞ്ഞ് 4. 00 മണിക്ക് അവസാനി

ക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് 150/ രൂപയാണ്.

**ANIMATORS FORMATION CAMP**

തിരുബാലസഖ്യം, ജൂനിയർ സി എൽ സി, അൾത്താരസംഘം എന്നീ സംഘടനകളുടെ ആനിമേറ്റേഴ്സിനുവേണ്ടിയുള്ള പരിശീലന ക്യാമ്പ് തൃശ്ശൂർ, ഡി ബി സി എൽ സി യിൽവെച്ച് 2025 മെയ് 31 ന് സംഘടിപ്പിക്കുന്നു. രാവിലെ 9.00 ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 4.00 ന് അവസാനിക്കുന്ന വിധത്തിലാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. റജിസ്ട്രേഷൻ ഫീസ് 100/- രൂപയാണ്. പങ്കെടുക്കാനഗ്രഹിക്കുന്നവർ 2025 ന് മെയ് 25 ന് മുമ്പ് ഗൂഗിൾ ഫോം വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്.

**MCL**

ജൂനിയർ സി എൽ സി അംഗങ്ങൾക്കായ് മെയ് 22 ന് മരിയൻ കാരംസ് ലീഗും മെയ് 24 ന് മരിയൻ ചെസ് ലീഗും സംഘടിപ്പിക്കുന്നു. പങ്കെടുക്കാനഗ്രഹിക്കുന്ന ടീമുകളും വ്യക്തികളും 2025 മെയ് 07 ന് മുമ്പ് വികാരിയച്ചന്റെ അനുവാദത്തോടെ രജിസ്ട്രഷൻ നടത്തേണ്ടത്. ആദ്യം രജിസ്ട്രേഷൻ നടത്തുന്ന ടീമുകൾക്കായിരിക്കും മുൻഗണന ലഭിക്കുക.

**യൂണിറ്റ് റജിസ്ട്രഷൻ 2025**

തിരുബാലസഖ്യം, ജൂനിയർ സി എൽ സി, അൾത്താരസംഘം എന്നീ സംഘടനകളുടെ 2025 ലെ യൂണിറ്റ് റജിസ്ട്രഷൻ 2025 മാർച്ച് 01 മുതൽ ആരംഭിക്കുന്നു. ചിൽഡ്രൻസ് മിനിസ്ട്രയുടെ നേതൃത്വത്തിൽ നടത്തുന്ന എല്ലാ പരിപാടികളിലും പങ്കെടുക്കുന്നതിന് യൂണിറ്റ് റജിസ്ട്രേഷൻ നിർബന്ധമാണ്. ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് നേരിട്ട് 100 രൂപ അടച്ച് ഓരോ യൂണിറ്റുകളും അതാത് സംഘടനകളുടെ റജിസ്ട്രേഷൻ നടത്തേണ്ടതാണ്.

**എയ്ഞ്ചലോസ് 2025**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2025 മെയ് 18ന് അതിരൂപതലത്തിൽ, ഈ വർഷം ആഘോഷമായ കുർബാന സ്വീകരണം നടത്തിയവർക്ക് ഉച്ചതിരിഞ്ഞ് 1.30 മണി മുതൽ 5 മണി വരെ തൃശ്ശൂർ ലൂർദ് മെട്രോപൊളിറ്റൻ കത്തീഡ്രൽ വച്ച് സ്വീകരണം നൽകുന്നു. വി. കുർബാനയും അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം ഫോട്ടോകൾ എടുക്കുവുമാനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. എല്ലാ ഇടവകകളിൽ നിന്നും പങ്കാളിത്തവും സഹകരണവും പ്രതീക്ഷിക്കുന്നു. അന്ന് എടുക്കുന്ന ഫോട്ടോകൾ ഡൗൺലോഡ് ചെയ്യുന്നതിനുള്ള ലിങ്ക് 2025 മെയ് 31 നുശേഷം വാട്സപ്പ് വഴി

അയച്ചുതരുന്നതാണ്.

### HOPE 2025: ജൂബിലി വർഷ വിളംബര സൈക്കിൾ റാലി

2025 മെയ് 6 അൾത്താരസംഘത്തിന്റെ സഹമധ്യസ്ഥനായ വി. ഡൊമിനിക് സാവിയോയുടെ തിരുന്നാൾ ആഘോഷിക്കുകയാണ്. അന്നേ ദിനം എല്ലാ യൂണിറ്റുകളിലും അൾത്താരസംഘത്തിന്റെ പതാക ഉയർത്തേണ്ടതാണ്. 2025 സാർവ്വത്രിക സഭ ജൂബിലി വർഷമായി ആചരിക്കുകയാണല്ലോ. സഭാസമൂഹം പ്രത്യാശയുടെ തീർഥാടകരാകണമെന്ന പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഹ്വാനമുൾക്കൊണ്ടുകൊണ്ട് ജൂബിലി വർഷത്തെ പറ്റി ദൈവജനത്തെ ബോധവത്കരിക്കാനെന്ന ലക്ഷ്യത്തെ മുൻനിർത്തി യൂണിറ്റ് തലത്തിൽ ജൂബിലി വർഷ വിളംബര സൈക്കിൾ റാലി HOPE 2025 എന്ന പേരിൽ യൂണിറ്റുകളിൽ സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നു. ജൂബിലി വർഷത്തെ പറ്റി ദൈവജനത്തെ ബോധവത്കരിക്കാനുതകുന്ന തരത്തിൽ പോസ്റ്ററുകളും മറ്റും നിങ്ങൾക്ക് തയ്യാറാക്കാവുന്നതാണ്. ഇടവകയുടെ അതിർത്തിക്കുള്ളിൽ സൈക്കിളിൽ സഞ്ചരിച്ച്  ജൂബിലിയെ പറ്റി ദൈവജനത്തെ ഓർമ്മപ്പെടുത്താൻ ലക്ഷ്യമിടുന്നതാണ് ഈ സൈക്കിൾ വിളംബര റാലി. വികാരിയച്ചന്റെ അനുമതിയോടെ വി. ഡൊമിനിക് സാവിയോയുടെ തിരുന്നാളിനോടനുബന്ധിച്ച് HOPE 2025 എന്ന  ജൂബിലി വർഷ വിളംബര സൈക്കിൾ റാലി  നടത്തുന്നത് ഉചിതമാണ്.

### പ്രവർത്തന കാലഘട്ട ഉദ്ഘാടനം

ചിൽഡ്രൻസ് മിനിസ്ടിയുടെ 2025 – 2026 പ്രവർത്തന കാലഘട്ടത്തിന്റെ ഉദ്ഘാടനവും അതിരൂപത ഭാരവാഹികളെ ആദരിക്കലും ഡി ബി സി എൽ സി യിൽ വെച്ച് 2025 ജൂൺ 14 ന് ശനിയാഴ്ച ഉച്ചതിരിഞ്ഞ് 1.30 മുതൽ 4 മണി വരെ നടത്തപ്പെടുന്നു. ചിൽഡ്രൻസ് മിനിസ്ട്രി വാർഷിക പ്രോഗ്രാം അന്നുതന്നെ പ്രകാശനം ചെയ്യുന്നതാണ്.

### ഫൊറോന ഭാരവാഹികൾക്ക് സ്വാഗതം

ചിൽഡ്രൻസ് മിനിസ്ട്രിയെ 2024 – 2025 വർഷക്കാലഘട്ടത്തിൽ സ്തുത്യർഹമായ രീതിയിൽ നയിച്ച എല്ലാ ഫൊറോന പ്രൊമോട്ടേഴ്സിനും സ്നേഹോഷ്മളമായ നന്ദിയും കടപ്പാടും അറിയിക്കുന്നു. ചിൽഡ്രൻസ് മിനിസ്ടിയുടെ 2025 – 2026 പ്രവർത്തന കാലഘട്ടത്തിലെ ഫൊറോന പ്രൊമോട്ടേഴ്സായി തിരഞ്ഞെടുക്കപ്പെട്ട ബഹു. അച്ചന്മാർക്ക് അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഹൃദയപൂർവകമായ സ്വാഗതം.

| | | |
|---|---|---|
| ബസിലിക്ക | – | ഫാ. നിർമ്മൽ അക്കരപ്പട്ടിയക്കൽ |
| ചേലക്കര | – | ഫാ. മെജോ മുത്തിപീടിക |

| | |
|---|---|
| എരുമപ്പെട്ടി | – ഫാ. ജോഫി ചിറ്റിലപ്പിള്ളി |
| കണ്ടശ്ശാംകടവ് | – ഫാ. അജിത്ത് ചിറ്റിലപ്പിള്ളി |
| കൊട്ടേക്കാട് | – ഫാ. സാൽവിൻ കണ്ണനായ്ക്കൽ |
| ലൂർദ്ദ് | – ഫാ. നിതിൻ പൊന്നാരി |
| മറ്റം | – ഫാ. ആൽവിൻ പട്ടിയക്കൽ |
| ഒല്ലൂർ | – ഫാ. ക്രിസ്റ്റോ തേയ്ക്കാനത്ത് |
| പാലയൂർ | – ഫാ. ലിവിൻ കുരുതുകുളങ്ങര |
| പട്ടിക്കാട് | – ഫാ. പ്രിന്റോ കുളങ്ങര |
| പറപ്പൂർ | – ഫാ. ക്രിസ്റ്റോ മഞ്ഞളി |
| പഴുവിൽ | – ഫാ. ഡേവീസ് പുലിക്കോട്ടിൽ Jr. |
| പുതുക്കാട് | – ഫാ. ലിൻസൻ അക്കരപ്പറമ്പിൽ |
| പുത്തൂർ | – ഫാ. നവീൻ മുരിങ്ങാത്തേരി |
| വേലൂർ | – ഫാ. ജിജി മാളിയേക്കൽ |
| വടക്കാഞ്ചേരി | – ഫാ. ആൻസൻ ജോൺ |

<u>പരിചയപ്പെടുന്ന വിശുദ്ധൻ:</u> മാതാവിനോടുള്ള പ്രത്യേകമായ ഭക്തിയും പ്രാർത്ഥനയും വഴി മൊളോക്കോയിലെ കുഷ്ഠരോഗികളെ സേവിക്കുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശവും കൃപയും ശക്തിയും നേടിയ വിശുദ്ധ ഡാമിയനെയാണ് ഈ മാസം നാം പരിചയപ്പെടാൻ പോകുന്നത്. ലോകം വെറുത്തിരുന്ന ഒരു രോഗത്തെയും ഒരുപറ്റം മനുഷ്യരെയും ധീരതയോടെ, സ്നേഹത്തോടെ, കാരുണ്യത്തോടെ സമീപിക്കുകയായിരുന്നു അദ്ദേഹം. കുഷ്ഠരോഗം കാർന്നു തിന്നുകൊണ്ടിരുന്ന പാവം മനുഷ്യരുടെ നേഴ്സും സർജനും ഉപദേശകനും ആശ്വാസദായകനും ഒക്കെയായി മാറി അദ്ദേഹം. കുഷ്ഠരോഗികൾക്ക് വേണ്ടി അനേകം കൊച്ചു വീടുകൾ നിർമ്മിച്ചു. ഒരു പള്ളി പണിതു, ഒരു പുതിയ സ്കൂളും അനാഥാലയവും പടുത്തുയർത്തി. ശവപ്പെട്ടി നിർമ്മാതാവും കുഴിവെട്ടുകാരനും എല്ലാം ഫാദർ ഡാമിയൻ തന്നെയായിരുന്നു. സ്വന്തം ജീവിതം വഴി ദൈവത്തിൽ പ്രത്യേകിച്ച് മാതാവിൽ പ്രത്യാശയും വിശ്വാസവും കണ്ടെത്താൻ കുഷ്ഠരോഗികളെ സഹായിച്ചു. ശാരീരിക പരിചരണം മാത്രമല്ല ആത്മീയ മാർഗ്ഗനിർദ്ദേശവും അദ്ദേഹം തന്റെ കുഷ്ഠരോഗികൾക്ക് നൽകി. കുഷ്ഠരോഗികളുടെ ഇടയിൽ താമസിച്ചിരുന്ന ഫാദർ ഡാമിയൻ ഒടുവിൽ കുഷ്ഠരോഗം പിടിപെട്ട നിലയിലും മാതാവിനുള്ള ഭക്തിയിൽ ആശ്വാസവും ശക്തിയും കണ്ടെത്തി. 'ഇനി തങ്ങൾക്കിടയിൽ വ്യത്യാസം ഇല്ലല്ലോ ദൈവമേ! അവസാനം 1889 ഏപ്രിൽ 15 ന് അന്ത്യശ്വാസം വലിച്ചു. ഈ വിശുദ്ധന്റെ തിരുനാൾ മെയ് 10നാണ് തിരുസഭ ആഘോഷിക്കുന്നത്.

ഈ വിശുദ്ധന്റെ പാത പിന്തുടർന്നുകൊണ്ട് രോഗികൾക്കായി നമുക്ക് സാധിക്കുന്നതുപോലെ സേവനം ചെയ്തുകൊണ്ട് പരിശുദ്ധ അമ്മയോടുള്ള സ്നേഹവും ഭക്തിയും വർദ്ധിപ്പിക്കാം.

തിരുവചനം : ''എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്ത് വരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന്'' (ലൂക്കാ:1: 43).

സുകൃതജപം : കന്യാമറിയമേ, ദൈവമാതാവേ എനിക്കുവേണ്ടി ഈശോയോട് പ്രാർത്ഥിക്കണമേ.

പ്രാത്ഥനനിയോഗം: ആഘോഷമായ ദിവ്യകാരുണ്യം സ്വീകരിക്കുന്ന എല്ലാ കുട്ടികൾക്കായും പരിശുദ്ധ അമ്മയുടെ മധ്യസ്ഥം വഴി പ്രാർത്ഥിക്കാം

പ്രവർത്തനം: പരിശുദ്ധ അമ്മയ്ക്ക് പ്രത്യേകമായി സമർപ്പിക്കപ്പെട്ട ഈ മെയ് മാസം എല്ലാ ദിവസവും ജപമാല ചൊല്ലി അമ്മയെ സ്നേഹിക്കാം, ലോകം മുഴുവനും വേണ്ടി പ്രാർത്ഥിക്കാം

**ഫാ. പോൾ മുട്ടത്ത്** — **സി. ജീജ SSPC**

ഡയറക്ടർ — കോർഡിനേറ്റർ

# മദ്യവിരുദ്ധസമിതി

**1. കുടുംബങ്ങൾ ലഹരിവിമുക്തമാക്കുക**

''കുടുംബങ്ങളിൽ സമാധാനം സ്ഥാപിക്കുന്നതിന് ലഹരിവസ്തുക്കളിൽനിന്നും ഒഴിഞ്ഞുനിൽക്കുക'' എന്ന് പട്ടിക്കാട് സെന്റ് ഫ്രാൻസീസ് സേവ്യേഴ്സ് ഫൊറോന വികാരി വെരി റവ. ഫാ. ഡെന്നി താണിക്കൽ പ്രസ്താവിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപതയും മുളയം പിതൃവേദിയും സംയുക്തമായി സംഘടിപ്പിച്ച യോഗം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അച്ചൻ.

**2. മദ്യ-ലഹരി വിരുദ്ധ ഞായർ ആചരണം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത മദ്യ-ലഹരി വിരുദ്ധ ഞായർ ആചരിച്ചു. മുണ്ടത്തിക്കോട് ക്രിസ്തുരാജ ദൈവാലയത്തിൽ അതിരൂപത ഡയരക്ടർ റവ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷനായി. വികാരി ഫാ. ഫ്രാങ്കോ പുത്തിരി 135 ഭവനങ്ങളെ മദ്യ-ലഹരി വിരുദ്ധ കുടുംബ

ങ്ങളായി പ്രഖ്യാപിച്ച് സർട്ടിഫിക്കറ്റ് നൽകി.

തൃശൂർ അതിരൂപതയിലെ ദൈവാലയങ്ങളിൽ മദ്യവിരുദ്ധ ഞായർ ആചരണത്തിന് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന ചെയർമാൻ ബിഷപ്പ് യൂഹന്നാൻ മാർ തെയോഡോഷ്യസ് തയ്യാറാക്കിയ സർക്കുലർ വായിച്ചു. മദ്യവിരുദ്ധ സമിതികൾ നിലവിലുള്ള ഇടവകകളിലെല്ലാം വിപുലമായി ലഹരി വിരുദ്ധ ഞായർ കൊണ്ടാടി.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**
പി.ആർ.ഒ.

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

KCBC കരിസ്മാറ്റിക് കമ്മീഷൻ നേതൃത്വം നൽകുന്ന നോർത്ത് സെൻട്രൽ (തൃശ്ശൂർ, ഇരിഞ്ഞാലക്കുട, പാലക്കാട്) സബ് റീജിയൻ നേതൃത്വ സംഗമം മാർച്ച് 25ന് തൃശ്ശൂർ ആബാ റിന്യൂവൽ സെന്ററിൽ വെച്ച് നടന്നു. KCBC കരിസ്മാറ്റിക് കമ്മീഷൻ വൈസ് ചെയർമാൻ അഭിവന്ദ്യ മാർ. അലക്സ് താരാമംഗലം പിതാവ് ഉദ്ഘാടനം ചെയ്തു മുഖ്യപ്രഭാഷണം നടത്തി. KCBC കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറിയും K.C.S.C കോ-ഓർഡിനേറ്ററുമായ റവ.ഫാ. ജോസഫ് താമര വെള്ളി, സെക്രട്ടറി സിസ്റ്റർ സിസിലി, സിസ്റ്റർ കൃപ, ബ്രദർ സാബു എം വർഗീസ്, ബ്രദർ സണ്ണി ഇടുക്കി എന്നിവർ ശുശ്രൂഷ കൾക്ക് നേതൃത്വം നൽകി.

**കുടുംബോത്സവം**

പഴുവിൽ സബ് സോൺ കുടുംബോത്സവം മാർച്ച് 15 ശനിയാഴ്ച താന്ന്യം സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽ വച്ച് നടന്നു. രാവിലെ 9.30ന് ജപമാലയോട് കൂടി ശുശ്രൂഷ ആരംഭിച്ചു. പഴുവിൽ സബ് സോൺ ആനിമേറ്റർ റവ. ഫാ. ജിബി വാഴപ്പള്ളി ബൈബിൾ പ്രതിഷ്ഠ നടത്തി. പഴുവിൽ ഫൊറോന വികാരി റവ. ഡോ. വിൻസന്റ് ചെറുവത്തൂർ കുടുംബോത്സവ തിരി തെളിയിച്ച് ഉദ്ഘാടനം നടത്തി മുഖ്യ സന്ദേശം നൽകി.

**തിരുസന്നിധി**

കരിസ്മാറ്റിക് ജൂബിലിയോട് അനുബന്ധിച്ച് നടത്തപ്പെടുന്ന ജൂബിലോവൂസ് മാർച്ച് 18 ന് കണ്ടശാംകടവ് സബ് സോണിൽ

മണലൂർ ഈസ്റ്റ് സെന്റ് ഇഗ്നേഷ്യസ് ദേവാലയത്തിൽ വച്ച് നടന്നു. രാവിലെ 9.30ന് ജപമാലയോട് കൂടി ശുശ്രൂഷകൾ ആരംഭിച്ചു. ഇടവക വികാരി റവ. ഫാ. ജോൺ അയ്യങ്കാനയിൽ ജൂബിലിത്തിരി തെളിയിച്ച് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

**ലഹരിക്കെതിരെ പ്രാർത്ഥന യജ്ഞം**

K.C.S.C ആഹ്വാനം ചെയ്ത ലഹരിക്കെതിരെയുള്ള പ്രാർത്ഥന യജ്ഞം മാർച്ച് പതിനാലാം തീയതി വെള്ളിയാഴ്ച രാവിലെ 9. 30 മുതൽ വൈകിട്ട് 3 pm വരെ ഉപവാസ പ്രാർത്ഥനയായി ആബാ ധ്യാനകേന്ദ്രത്തിൽ നടന്നു അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് അനേകം പേർ ശുശ്രൂഷയിൽ പങ്കെടുത്തു.

**L. S. S. ഫോർമേഷൻ പ്രോഗ്രാം**

എല്ലാവർക്കും എല്ലായിടത്തും എൽ.എസ്.എസ് എന്ന മാർപാപ്പയുടെ പ്രത്യേക ആശയവുമായി ഫോർമേഷൻ പ്രോഗ്രാം ആബാ ധ്യാന കേന്ദ്രത്തിൽ നടന്നു. 7 ബുധനാഴ്ചകളിലായി നടന്ന ഈ ശുശ്രൂഷയ്ക്ക് 80 ഓളം പേർ പങ്കെടുത്തു. കെ. സി. എസ്. സി സെൻട്രൽ പാരിഷ് മിനിസ്ട്രി നേതൃത്വം നൽകിയ ഈ ശുശ്രൂഷ ഏപ്രിൽ 2 ബുധനാഴ്ച കൈവെപ്പ് ശുശ്രൂഷയോടുകൂടി സമാപിച്ചു. കെ.സി.എസ്.സി കോ-ഓർഡിനേറ്റർ റവ. ഫാ. ജോസഫ് താമരവെളി, പാരിഷ് മിനിസ്ട്രി കോ-ഓർഡിനേറ്റർ ജോസ് തട്ടിൽ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. തുടർ പരിശീലനം മൂന്നാഴ്ചകളിലായി നടന്നുവരുന്നു.

**പാരിഷ് മിനിസ്ട്രി കോഴ്സ്**

അതിരൂപതയിലെ വചനപ്രഘോഷർക്കും സ്പിരിച്ച്വൽ ഷെയറിങ് നടത്തുന്നവർക്കും ഉള്ള കോഴ്സ് മെയ് 12, 13, 14 തീയതികളിൽ ആയി ആബാ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു. കോഴ്സ് വിജയകരമായി പൂർത്തീകരിക്കപ്പെടുന്നവർക്ക് ഇന്റർവ്യൂ നടത്തി കാർഡ് നൽകപ്പെടുന്നു .

**മധ്യസ്ഥ പ്രാർത്ഥന**

മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും മധ്യസ്ഥ പ്രാർത്ഥന നടന്നുവരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ഇടവകകളിൽ നിന്ന് അനേകം പേർ ഈ ശുശ്രൂഷയിൽപങ്കെടുക്കുന്നു. എല്ലാ ദിവസവും രണ്ട് വൈദികർക്ക് മധ്യസ്ഥ പ്രാർത്ഥന നടന്നുവരുന്നു

**ഫാ. റോയ് വേളക്കൊമ്പിൽ**
ഡയറക്ടർ

**ശ്രീ. സിന്റോ പൊന്തേക്കൻ**
അസി. ഡയറക്ടർ



The Ascension of the Lord

May 29

# 50 Years of Priesthood
1975-2025


ഫാ. കിടങ്ങൻ ജോൺ


ഫാ. മൂലൻ ജോൺ

# 25 Years of Priesthood
2000-2025


ഫാ. ആളൂർ ജോഷി


ഫാ. ചാഴൂർ ഡൊമിനിക്


ഫാ. ചിരിയങ്കണ്ടത്ത് ആന്റോ


ഫാ. ചിറ്റിലപ്പിള്ളി ലിജോ


ഫാ. ചിറ്റിലപ്പിള്ളി ഷിജു


ഫാ. കിടങ്ങൻ ബെന്നി


ഫാ. കൊളമ്പ്രത്ത് മാർട്ടിൻ


ഫാ. കൂത്തൂർ ജോയ്


ഫാ. മുരിങ്ങത്തേരി ജിജോ


ഫാ. നടക്കേവേലിയിൽ ചാക്കോ


ഫാ. നിരപ്പുകാലായിൽ ജോർജ്ജ്


ഫാ. തട്ടിൽ സോളി


ഫാ. വൈക്കാടൻ ജോസഫ്

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.04.2025
**May - 2025**







**28-ാം പാലയൂർ മഹാതീർത്ഥാടനം**
**06 ഏപ്രിൽ 2025**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor